നസ്രാണി പഠന പരമ്പര ക്ലാസ് 11

"കർത്താവേ ഞാൻ നിന്നേ വിളിച്ചപേക്ഷിക്കുന്നു" .........

ഡോ. ജയിംസ്

ചവറപ്പുഴ

നസ്രാണി റിസേർച്ച്

സെന്റർ ,

നല്ലതണ്ണി

റംശായുടെ ഏറ്റവും പ്രധാന ഭാഗമാണ് സായാഹ്ന സങ്കീർത്തനങ്ങൾ . " റംശായുടെ ഹൃദയം" എന്നാണ് ഇതറിയപ്പെടുന്നത് . 140, 141 ,118 ,116 എന്നീ സങ്കീർത്തനഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് സായാഹ്ന സങ്കീർത്തനങ്ങൾ .

"മറിയാ ക്രേസാക്ക്" എന്ന് സുറിയാനിയിൽ ഇതറിയപ്പെടുന്നു. 140–ാം സങ്കീർത്തനത്തിന്റെ ആദ്യവാക്കുകൾ തന്നെയാണിത് . അതായത് "കർത്താവേ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു" എന്ന 140 –ാം സങ്കീർത്തനത്തിന്റെ ആദ്യ വാക്കുകൾ തന്നെ സായാഹ്ന സങ്കീർത്തനത്തിന്റെ പേരായിത്തീർന്നു.

www.malankaralibrary.com

കർത്താവിൽ പൂർണമായി ശരണം വച്ചു കൊണ്ട് അവിടുത്തെ വിളിച്ചപേക്ഷിക്കുന്ന ഭക്തന്റെ സ്വരമാണ് സായാഹ്ന സങ്കീർത്തനത്തിൽ നാം കേൾക്കുക. ബാബിലോൺ പ്രവാസകാലത്തെ ഇസ്രായേൽ ജനത്തിന്റെ നിലവിളിയാണ് 140 –141 സങ്കീർത്തനങ്ങളായി രൂപപ്പെട്ടത്.

" കാനോന"യോടു കൂടിയാണ് സായാഹ്ന സങ്കീർത്തനങ്ങൾ ആലപിക്കുന്നത്. തുടക്കവും ഒടുക്കവും ആവർത്തിക്കുന്ന കാനോനയിൽ ഈ സങ്കീർത്തനത്തിന്റെ ലക്ഷ്യം വ്യക്തമാണ്– "കർത്താവേ, എന്റെ വാക്കുകേട്ട് എന്റെ പ്രാർത്ഥന സ്വീകരിക്കണമേ". സായാഹ്ന സങ്കീർത്തനത്തിന്റെ രത്നചുരുക്കം ഇതിൽ തെളിഞ്ഞു കാണുന്നു.

കഷ്ടതകളിൽ കർത്താവിനു മാത്രമേ രക്ഷിക്കാനാവൂ എന്നും അവൻ ഒരിക്കലും നമ്മെ കൈവെടിയുകയില്ല എന്നുമുള്ള ഉറച്ച  വിശ്വാസം ഈ സങ്കീർത്തനങ്ങളിൽ ദൃശ്യമാണ്.   സായാഹ്ന പ്രാർത്ഥന, അതായത് റംശാ  ഒരു സായാഹ്ന ബലിയായി സ്വീകരിക്കണമേയെന്ന് ഇതിൽ ഓർമിപ്പിക്കുന്നു (140\ 2–3).റംശായുടെ ശ്രേഷ്ഠതയെ വെളിവാക്കുന്നതാണ് ഈ വിശേഷണം. പരിശുദ്ധ

www.malankaralibrary.com

കുർബാനയുമായുള്ള റംശായുടെ ബന്ധമാണ് ഇവിടെ വ്യക്തമാകുന്നത്.

എന്റെ ഏറ്റവും വലിയ സങ്കടങ്ങളും പീഢകളും ഞാൻ അവിടുത്തെ അറിയിക്കും . കാരണം എന്റെ വഴികൾ എല്ലാം അറിയുന്ന അവിടുന്ന് മാത്രമാണ് എൻറെ അഭയം (141 : 1–5 ). കർത്താവിന്റെ കൽപ്പന പാലിക്കുകയും നീതിയിൽ നടക്കുകയും ചെയ്യുന്നവന് സങ്കേതമായും അഭയസ്ഥാനമായും അവിടുന്ന് നിലകൊള്ളുന്നു (118 :105– 110).

സങ്കീർത്തനങ്ങളിൽ ഏറ്റവും ചെറുതാണ് 116–ാം സങ്കീർത്തനം. ദൈവസ്തുതിയുടെ പ്രാപഞ്ചികമാനം പ്രകടമാക്കുന്ന ഈ സങ്കീർത്തനത്തോടെയാണ് സായാഹ്നസങ്കീർത്തനം അവസാനിക്കുന്നത്. രക്ഷയുടെ ഈ സാർവത്രിക മാനം ഓർമ്മിപ്പിച്ചുകൊണ്ട് ജനങ്ങളും ഭൂവാസികൾ മുഴുവനും കർത്താവിനെ സ്തുതിക്കുന്നു. കാരണം അവിടുത്തെ സ്നേഹം അനന്തമാണ്. അവൻ തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നവനുമാണ്.

റംശായിൽ മൂന്ന് ഗീതങ്ങൾ ആണ് ഉള്ളത്. ഇവയിലൊന്ന് സായാഹ്ന സങ്കീർത്തനത്തിനു മുമ്പും മറ്റൊന്ന് സായാഹ്ന സങ്കീർത്തനത്തിന് ശേഷവും ആലപിക്കുന്നു.

www.malankaralibrary.com

സായാഹനസങ്കീർത്തനത്തിനു മുമ്പുള്ള ഗീതം "ഓനീസാ ദക്ക്ദം" എന്നറിയപ്പെടുന്നു. "ഓനീസാ" എന്ന സുറിയാനി പദത്തിനർത്ഥം "ഗീതം" എന്നാണ് . "ക്ക്ദം" എന്നാൽ "മുമ്പുള്ളത് "(before, precede ) എന്ന് മനസ്സിലാക്കാം. " സായാഹനസങ്കീർത്തനത്തിന് മുമ്പുള്ള ഗീതം" എന്നാണ് "ഓനീസാ ദക്ക്ദം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

സായാഹന സങ്കീർത്തനത്തിന് ശേഷമുള്ള ഗീതം "ഓനീസാ ദ് വാസർ" എന്നറിയപ്പെടുന്നു. "വാസർ" എന്നാൽ "ശേഷമുള്ളത്" "തുടർച്ചയായുള്ളത്" (after, following) എന്ന് മനസ്സിലാക്കാം. അതായത് "സായാഹന സങ്കീർത്തനത്തിന് ശേഷമുള്ള ഗീതം" എന്നാണ് "ഓനീസാ ദ് വാസർ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഈ രണ്ടു ഗീതങ്ങളുടെ നാമകരണം തന്നെ സായാഹന സങ്കീർത്തനങ്ങളുടെ മാഹാത്മ്യവും പ്രാധാന്യവും പ്രകടമാക്കുന്നു. സായാഹ്ന സങ്കീർത്തനങ്ങൾക്ക് ഒരുക്കമായി ഒരു ഗീതവും ശേഷം മറ്റൊരു ഗീതവും ആലപിക്കുന്നത് റംശായിലെ ഇതിന്റെ സ്ഥാനം വ്യക്തമാക്കാൻ വേണ്ടി തന്നെയാണ്. റംശാശുശ്രൂഷ ചെയ്യുമ്പോൾ ഈ ഓർമ്മ നമ്മുടെ മനസ്സിലുണ്ടാവട്ടെ.

www.malankaralibrary.com

www.malankaralibrary.com

ക്ളാസ് -12.

റവ ഡോക്ടർ ജയിംസ് ചവറപ്പുഴ

ഡയറക്ടർ നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

## " സായാഹനബലി" യുടെ സൗന്ദര്യം

www.malankaralibrary.com

മാർച്ച്, ഏപ്രിൽ ,മെയ് മാസങ്ങളിൽ കിണറുകളിലെ വെള്ളം വറ്റിത്തുടങ്ങുമ്പോൾ നമ്മുടെ നാട്ടിലെ ഒട്ടുമിക്ക പള്ളികളിലും മുഴങ്ങുന്ന പതിവ് - പ്രാർത്ഥനകളിൽ ഒന്നാണ് "മഴയ്ക്ക് വേണ്ടി"യുള്ളത്. എന്റെ കിണറ്റിലെ വെള്ളം വറ്റുമ്പോൾ അല്ലെങ്കിൽ എന്റെ പ്രിയപ്പെട്ടവർക്ക് പ്രളയക്കെടുതി ഉണ്ടാകുമ്പോൾ ഒക്കെ നല്ല കാലാവസ്ഥയ്ക്ക് വേണ്ടി നാം പ്രാർത്ഥിക്കാറുണ്ട്. അത് ഒരുതരത്തിൽ നല്ലതുതന്നെയാണ്. പക്ഷേ ഇവിടെയാണ് സീറോ മലബാർ സഭയുടെ സന്ധ്യാ നമസ്കാരത്തിലെ (റംശാ) പ്രാർത്ഥനകൾ ശ്രദ്ധേയമാകുന്നത്. അതിലൊന്ന് ഇപ്രകാരമാണ് "നല്ല കാലാവസ്ഥയും ഫലപുഷ്ടമായ വത്സരവും സമൃദ്ധമായ വിളവുകളും നൽകി ലോകത്തെ ഐശ്വര്യപൂർണ്ണ മാക്കണമെന്നാണ് " ഈ പ്രാർത്ഥന. 365 ദിവസവും നല്ല കാലാവസ്ഥ നൽകണമെന്നും ഫലപുഷ്ടമായ വത്സരം നൽകണമെന്നും സമൃദ്ധമായ വിളവ് നൽകണമെന്നും പ്രാർത്ഥിക്കുന്നു. ആർക്കാണ് ഇത് നൽകേണ്ടത്? എനിക്ക് മാത്രമല്ല, എൻറെ പ്രിയപ്പെട്ടവർക്ക് മാത്രമല്ല, "ലോകം മുഴുവനും" നൽകണമെന്നും "ലോകത്തെ ഐശ്വര്യ പൂർണമാക്കണമെന്നു"മാണ് ഈ പ്രാർത്ഥന.

www.malankaralibrary.com

എനിക്കിവിടെ ആവശ്യത്തിന് വെള്ളമുള്ളപ്പോഴും വെള്ളമില്ലാത്ത നാടുകളുണ്ടെന്നും, എനിക്കിവിടെ പ്രളയമില്ലാത്തപ്പോഴും പ്രളയം മൂലം കഷ്ടതയനുഭവിക്കുന്ന ചില നാടുകളുണ്ടെന്നും എനിക്കിവിടെ സമൃദ്ധമായ വിളവുകൾ ലഭിക്കുമ്പോൾ വിളവുകളുടെ ദൗർലഭ്യംനേരിടുന്ന നാടും ജനങ്ങളുമുണ്ടെന്നും തിരിച്ചറിഞ്ഞ് പ്രാർത്ഥിക്കുന്നതാണ് സഭയുടെ പ്രാർത്ഥന. ഇതാണ് യാമപ്രാർത്ഥനകളുടെ ആഴവും സൗന്ദര്യവും.

റംശായിൽ തന്നെ നാം കാണുന്ന മറ്റു ചില പ്രാർത്ഥനകൾ സഭയ്ക്കും ലോകരാഷ്ട്രങ്ങൾക്കും രാജ്യത്തിനും വേണ്ടിയുള്ളതാണ്. ഒരുപക്ഷേ സ്വകാര്യമായി നാം പ്രാർത്ഥിക്കുന്ന, അല്ലെങ്കിൽ പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്ന, പ്രാർത്ഥിക്കാൻ കടപ്പെട്ടിരിക്കുന്ന പ്രാർത്ഥനാ നിയോഗങ്ങളാണിവ. ഇവയൊക്കെയും സഭ ഔദ്യോഗികമായി യാമപ്രാർത്ഥനകളിലൂടെ അർപ്പിക്കുന്നു.

ഉദാ: " ക്രിസ്തീയ സഭകളുടെ ഐക്യത്തിനും അഭിവൃദ്ധിയ്ക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു"......

"ലോകരാഷ്ട്രങ്ങളുടെ സമാധാനത്തിനും സുസ്ഥിതിക്കും

www.malankaralibrary.com

സഹവർത്തിത്വത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു". .....

"ഞങ്ങളുടെ രാജ്യത്തിന്റെ രക്ഷക്കും ഉന്നമനത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു". ....

എത്ര സുന്ദരമാണ് ഈ പ്രാർത്ഥനകൾ .......

എല്ലാ ദിവസവും സന്ധ്യയ്ക്ക് സഭയുടെ പ്രാർത്ഥനകൾ വീടുകളിലും സന്യാസിനീസന്യാസ ഭവനങ്ങളിലും, പള്ളികളിലും ഒക്കെ ഉയരുകയാണ്.

എന്തിന് വേണ്ടിയാണ് ഈ പ്രാർത്ഥനകൾ?

വിവിധ സഭകളുടെ ഐക്യത്തിനും അഭിവൃദ്ധിക്കും വേണ്ടി...... ,

ലോകരാഷ്ട്രങ്ങളുടെ സമാധാനത്തിനും സുസ്ഥിതിക്കും വേണ്ടി.......,

പരസ്പരമുള്ള സഹവർത്തിത്വത്തിനു വേണ്ടി .....,

നമ്മുടെ സ്വന്തം രാജ്യത്തിന്റെ രക്ഷയ്ക്കും ഉന്നമനത്തിനുംവേണ്ടി ........

ഇതാണ് യാമപ്രാർത്ഥനകളുടെ ശ്രേഷ്ഠതയും, മനോഹാരിതയും, അഴകും ഒക്കെ.

കൊറോണാ ബാധിത നാളുകളിൽ പള്ളികളിൽ വിശ്വാസികളുടെ ശാരീരിക സാന്നിധ്യമില്ലാതെ പരിശുദ്ധ കുർബാന അർപ്പണങ്ങൾ നടക്കുമ്പോൾ പരിശുദ്ധ കുർബാനയുടെ ചൈതന്യം യാമപ്രാർത്ഥനകളിലൂടെ

www.malankaralibrary.com

***നമുക്ക് ഉൾക്കൊള്ളാം. യാമപ്രാർത്ഥനകളിലേയ്ക്ക് നമുക്കും നമ്മുടെ കുടുംബങ്ങൾക്കും തിരിയാം. ബലിയർപ്പണ ത്തിന് ശാരീരികമായി പങ്കു ചേരാൻ സാധിക്കാത്തഈ അവസരത്തിൽ "സായാഹ്നബലി " എന്ന് സഭ വിളിക്കുന്ന റംശായിലൂടെ പരിശുദ്ധ കുർബാനയുടെ ചൈതന്യത്തിൽ നമുക്ക് ജീവിക്കാം.***

*ക്ളാസ് 12 – ii*

റവ ഡോക്ടർ ജയിംസ് ചവറപ്പുഴ

*ഡയറക്ടർ നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി*

***ഏഴ് വിശ്വാസ പരിശീലന കളരികൾ***

***പരിശുദ്ധ കുർബാന കൂടാതെ ഏഴുനേര പ്രാർത്ഥനക-ളാണ് മാർത്തോമാ നസ്രാണി സഭാപാരമ്പര്യത്തിൽ ഉള്ളത്. ഇവ യാമപ്രാർത്ഥനകൾ എന്നറിയപ്പെടുന്നു . എന്തിനുവേണ്ടിയാണ് ഏഴുനേര പ്രാർത്ഥനകൾ സഭ ചിട്ടപ്പെടുത്തിയിരിക്കുന്നത്? അല്ലെങ്കിൽ എന്താണ് അവയുടെ ഉദ്ദേശലക്ഷ്യങ്ങൾ?***

www.malankaralibrary.com

(1) ദിവസത്തിൻറെ ഓരോ യാമത്തിലും ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവനാമത്തെ മഹത്വപ്പെടുത്തുക

(2) ദിനരാത്രങ്ങൾ പ്രാർത്ഥനകളാൽ പ്രവിത്രീക-രിക്കുക.

(3) പരിശുദ്ധ കുർബാനയുടെ ചൈതന്യം ദിവസം മുഴുവൻ അനുഭവവേദ്യമാക്കുക.

(4)അടുത്ത പരിശുദ്ധ കുർബാന അർപ്പണത്തിനായി ധ്യാനിച്ച് ഒരുങ്ങുക.

പരിശുദ്ധ കുർബാനയിൽ നിന്നൊഴുകുന്ന ദൈവകൃപയാൽ ദിവസത്തിന്റെ ഓരോ നിമിഷത്തേയും പ്രകാശിപ്പിക്കുക എന്നത് യാമ പ്രാർത്ഥനയുടെ പ്രധാന ദൗത്യമാണ്. പരിശുദ്ധ കുർബാനയിൽ രക്ഷാകര രഹസ്യങ്ങൾ ഹ്രസ്വമായി ആഘോഷിക്കുന്നു ; കൗദാശികമായി ആചരിക്കുന്നു. എന്നാൽ യാമപ്രാർത്ഥനയിൽ രക്ഷാകര രഹസ്യങ്ങൾ വിശദമായി അനുസ്മരിക്കുന്നു; ആഘോഷിക്കുന്നു. വിശദമായ ഈ ആഘോഷം ഓരോ യാമത്തിലൂടെയും ഓരോ കാലത്തിലൂടെയുമാണ് നടക്കുക. അതായത് ദിവസത്തിൻറെ ഒന്നാം യാമം മുതൽ അവസാന യാമം വരെയും മംഗലവാർത്തക്കാലം മുതൽ പള്ളിക്കൂദാശക്കാലം വരെയും .

www.malankaralibrary.com

വിവിധ യാമങ്ങളിൽ പ്രാർത്ഥിക്കുന്ന പതിവ് ആദ്യനൂറ്റാണ്ടുമുതൽ സഭയിൽ നിലവിൽ വന്നതാണ്. യഹൂദ പാരമ്പര്യത്തിൽ നിന്നാണ് ഇത് എത്തിയത് .ദിവസം ഏഴ് നേരം പ്രാർത്ഥിക്കുന്ന പതിവ് യഹൂദ പാരമ്പര്യത്തിൽ കാണാം (സങ്കീ: 118| 164) . മടുപ്പ് തോന്നാതെ "നിരന്തരം" പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത കർത്താവ് ഓർമിപ്പിക്കുന്നുണ്ട്( ലൂക്കാ: 18 |1 ) .ഈ ചൈതന്യമാണ് ആദിമസഭയിൽ കാണുന്നത്. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സങ്കീർത്തനങ്ങളും, സ്തുതികളും, ആത്മീയ ഗീതങ്ങളും നിരന്തരം ആലപിക്കണമെന്ന് പൗലോസ് ശ്ലീഹാ നമ്മോട് ആഹ്വാനം ചെയ്യുന്നത് ശ്രദ്ധേയമാണ് (കൊളോ:3| 16 ) .

എല്ലാ ശ്ലൈഹിക സഭകളുടെയും പാരമ്പര്യത്തിൽ ഏഴു നേര പ്രാർത്ഥനകൾ കാണാം. സിറോ മലബാർ സഭയിൽ ഇന്ന് മലയാളഭാഷയിൽ ഉപയോഗത്തിലായിരിക്കുന്ന ഏഴു നേര പ്രാർത്ഥനകൾ താഴെക്കൊടുക്കുന്നു .

റംശാ – സായാഹ്ന പ്രാർത്ഥന –6PM

ലെലിയാ – പാതിരാ പ്രാർത്ഥന

ഖാലാദ് ശഹ്റാ– വെളുപ്പാൻ കാലജപം

www.malankaralibrary.com

സപ്രാ- പ്രഭാത പ്രാർത്ഥന

ഖുത്ത് ആ-രാവിലെ ഒമ്പതിനു ശേഷം

എന്ദാന-ഉച്ച സമയം

ദ്ബദ്ശാശായീൻ- ഉച്ചകഴിഞ്ഞ് 3 PM ന് ശേഷം

സുറിയാനി ഉറവിടത്തിൽ അത്താഴത്തിന് ശേഷം ചൊല്ലുന്ന പ്രാർത്ഥനയും കാണുന്നുണ്ട്. ഇത് "സുബ് ആ" എന്ന് അറിയപ്പെടുന്നു .

ഏഴുനേര പ്രാർത്ഥനകളുടെ പ്രധാനഘടകം സങ്കീർത്തനങ്ങൾ ആണ്. യഹൂദ പ്രാർത്ഥനകൾ സങ്കീർത്തനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു. സങ്കീർത്തനങ്ങളിൽ മനുഷ്യൻറെ വിവിധ വികാരവിചാരങ്ങൾ ആണ് പ്രതിഫലിക്കുന്നത് . ഉദാ: സന്തോഷം, സങ്കടം, സ്തുതിപ്പ്, പ്രത്യാശ, ദേഷ്യം തുടങ്ങിയവ. അതായത് മനുഷ്യൻറെ വ്യത്യസ്തമായ ജീവിതാനുഭവങ്ങളുടെ പ്രതിഫലനമാണ് സങ്കീർത്തനങ്ങൾ. ഈശോയുടെ പ്രാർത്ഥനയുടെ പ്രധാനഘടകം സങ്കീർത്തനങ്ങൾ ആയിരുന്നു . ഈശോയിൽ കണ്ടതും ഈശോ പഠിപ്പിച്ചതുമായ ഈ മാതൃക ശ്ളീഹന്മാർ സ്വന്തമാക്കി, ആദിമ സഭയ്ക്ക് നൽകി. അത് സഭാപിതാക്കന്മാരിലൂടെ കൈമാറി ഓരോ ശ്ളൈഹിക സഭയിലുമെത്തിനിൽക്കുന്നു .

www.malankaralibrary.com

***പ്രാർത്ഥനകൾ കൂടുതൽ പരിശീലിക്കുകയും ചൊല്ലുകയും ചെയ്യുന്ന ഈ 'കൊറോണാ'കാലത്ത് യാമപ്രാർത്ഥനകൾ കൂടുതൽ സ്വന്തമാക്കാനും അനുഭവവേദ്യമാക്കാനും ശ്രമിക്കാം. ഏഴുനേരത്തെ ഈ പ്രാർത്ഥനകൾ സഭയുടെ വിശ്വാസ പരിശീലന കളരികൾ ആണ്. ഏഴു നേരം പ്രാർത്ഥിക്കുമ്പോൾ ഏഴുതവണ വിശ്വാസം പ്രഘോഷിക്കുകയും ആഘോഷിക്കുകയും പരിശീലിക്കുകയുമാണ് നാം ചെയ്യുക.***

www.malankaralibrary.com

## SMYM Kattappana Forane

## നസ്രാണി പഠന പരമ്പര ക്ലാസ്-13

## സുറിയാനി പഠനം ഒരു ആമുഖം

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

നസ്രാണി റിസേർച്ച് സെന്റർ ,നല്ലതണ്ണി

ഞാൻ ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, കാഞ്ഞിരപ്പള്ളി രൂപത. നസ്രാണി പഠന ഗ്രൂപ്പിനു വേണ്ടി സുറിയാനിഭാഷയെക്കുറിച്ച് ചില ആമുഖ ചിന്ത കൾ നല്കുകയാണ്. ഏകദേശം മൂവായിരം വർഷത്തെ ചരിത്രമുള്ള സെമിറ്റിക് ഭാഷകൾ എന്നറിയപ്പെടുന്ന പശ്ചിമേഷ്യൻ ഭാഷാകുടുംബത്തിൽ പെടുന്ന ഒരു ഭാഷ യാണ് അറമായ അല്ലെങ്കിൽ സുറിയാനി. നോഹയുടെ പുത്രനായ ഷേമിന്റെ മക്കൾ സംസാരിച്ചിരുന്ന ഭാഷ കളെയാണ് സെമിറ്റിക് ഭാഷകൾ എന്നു വിളിക്കുന്നത്. അതിൽ ഷേമിന്റെ പുത്രനായ ആരാമുംഅദ്ദേഹത്തിന്റെ പിൻതലമുറക്കാരും സംസാരിച്ചിരുന്ന ഭാഷയാണ് അറമായ. പശ്ചിമേഷ്യയിലും അസ്സീറിയായിലും ബാബിലോണിലും പരിസര രാജ്യങ്ങളിലുമുള്ള ജന ങ്ങൾ അറമായ ഭാഷയാണ് ഉപയോഗിച്ചിരുന്നത്. ഈശോയുടെ കാലത്ത് പാലസ്തീനായിലെ

www.malankaralibrary.com

യഹൂദരുടെ ഭാഷയും ഇതുതന്നെയായിരുന്നതുകൊണ്ട് ഈശോയു- ടെയും ശിഷ്യന്മാരുടെയും മാതൃഭാഷയായിരുന്നു അറമായ എന്നു വ്യക്തമാണ്. ആദ്യനൂറ്റാണ്ടുകളിൽ ഒരു വലിയ ക്രൈസ്തവവിജ്ഞാനകേന്ദ്രമായിരുന്നു എദ്ദേസാ എന്ന സ്ഥലം. ഇന്നത്തെ ടർക്കി എന്ന രാജ്യത്തിൽ - പ്പെടുന്ന സ്ഥലമാണത്. അറമായ ഭാഷയ്ക്ക് അവിടെ രൂപപ്പെട്ട ഒരു Dialect അല്ലെങ്കിൽ ഭാഷാഭേദമാണ് സുറിയാനി. സെമിറ്റിക് ഭാഷകൾ സംസാരിച്ചിരുന്ന പ്രദേശങ്ങളിൽ ക്രൈസ്തവമതം വ്യാപിച്ചതും സിൽക്ക് റൂട്ടിലൂടെയുള്ള വാണിജ്യവ്യാപാരങ്ങൾ വിവിധ രാജ്യങ്ങളിലേക്കു വളർന്നതും സുറിയാനി ഭാഷയുടെ വളർച്ചയെ ഏറെ സഹായിച്ചു. രണ്ടാം നൂറ്റാണ്ടോടുകൂടി സുറിയാനി ഭാഷ ഒരു പ്രധാനപ്പെട്ട സാഹിത്യഭാഷ - യായി മാറിയിരുന്നു. നാലാം നൂറ്റാണ്ടുമുതൽ സുറിയാനി സാഹിത്യത്തിന്റെ സുവർണകാലമായിരുന്നു. സുറിയാനി സഭാപിതാവായ അഫ്രഹാത്തിലൂടെ വളർന്ന് സുറിയാനിസഭയുടെ സുവർണമുത്തായ മാർ അപ്രേമിൽ സുറിയാനി ഭാഷ അതിന്റെ ഉയർച്ചയുടെ കൊടുമുടിയിൽ എത്തിച്ചേർന്നു. ഏഴാം നൂറ്റാണ്ടിലുണ്ടായ അറബികളുടെ അധിനിവേശത്തിൽ

www.malankaralibrary.com

സുറിയാനിഭാഷയുടെ ഉപയോഗം വളരെയധികം കുറഞ്ഞെങ്കിലും പല നാട്ടുകളിലും സംസാരഭാഷയായും സഭകളുടെ ആരാധനക്രമഭാഷയായും അതു നിലനിന്നു. 19 ഉം 20 ഉം നൂറ്റാണ്ടുകൾ സുറിയാനി ഭാഷയുടെ ഉയിർത്തെഴുന്നേല്പിനു സാക്ഷികളായി. സാഹിത്യലോകത്തും വിശ്വാസമേഖലയിലും സുറിയാനിഭാഷ വീണ്ടും സജീവമായി. 20-ാം നൂറ്റാണ്ടിൽ പാശ്ചാത്യലോകത്തെ പല പണ്ഡിതരും സുറിയാനി സാഹിത്യ പാരമ്പര്യത്തെക്കുറിച്ച് പഠിക്കുകയും ആ മേഖലയിൽ വലിയ സംഭാവനകൾ ലോകത്തിനു നല്കുകയും ചെയ്തു. ഇപ്പോഴും ഓക്സ്ഫോർഡ് പോലെയുള്ള യൂണിവേഴ്സിറ്റികൾ സുറിയാനി ഭാഷയുടെ പഠനത്തിനു പ്രത്യേക പ്രാധാന്യം കൊടുക്കുന്നു എന്നതുതന്നെ ആധുനികലോകം ഈ ഭാഷയെ എത്രമാത്രം പ്രധാനപ്പെട്ടതായി കണക്കാക്കുന്നു എന്നതിനു തെളിവാണ്.

സുറിയാനി ഭാഷയ്ക്ക് നിലവിൽ മൂന്നു തരം ലിപികളുണ്ട്. അതിൽ ഏറ്റവും പുരാതനമായ ലിപി എസ്ത്രാങ്ങേലാ (Estrangela) എന്നറിയപ്പെടുന്നു. അത് സ്വരചിഹ്നങ്ങൾ (Vowels) ഇല്ലാത്ത ലിപിയാണ്.

www.malankaralibrary.com

പിന്നീട് നാലാം നൂറ്റാണ്ടോടുകൂടി പൌരസ്ത്യ സുറിയാനി ലിപിയും ഏഴാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യസുറിയാനി ലിപിയും രൂപം പ്രാപിച്ചു. നമ്മുടെ നാട്ടിൽ സീറോ മലബാർ സഭയും തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ശ്ലീറായ സഭയും (Assyrian Church of the East) പൌരസ്ത്യസുറിയാനിയും മലങ്കര കത്തോലിക്കാസഭയും യാക്കോബായ, ഓർത്തഡോക്സ് സഭകളും പാശ്ചാത്യസുറിയാനിയുമാണ് ഉപയോഗി -ക്കുന്നത്.

ഇനി, മാർത്തോമ്മാ നസ്രാണികളായ നമുക്ക് എങ്ങനെയാണ് സുറിയാനി ഭാഷ പ്രധാനപ്പെട്ടതാകുന്നത്? അതിന്റെ ഒന്നാമത്തെ കാരണം നാം മുകളിൽ കണ്ടു കഴിഞ്ഞു. ഈശോയുടെ മാതൃഭാഷയായിരുന്ന സുറിയാനി എന്നത്. അതായത് ഈശോ ദൈവരാജ്യത്തിന്റെ സുവിശേഷം നമ്മെ അറിയിച്ച ഭാഷയാണിത്. ദൈവികവെളിപാടിന്റെ ഭാഷയാണിതെന്നതു തന്നെയാണ് അതിന്റെ ഏറ്റവും വലിയ ശ്രേഷ്ഠത. ഈശോയുടെ കാലത്തിനു വളരെ മുമ്പുതന്നെ മെസപ്പൊട്ടേമിയായും മറ്റു മധ്യപൂർവദേശങ്ങളുമായി വ്യാപാരബന്ധമുണ്ടായിരുന്ന നമ്മുടെ നാട്ടിലെ വ്യാപാരഭാഷയായിരുന്നു സുറിയാനി.

www.malankaralibrary.com

ഇവിടെ നിലവിലിരുന്ന യഹൂദകോളനികളാണ് മാർത്തോമ്മാശ്ലീഹായെ ഇവിടേയ്ക്കാകർഷിച്ചത്. അതുകൊണ്ടുതന്നെ ദൈവരാജ്യത്തിന്റെ സുവിശേഷം ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ ആദ്യനാളുകളിൽത്തന്നെ അവർ അതു ശ്രവിച്ച അതേ ഭാഷയിൽ കലർപ്പില്ലാതെ നമുക്ക് ലഭിച്ചു എന്നു നാം അറിയണം. വീണ്ടും ഈശോ പിതാവിനെ വിളിച്ചു പ്രാർത്ഥിച്ച ഭാഷയാണ് സുറിയാനി. അതോടൊപ്പം പിതാവിനെ വിളിച്ചു പ്രാർത്ഥിക്കാൻ നമ്മെ പഠിപ്പിച്ച ഭാഷയും. ഈശോയും പരി. മറിയവും ശിഷ്യന്മാരും സംസാരിച്ചതും പ്രാർത്ഥിച്ചതുമായ ഭാഷ ആരാധനക്രമ ഭാഷയായി ലഭിച്ചിരിക്കുന്ന, ലോകത്തിലെ ക്രൈസ്തവരിൽ ഏറ്റവും ഭാഗ്യപ്പെട്ട ഗണമാണ് നമ്മൾ സുറിയാനിക്രിസ്ത്യാനികൾ. ഈശോ പിതാവിനെ വിളിച്ചപേക്ഷിച്ച അതേ ഭാഷയിൽ സ്വർഗസ്ഥനായ പിതാവിനെ വിളിക്കാൻ സാധിക്കുന്നുവെന്നത് എത്ര ശ്രേഷ്ഠമായ അനുഭവമാണ്. കൂടാതെ വി.ഗ്രന്ഥം എഴുതപ്പെട്ടിരിക്കുന്ന മൂന്ന് അടിസ്ഥാനഭാഷകളിൽ ഒന്നാണ് സുറിയാനി.

ഏതൊരു സമൂഹത്തിന്റെയും കെട്ടുറപ്പിന്റെ ഒരു അടിസ്ഥാനഘടകം അതിന്റെ ഭാഷയാണ്. മാർത്തോമ്മാ നസ്രാണികളായ നമ്മുടെ സഭ

www.malankaralibrary.com

ചരിത്രത്തിന്റെ വഴികളിൽ കുറച്ച് നൂറ്റാണ്ടുകൾ പാശ്ചാത്യസഭയുടെ ഭരണത്തിൻകീഴിലായി പ്പോയതുകൊണ്ട് സംഭവിച്ച അപചയങ്ങൾ മാറ്റപ്പെടുന്നതിനും നമ്മുടെ സമൂഹം ഒരു ഹൃദയവും ഒരു മനസുമുള്ളതായി രൂപപ്പെടുന്നതിനും നമ്മുടെ ആരാധനക്രമഭാഷയായ സുറിയാനിയ്ക്ക് വലിയ പങ്കുവഹിക്കാനാകും.

*ഇക്കാരണങ്ങളെല്ലാം കൊണ്ട് അഭിമാനത്തോടെയും അവകാശബോധത്തോടെയും കടമയാണെന്ന ബോദ്ധ്യത്തോടെയും സുറിയാനി ഭാഷയെ ഹൃദയത്തോടു ചേർത്തുപിടിക്കാനും അതു പഠിക്കാനും പ്രചരിപ്പിക്കാനും അതുവഴി അഭിമാന ബോധമുള്ള സുറിയാനിക്രിസ്ത്യാനികളായി രൂപാന്തരപ്പെടാനും നമുക്കു കഴിയട്ടെ.*



www.malankaralibrary.com

കോവിഡ് 19 ന്റെ സമൂഹ വ്യാപനത്തിന് തടയിടാനായി ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന പല തലങ്ങ ളിലുമുള്ള വിലക്കുകളിൽ വിശ്വാസീ സമൂഹത്തിന് ഏറ്റവും വേദനാജനകമായി അനുഭവപ്പെട്ടത് പള്ളിയിലെ ദൈവാരാധനാശുശ്രൂഷകളിൽ നേരിട്ട് പങ്കു ചേരുന്നതിൽ വന്നിട്ടുള്ള നിയന്ത്രണങ്ങൾ ആവാം . പള്ളിയിൽ പോകാതെയും ദൈവാരാധനാശുശ്രൂഷയിൽ നേരിട്ട് പങ്കുചേരാൻ ആകാതെയും കഴിയുന്ന ഈ ദിനങ്ങളിൽ നമ്മുടെ ജീവിതത്തിൽ പള്ളിക്കുള്ള സ്ഥാനത്തെക്കുറിച്ച് പലരും ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടാവാം.

നാട്ടിലെ പള്ളി യഥാർത്ഥത്തിൽ നാടിന്റെ ഹൃദയമാണ് .ആ പള്ളിയിൽ നിന്നുയരുന്ന പ്രാർത്ഥനകളും സമയാസമയങ്ങളിൽ മുഴങ്ങുന്ന മണിയുമൊക്കെ ഇടവക ക്കാരുടെ മാത്രമല്ല ആ നാട്ടിലെ നാനാജാതിമതസ്ഥരു ടെയും ജീവിതത്തിന്റെ താളത്തെ അവരറിയാതെ തന്നെ നിയന്ത്രിക്കുന്നുണ്ട്. ഒരു നാട്ടിൽ ഉയർന്നുനിൽക്കുന്ന പ്രൗഢവും സുന്ദരവുമായ പള്ളി ദൈവം നമ്മോടുകൂടെ വസിക്കുന്നു എന്ന  മഹാ രഹസ്യം സമ്മാനിക്കുന്ന വിസ്മയനീയ സന്തോഷത്തിന്റെ പ്രകാശനമാണ്.

www.malankaralibrary.com

പഴയനിയമത്തിലെ സമാഗമകൂടാരം ഇസ്രായേൽ ജനത്തിന്റെ "കൂടെ വസിച്ച കർത്താവായ ദൈവ"ത്തിന്റെ അടയാളമായിരുന്നതു പോലെ നമ്മുടെ മധ്യേയുള്ള കർതൃസാന്നിദ്ധ്യത്തിന്റെ അച്ചാരം ആയി നമ്മുടെ പള്ളി നിലകൊള്ളുന്നുണ്ട്. ഈ പള്ളിയിൽ സദാ സന്നിഹിത നായിരുന്ന്, ഇവിടെ നിന്നുയരുന്ന പ്രാർത്ഥനകൾക്കു ത്തരമരുളുന്ന ദൈവം, നാടിന്റെയും നാട്ടുകാരുടെയും മേൽ അനുഗ്രഹത്തിന്റെ വരാമാരി ചൊരിയുന്നത് വിശ്വാസമുള്ളവർക്ക് ഉൾക്കാഴ്ച കൊണ്ട് ദർശിക്കാനാവും.

നമ്മുടെ പള്ളിയിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ ക്കായി, വി. കുർബാന അർപ്പിക്കാനും, കൂദാശകൾ പരികർമ്മം ചെയ്യാനും, യാമ പ്രാർത്ഥനകളുടെ ആഘോഷ ത്തിനുമൊക്കെയായി പതിവായി നാം സമ്മേളിക്കാറു ണ്ടായിരുന്നു. എന്നാൽ, കൊറോണ വൈറസിന്റെ വ്യാപനത്തോടനുബന്ധിച്ച് നമ്മുക്ക് ഏർപ്പെടുത്തപെട്ടിരി ക്കുന്ന വിലക്കുകളുടെ പശ്ചാത്തലത്തിൽ നമ്മുടെ പള്ളി കളിൽ നിന്ന് ഇടവിടാതെ ഉയരേണ്ട പ്രാർത്ഥനകൾക്ക് വിഘാതം

www.malankaralibrary.com

വരാതെ നിരന്തരം ദൈവസ്തുതിയുയരുന്ന മഹനീയ സ്ഥാനമായി അതിനെ സൂക്ഷിക്കേണ്ട ഗൗരവമായ ഉത്തരവാദിത്തം ഇടവക സമൂഹത്തിന് പൊതുവായും ഓരോ ഇടവകാംഗത്തിനും വ്യക്തിപരമായും ഉണ്ട്. പള്ളിയിൽ പോകാതെ ,ദൈവരാധന ശുശ്രൂഷക ളിൽ നേരിട്ട് പങ്കുചേരാതെ ഇതെങ്ങനെ സാധിക്കും എന്ന വലിയ ചോദ്യത്തിന് സഭ നൽകുന്ന ഉത്തരമാണ് സഭയുടെ ലിറ്റർജിയുടെ ഭാഗമായ യാമ പ്രാർത്ഥനകളുടെ കൃത്യമായ സംവിധാനം.

യാമ പ്രാർത്ഥനകൾ യഥാർത്ഥത്തിൽ അമ്മയായ സഭയുടെ ,പ്രായോഗികമായി നമ്മുടെ ഇടവകപ്പള്ളിയുടെ വിശ്വാസ പരിശീലനകളരിയാണ്. ലിറ്റർജിയുടെ വേള യിൽ പ്രത്യേകിച്ച് യാമപ്രാർത്ഥനകളുടെ അവസരത്തിൽ തന്റെ മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന അമ്മ. അമ്മയുടെ സ്നേഹത്തോടെ എന്നാൽ ഗുരുനാഥയുടെ കാർക്കശ്യത്തോടെ പ്രാർത്ഥനകളിൽ മറഞ്ഞിരിക്കുന്ന വിശ്വാസ രഹസ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. രക്ഷാകര ചരിത്രത്തിന്റെ കേന്ദ്രമായ മിശിഹാ സംഭവങ്ങൾ ഇടവക പള്ളിയിലെ മദ്ബഹായിൽ അർപ്പിക്കപ്പെടുന്ന പരി. കുർബാനയിലൂടെ അനുദിനവും പ്രഘോഷിക്കപെടുന്നു.

www.malankaralibrary.com

ഈ രക്ഷയുടെ അനുഭവം കൗദാശികമായി നുകരുന്ന ഏതൊരു വ്യക്തിയുടെയും ജീവിതം പ്രാർത്ഥനയായി, കുർബാന യായി അർപ്പിക്കപ്പെടുന്ന വേള കൂടിയാണ് ഓരോ കുർബാനയർപ്പണവും. ഈ കുർബാനയുടെ ചൈതന്യം യാമങ്ങളിലേക്കും, മണിക്കൂറുകളിലേക്കും, നിമിഷങ്ങളി ലേക്കും പ്രവഹിപ്പിച്ച് ജീവിതം മുഴുവനും നിരന്തര രക്ഷാകര അനുഭവമാക്കി പരിണമിപ്പിക്കുന്നതിനാണ് സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ, യാമ പ്രാർത്ഥന കൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് . മെത്രാൻമാരുടെയും വൈദികരുടെയും സന്യാസീസന്യാസിനികളുടെയും മാത്രം ഔദ്യോഗിക പ്രാർത്ഥനയായി യാമ പ്രാർത്ഥനകളെ കരുതാൻ പാടില്ല. ഇത് സഭ മുഴുവന്റെയും ഔദ്യോഗിക വിശ്വാസ പ്രഘോഷണമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്.

സഭ പ്രഥമവും പ്രധാനവുമായി ആരാധിക്കുന്നവരുടെ സമൂഹമാണ്. ഈ സഭയെ ആരാധിക്കുന്ന വിശ്വാസിമൂഹത്തെ ദൃശ്യമായ രീതിയിൽ സന്നിഹിതമാക്കുന്ന അടയാളമാണ് ഓരോ പള്ളിയും. ദൈവത്തിനു ആരാധന അർപ്പിക്കുക എന്നത് സഭയുടെ പ്രഥമ

www.malankaralibrary.com

ജോലിയാണ്. മണവാളനായ ഈശോയോടുള്ള മണവാട്ടിയുടെ, അതായത് സഭയുടെ സ്നേഹ സംഭാഷണമാണ് യാമ പ്രാർത്ഥനകൾ. മണവാളന് ഏറ്റവും ഇഷ്ടം തന്റെ മണവാട്ടിയുടെ സ്വരമാണ്. സഭയുടെ ഔദ്യോഗിക പ്രാർത്ഥനകൾ കഠിനവും അരോചകവുമായി കരുതി വ്യക്തി പരമായ പ്രാർത്ഥനകളുടെ പുറകേ പോകുന്നവർ ആഴത്തിൽ മനസിലാക്കേണ്ട യാഥാർത്ഥ്യമാണിത്. മണവാട്ടിയായ സഭയുടെ സ്വരത്തിന് പകരം നിൽക്കാൻ അവളുടെ മണവാളനു മുന്നിൽ മറ്റൊരു സ്വരത്തിനുമാവില്ല. ഈ യാഥാർത്ഥ്യം നന്നായി അറിയാവുന്ന നമ്മുടെ അമ്മയായ സഭ തന്നോടു ചേർന്ന് പ്രാർത്ഥിക്കുവാൻ തന്റെ മക്കൾക്ക് സവിശേഷ പരിശീലനംനൽകുന്നു.

കർത്താവായ ഈശോ മിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിന് എപ്പോഴും എല്ലാ മനുഷ്യർക്കും വേണ്ടി കൃതജ്ഞത അർപ്പിക്കുവാൻ സഭ തന്റെ മക്കളെ പഠിപ്പിക്കുന്നു. നിങ്ങൾ നിരന്തരം പ്രാർത്ഥിക്കണമെന്ന പൗലോസ് ശ്ളീഹായുടെ ആഹ്വാനം പ്രയോഗികമാക്കു വാൻ ,അതു വഴി നമ്മുടെ ജീവിതം ആരാധനയായി പരിണമിപ്പിക്കുവാൻ സഭ തന്റെ മക്കൾക്ക് നൽകുന്ന

www.malankaralibrary.com

സവിശേഷ ഉപാധിയാണ് യാമ പ്രാർത്ഥനകൾ. എല്ലാ സഭകളിലും യാമശുശ്രൂഷകൾ ഏഴ് നേരപ്രാർത്ഥനക ളായാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. സഭയുടെ ഏഴ് നേര യാമശുശ്രൂഷകളുടെ ക്രമീകരണത്തിൽ യഹൂദ മതത്തിന്റെ സ്വാധീനം വ്യക്തമാണ്. ദിവസം മുഴുവൻ വ്യാപിക്കത്തക്ക രീതിയിൽ ഒരു ദിവസം ഏഴ് പ്രാവശ്യം പ്രാർത്ഥിക്കാൻ സങ്കീർത്തകൻ നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ടല്ലോ. ഏഴ് പൂർണതയുടെ സംഖ്യയാണ്. ഏഴ് നേരപ്രാർത്ഥന അതു കൊണ്ട് തന്നെ മുഴുവൻനേര പ്രാർത്ഥനയാണ്. ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും, മണിക്കൂറുകളിലും ,ദിവസങ്ങളിലും ആഴ്ചകളിലും മാസങ്ങളിലും വർഷങ്ങളിലും എന്നല്ല ജീവിതകാലം മുഴുവൻ ഇടമുറിയാതെ പ്രാർത്ഥിക്കുന്നതിനായി സമയത്തിൽ ജീവിക്കുന്ന വിശ്വാസികളെ യാമ പ്രാർത്ഥനകൾ സഹായിക്കുകയും ശുദ്ധികരിക്കുകയും ചെയുന്നു.

പൗരസ്ത്യ സുറിയാനി

പാരമ്പര്യത്തിൽപ്പെട്ട നമ്മുടെ സഭയിലും യാമശുശ്രൂഷകൾ ഏഴുനേര പ്രാർത്ഥനകളായാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. സായാഹ്ന നമസ്കാരമായ റംശാ, അത്താഴാനന്തര

www.malankaralibrary.com

പ്രാർത്ഥനയായ സൂബാആ, നിശാനമസ്കാരമായ ലെലിയാ, വെളുപ്പൻകാല ജപമായ ഖാലാ ദ്ശഹറാ, പ്രഭാതജപമായ സപ്രാ, ഒമ്പതുമണി ജപമായ ݁ ൃഥാആ, ഉച്ചപ്രാർത്ഥനയായ എന്ദാനാ എന്നീ രീതിയിലാണ് ഇതിന്റെ ക്രമീകരണം. നമ്മുടെ സഭയിലെ സന്ന്യാസികളും മെത്രാന്മാരുമൊക്കെ എഴുനേര പ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തിയിരുന്ന തായി പാരമ്പര്യം സാക്ഷിക്കുന്നുണ്ട്. വിശ്വാസികളും സാധാരണ വൈദികരുമൊക്കെ വിളക്കുവയ്ക്കുമ്പോൾ റംശായും പുലർക്കാലത്തു ലെലിയാ-സപ്രാ നമസ്കാരങ്ങൾ ഒരുമിച്ചും നടത്തിയിരുന്നു. മാർത്തോമാ നസ്രാണികളുടെ ഇടവക ദൈവാലയങ്ങളിലെല്ലാം സന്ധ്യയ്ക്കും പുലർച്ചയ്ക്കും യാമപ്രാർത്ഥനകൾ കൃത്യമായി നടത്തിയിരുന്നു എന്നും വിശ്വാസിസമൂഹങ്ങൾ അതിൽ പങ്കെടുത്തിരുന്നു എന്നും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വന്ന മിഷനറിമാർ രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സഭയിൽ ഇടക്കാലത്ത് നഷ്ടപ്പെട്ടു പോയ ധന്യമായ ഈ ആദ്ധ്യാത്മി ക പാരമ്പര്യം പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾക്ക് നാം സാക്ഷികളാണ് .എല്ലാ പള്ളികളിലുംതന്നെ വിശുദ്ധ കുർബാനയ്ക്ക്

www.malankaralibrary.com

ഒരുക്കമായി സപ്രാ നമസ്കാരം ചൊല്ലുന്നുണ്ട്. ദൈവാലയങ്ങളിലും കുടുംബകൂട്ടായ്മകളിലുമൊക്കെ റംശാ നമസ്കാരവും നാം പതിവായി ചൊല്ലാറുണ്ട്. എന്തെല്ലാം ജോലികളും പ്രശ്നങ്ങളും ഉണ്ടായിരുന്നാലും വൈകിട്ട് സൗകര്യപ്രദമായ സമയത്തു കുടുംബത്തിൽ ആഘോഷ മായ റംശാനമസ്കാരം നടത്താൻ നമുക്കാകണം. ഇടവക ദൈവാലയത്തിലും കുടുംബക്കൂട്ടായ്മകളിലും യാമ ശുശ്രൂഷകൾ നടത്തുന്ന അവസരങ്ങളിൽ ഹൃദയപൂർവ്വം അതിൽ പങ്കുചേരാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സഭയുടെ എഴനേര യാമപ്രാർത്ഥനകൾ മൊബൈൽ ആപ്പ്ളിക്കേഷനിലൂടെ ഭാഗികമായി ലഭ്യമായതിനാൽ എഴനേരവും കൃത്യമായി സഭയുടെ ഔദ്യോഗിക പ്രാർത്ഥനയിൽ പങ്കുചേരുന്ന അല്മായരുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നു എന്നത് അമ്മയായ സഭയ്ക്ക് അഭിമാനകരമാണ്.

എവിടെയായിരുന്നാലും ഏത് ജോലികൾക്കിടയിലും സമയാസമയങ്ങളിൽ കൃത്യമായി നിസ്കരിക്കുന്ന മുസ്ലിം സഹോദരങ്ങളെ നമുക്ക് പരിചയമില്ലേ? അല്പം മനസ്സു വച്ചാൽ നമുക്കും എഴനേര പ്രാർത്ഥനകൾ ശീലമാക്കാനാ കും.

www.malankaralibrary.com

ദൈവാലയത്തിൽ പോകാൻ നിയന്ത്ര ണമുള്ള ഈ കാലഘട്ടത്തിൽ ഇതിനുള്ള പരിശീലനം നമുക്ക് ആരം ഭിക്കാം. കൃത്യമായി പുസ്തകം ഉപയോഗിച്ച പ്രാർത്ഥിക്കാൻ സാധിക്കാത്ത അവസരങ്ങളിൽപോലും സഭ നിശ്ചയി ച്ചിരിക്കുന്ന യാമങ്ങളിൽ കർത്തൃപ്രാർത്ഥനയെങ്കിലും ചൊല്ലി പ്രാർത്ഥിക്കുന്ന സമൂഹത്തിൽ പങ്കുചേരാൻ യത്നിക്കുന്നത് നിസ്സാര കാര്യമല്ല. നമ്മുടെ സഭയിലെ ഓരോ വിശ്വാസിയും ഇപ്രകാരം പ്രാർത്ഥിക്കാൻ ശ്രമിക്കുമ്പോൾ നമ്മുടെ ഇടവക പള്ളിയിലും സമൂഹത്തിലും വിരിയുന്നത് മഹാവിസ്മയമായിരിക്കും.

നമ്മുടെ ഇടവക പള്ളിയിൽ കുർബാന അർപ്പിച്ച് നമ്മുടെ ജീവിതം നാം ബലിയായി നൽകുമ്പോൾ പവിത്രീ കരിക്കപ്പെട്ട നമ്മുടെ ഹൃദയത്തിലേക്ക് കർത്താവ് ഇറങ്ങി വന്ന് നമ്മെ അവന്റെ ആലയങ്ങളാക്കി മാറ്റുന്നുണ്ട്. നാം കർത്താവിന്റെ ആലയങ്ങൾ അഥവാ പള്ളികളായി മാറുന്നു. ഇടവക പള്ളിയിലെ ഔദ്യോഗിക പ്രാർത്ഥനാ ശുശ്രൂഷകളിലൂടെ പള്ളികളായി മാറിയ വിശ്വാസി സമൂഹം എവിടേക്ക് പോയാലും യഥാർത്ഥത്തിൽ നമ്മുടെ പള്ളി അവിടേയ്ക്ക് വ്യാപിക്കുകയാണ്. നമ്മുടെ ഭവന ങ്ങളിൽ, നാം

www.malankaralibrary.com

ജോലി ചെയ്യുന്ന ഇടങ്ങളിൽ നമ്മുടെ പള്ളിയെ-
സഭയെ സന്നിഹിതമാക്കാൻ അങ്ങനെ നമുക്ക്
കഴിയുന്നു. എവിടെയായിരുന്നാലും സഭയുടെ ഏഴുനേര
യാമശുശ്രൂഷകൾ കൃത്യമായി ഇടവകാംഗങ്ങൾ
നടത്തു മ്പോൾ ഇടവക പള്ളിയിൽനിന്ന് ഉയരേണ്ട
പ്രാർത്ഥനയ്ക്ക് ഒരിക്കലും വിഘ്നം വരില്ല.
ഇടവകാംഗങ്ങളായ വ്യക്തി കളുടെ
ഹൃദയത്തിൽനിന്ന് ഉയരുന്ന പ്രാർത്ഥന അവരുടെ
പള്ളിയെ ദൈവസ്തുതികൾ നിരന്തരം ഉയർത്തുന്ന
മഹ നീയ സ്ഥാനമായി പരിണമിപ്പിക്കും.

ലോകം മുഴുവനെയും

സൃഷ്ടപ്രപഞ്ചത്തെയും സഹോദരങ്ങളെയും
ഹൃദയത്തിൽ വഹിച്ച് തങ്ങളുടെ ജീവിതങ്ങൾ
സ്തുതിയുടെ കീർത്തന മായി പരിണമി ക്കുവാൻ
യത്നിക്കുന്ന വിശ്വാസികളുടെ സമൂഹം ജീവിക്കുന്ന
പള്ളിയായി, ഇവിടെ സമയവും കാലവും മനുഷ്യരും
സഹസൃഷ്ടികളും പവിത്രീകരിക്കപ്പെട്ടു
തേജോമയമാകുന്നു. എഴുനേരം നാം ഉരുവിടുന്ന
യാമപ്രാർത്ഥനകളുടെ ശക്തി യാൽ പ്രാർത്ഥിക്കുന്ന
നാം പള്ളികളും നാം പ്രാർത്ഥനയ്ക്ക് അണയുന്ന
നമ്മുടെ പള്ളി സമസ്തസൃഷ്ടികളും ദൈവസ്തുതി യായി
മാറുന്ന മഹനീയ സ്ഥലവുമായി പരിണമിക്കും.

www.malankaralibrary.com

*അവിടേയ്ക്ക് ദൈവം ഇറങ്ങി വസിക്കുന്നതിനാൽ അവിടം സ്വർഗ്ഗമാകും.*

## നസ്രാണി പഠന പരമ്പര ക്ലാസ് -15

Spiritual vision behind Ossana

ഡോ. സിസ്റ്റർ റോസ് ലിൻ അറവാക്കൽ

MTS ( ബേസ് തോമ്മാ ദയ്റാ)

*പാലമറ്റം, കുറുമ്പനാടം*

*ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ,*

*2020- ലെ ഓശാനതിരുന്നാൾ ആഘോഷം ഒരുപക്ഷേ നമ്മുടെ ജീവിതകാലത്ത് നാം ഒരിക്കലും മറക്കാൻ ഇടയില്ല. സാമാന്യഗതിയിൽ പള്ളിയിൽ പോകാത്തവർ പോലും പള്ളിയിൽ എത്തി ഓല വാങ്ങാൻ കാട്ടിയിരുന്ന വ്യഗ്രത നമുക്ക് പരിചിതമാണ്. ഈ പ്രാവശ്യം പക്ഷെ ഓശാന തിരുനാളിൽ ലോകമെമ്പാടുമുള്ള പള്ളികൾ വിജനമായിരുന്നു. നാമമാത്രമായുള്ള ആളുകൾക്ക് മാത്രമാണ് തിരുക്കർമ്മങ്ങളിൽ നേരിട്ട് പങ്കെടുക്കാൻ സാധിച്ചത്. എന്നാൽ ആളൊഴിഞ്ഞ ഈ ഓശാന തിരുനാളിനുമില്ലേ ഒരു ഭാവാത്മകത. അതിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുക. തങ്ങളുടെ ഹൃദയമാകുന്ന ഓറശ്ലേമിൽ മഹത്വപൂർണ്ണനായി ആഗതനാകുന്ന മിശിഹായെ*

www.malankaralibrary.com

വിശുദ്ധ ജീവിതമാകുന്ന ഓശാന ഗീതികളാൽ വരവേൽക്കേണ്ട ഗൗരവപൂർണമായ ഉത്തരവാദിത്വത്തെക്കുറിച്ചു വിശ്വാസികളായ നാം ഒരുപക്ഷെ ബോധപൂർവം ചിന്തിച്ച, അതിനായി യത്നിച്ച ഓശാന ആയിരിക്കും 2020 ലേത്. അതുതന്നെയാണ് ഈ തിരുനാളിന്റെ സവിശേഷതയും. പൗരസ്ത്യ സുറിയാനി സഭയുടെ വിശുദ്ധ പാരമ്പര്യമനുസരിച്ച് പല പ്രാവശ്യം ഓശാന തിരുനാൾ ആഘോഷിച്ചിട്ടുള്ള നമ്മുടെ മനസ്സിൽ ഈ തിരുനാളിന്റെ ദീപ്തമായ ചിത്രം കോറിയിടപ്പെട്ടിട്ടുണ്ടാകാം. ഒരു നിമിഷം ആ ചിത്രത്തിലേക്ക് നോക്കൂ... നമ്മോട് സംസാരിക്കാൻ ആഗ്രഹിച്ച് അവിടെ 5 യാഥാർഥ്യങ്ങൾ തയ്യാറായി നിൽക്കുന്നുണ്ട്.

ഒന്ന്, ഓശാന എന്ന ആർപ്പുവിളി. ഒപ്പം അത് വിളിച്ചവർ തങ്ങളുടെ കരങ്ങളിൽ ഏന്തിയ മരച്ചില്ലകൾ.

രണ്ട്, മിശിഹാരാജാവിനെ ഓറശ്ലേമിലേക്ക് സംവഹിച്ച കഴുത.

മൂന്ന്, ഓശാന വിളികൾ ഉയർത്തിയ ജനക്കൂട്ടം.

നാല്, വിനീതമായി, എങ്കിലും മഹത്വപൂർണ്ണനായി ഓറശ്ലേമിലേയ്ക്ക് പ്രവേശിച്ച മിശിഹാരാജൻ.

www.malankaralibrary.com

അഞ്ച്, ഓറശ്ലേം നഗരവും ഓറശ്ലേം ദൈവാലയവും. ഇതിൽ ഓശാന എന്ന പദം നമുക്ക് എല്ലാവർക്കും പരിചിതമാണ്. 'രക്ഷിക്കണേ' എന്ന യാചനയിൽനിന്ന് സ്തുതിപ്പായി, പിന്നീട് സന്തോഷപ്രകടനമായി യഹൂദപാരമ്പര്യത്തിലും സഭയുടെ വിശുദ്ധ പാരമ്പര്യത്തിലും ചിരപ്രതിഷ്ഠ നേടിയ പദം. എന്നാൽ ഈ പദത്തിന്റെ ബഹുവചന രൂപമായ 'ഓശാനെ' അർത്ഥമാക്കുക 'പനയോലകൾ' എന്നാണ്. അതായത് ഓശാന ഒരേ സമയം സ്തുതിയുടെ പ്രകടനവും അതേസമയം ജനം കയ്യിലേന്തിയ മരച്ചില്ലകളെയും സൂചിപ്പിക്കുന്നു. ഒരു വ്യക്തിക്ക് പനയോലകൾ അല്ലെങ്കിൽ ഒലിവിന്റെ കൊമ്പുകൾ നല്കപ്പെടുക മൂന്ന് അവസരങ്ങളിൽ ആണെന്നാണ് പാരമ്പര്യത്തിൽ കാണുക.

ഒന്ന്, അയാൾ ഏതെങ്കിലും ഒരു മത്സരം ജയിച്ചു വരുമ്പോൾ.

രണ്ട്, അദ്ദേഹം രാജാധികാരത്തിലേയ്ക്ക് ഉയർത്തപ്പെടുമ്പോൾ.

മൂന്ന്, രക്തസാക്ഷിത്വം വരിക്കുമ്പോൾ.

ഇതിൽ മൂന്നാമത്തെ അർത്ഥം തികച്ചും സഭയുടെ സംഭാവനയാണ്. കാരണം വെളിപാട് 7:9 ൽ ഒരുപറ്റം ആൾക്കാർ വെള്ളവസ്ത്രം ധരിച്ച്

കുരുത്തോലകളുമായി നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരാരെന്ന ചോദ്യത്തിന് നൽകുന്ന മറുപടി ശ്രദ്ധേയമാണ്. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രം കഴുകി വെളുപ്പിച്ചവർ എന്ന്. അതായത് ഇവർ സഹദാമാരാണ്. സഭാപാരമ്പര്യങ്ങളിൽ രക്തസാക്ഷികളുടെ ചിത്രം വരയ്ക്കുമ്പോൾ അവരുടെ കരങ്ങളിൽ പനയോലകൾ നൽകാറുണ്ടായിരുന്നു എന്ന് കാണുന്നുണ്ട്. അതുകൊണ്ട് നാം നമ്മുടെ കരങ്ങളിൽ ഏറ്റുവാങ്ങുന്ന ഓശാന ഒരു വലിയ വിളിയിലേയ്ക്കാണ് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുക. മിശിഹാനാഥന്റെ സാക്ഷികളായി, സഹദാമാരായി, രക്തസാക്ഷികളായി തീരാനുള്ള വിളിയിലേയ്ക്ക്. ഈ മത്സരത്തിലാണ് നാം വിജയിക്കേണ്ടത്. അത് വിജയിച്ച് അവന്റെ  രാജത്വത്തിൽ പങ്കുചേരുമ്പോൾ നമുക്ക് ലഭിക്കുന്ന സമ്മാനമാണ് നാം കൈകളിൽ വഹിക്കുന്ന ഓശാനെ. ഓശാനതിരുനാളിന്റെ അന്ന് പ്രഘോഷണം ചെയ്യപ്പെട്ടു കേട്ട ഏങ്കർത്തായില്നിന്ന് ഒരർത്ഥവും കൂടി നമുക്ക് ലഭിക്കുന്നുണ്ട്. റോമാക്കാർക്കുള്ള ലേഖനമായിരുന്നു അന്ന് വായിക്കപ്പെട്ടത്. അവിടെ കർത്താവീശോമിശിഹായെ സൈത്തുമരമായി

പൗലോസ് ശ്ലീഹാ വരച്ചു കാട്ടുന്നുണ്ട്. ഈ സൈത്തുമരത്തിലേക്ക് ഒട്ടിച്ചേർക്കപ്പെട്ട കാട്ടുസൈത്തുമരങ്ങളാണ് നാമെന്ന് ശ്ലീഹാ ഓർമിപ്പിക്കുന്നു. അതായത് മിശിഹാതന്നെയാണ് ഓശാന. മിശിഹായാകുന്ന സൈത്തുമരത്തിലേക്ക് ഒട്ടിച്ചേർക്കപ്പെട്ട ചെറിയ ചെറിയ ഓശാനകളാണ് നാമോരോരുത്തരും. അവനാകുന്ന തായ്ത്തടിയോട് ചേർന്നുനിന്ന് അവന്റെ സത്തയെ പ്രതിഫലിപ്പിക്കേണ്ട ഓശാനകൾ. അതുകൊണ്ട് ഓരോ ഓശാനത്തിരുനാളും ഓശാനയായി മാറാനുള്ള വിളിയെ നമ്മെ ഓർമിപ്പിക്കുന്നു.

രണ്ടാമത്തേത് മിശിഹാ തമ്പുരാന്റെ വാഹനമായ കഴുതയാണ്. മത്തായി സുവിശേഷകൻ "കഴുതയും കഴുതക്കുട്ടിയും" എന്നു പറയുമ്പോൾ ലൂക്കായും മർക്കോസും "കഴുത" എന്നാണ് പറയുക. യോഹന്നാനും അത് ആവർത്തിക്കുന്നു. എന്നാൽ ലൂക്കാശ്ലീഹായും മർക്കോസ്ശ്ലീഹായും ഈ കഴുതയ്ക്ക് ഒരു വിശേഷണം നൽകുന്നുണ്ട്. "ആരും അന്നുവരെയും കയറിയിട്ടില്ലാത്ത കഴുത" എന്ന്. ഇതൊരു വിശേഷപ്പെട്ട കഴുതയാണ്. പഴയ നിയമത്തിൽ നാം ഈ കഴുതയെ കാണുന്നുണ്ട്. ദാവീദ് രാജാവ് തന്റെ പുത്രനായ സോളമനെ

www.malankaralibrary.com

രാജാവായി അഭിഷേകം ചെയ്യുന്നതിന് തൊട്ടുമുമ്പ് അദ്ദേഹത്തെ ആനയിക്കുന്നത് ഒരു കോവർക്കഴുതയുടെ പുറത്താണ്.ഇവിടെയിതാ മിശിഹാ രാജാവും കഴുതയുടെ പുറത്ത് യഥാർത്ഥ സോളമനായി സഭയിലേക്ക് രംഗപ്രവേശനം ചെയ്യുന്നു. എന്നാൽ ഈ കഴുതയുടെ പ്രത്യേകതയാണ് നാം ശ്രദ്ധിക്കേണ്ടത്. 'ആരും ഇന്നുവരെ കയറിയിട്ടില്ലാത്ത കഴുത '. അതായത് രാജാവിനായി മാത്രം മാറ്റി പ്രതിഷ്ഠിക്കപ്പെട്ട കഴുത. ഈ കഴുത മാമ്മോദീസ സ്വീകരിച്ച ഏതൊരു വ്യക്തിയുമാണ്. ദൈവത്തിനായി മാറ്റി നിർത്തപ്പെട്ട വ്യക്തി. സുറിയാനി പാരമ്പര്യത്തിൽ ഇത് ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട, ഈശോമിശിഹാക്കായ് പ്രതിഷ്ഠിക്കപ്പെട്ട ബ്രഹ്മചാരികളായ താപസികരെയും സൂചിപ്പിക്കുന്നുണ്ട്. ആരും ഇന്നുവരെ കയറിയിട്ടില്ലാത്ത കഴുത കർത്താവിന്റെ സിംഹാസനമായി പരിണമിക്കുന്നു. ഓരോ ഓശാനത്തിരുനാളും കഴുതയാകാനുള്ള, ആരും ഇന്നുവരെ കയറിയിട്ടില്ലാത്ത കഴുതയാകാനുള്ള നമ്മുടെ വിളിയെ ഓർമിപ്പിക്കുന്നുണ്ട്. ഇനി നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുക ഓശാന വിളികളുയർത്തിയ ജനക്കൂട്ടമാണ്. ജനക്കൂട്ടമെന്നാണ്

www.malankaralibrary.com

വിശുദ്ധഗ്രന്ഥത്തിൽ പറയുക. ഇതൊരിക്കലും ജെറുസലേം വാസികളായ യഹൂദരായിരിക്കണമെന്നില്ല. മറിച്ച് പല ആവശ്യങ്ങൾക്കായി അവിടെ എത്തിയ പരദേശികളായിരിക്കാം. ഈശോമിശിഹായുടെ ജനനസമയത്തും അവിടെയുണ്ടായിരുന്ന യഹൂദർക്കവനെ തിരിച്ചറിയാൻ സാധിച്ചില്ല. ദൈവപുത്രനെ തിരിച്ചറിഞ്ഞവർ ആട്ടിടയന്മാരും കിഴക്കു നിന്നെത്തിയ രാജാക്കന്മാരുമാണ്. ഇവിടെയിതാ യഹൂദജനത്തിന്, ദൈവത്തിന്റെ സ്വന്തം ജനത്തിന് സാധിക്കാതെ പോയ കാര്യം ജനക്കൂട്ടത്തിന് കഴിയുന്നു. ജനത്തിൽ നിന്നും ജനക്കൂട്ടത്തിലേക്കുള്ള ഒരു വളർച്ച നമുക്കിവിടെ കാണാൻ സാധിക്കും. ഇത് യഥാർത്ഥത്തിൽ സഭയാണ്. ഇസ്രായേലിൽ നിന്നും സഭ ജനിക്കുന്നു. നിയമത്തിന്റെയും ആരാധനയുടെയും അക്ഷരാർത്ഥത്തിലുള്ള ആചരണങ്ങളിൽ നിന്ന്, ചൈതന്യവത്തായി ദൈവത്തെ ആരാധിക്കുന്ന ജനക്കൂട്ടത്തിലേക്കുള്ള വളർച്ച. നമുക്കും ആത്മശോധന ചെയ്യാം. നാമിവിടെ, ഓർശലേമിൽ ഉണ്ടായിരുന്ന, മിശിഹാ തമ്പുരാനെ തിരിച്ചറിയാൻ

www.malankaralibrary.com

സാധിക്കാത്ത ജനമാണോ, അതോ അവനുവേണ്ടി ആർപ്പുവിളികളുയർത്തിയ ജനക്കൂട്ടമാണോ. നാലാമതായി നമ്മുടെ മുമ്പിൽ നിൽക്കുക ഈശോമിശിഹാ തന്നെയാണ്. ഓർശലേം നഗരത്തിലേക്ക് മഹത്വപൂർണനായി പ്രവേശിക്കുന്ന രാജാധിരാജൻ. ഈശോ തന്റെ ജീവിതകാലത്തു പലപ്രാവശ്യം ദേവാലയത്തിൽ പോയിട്ടുണ്ടാകാം. എന്നാൽ 3 അവസരത്തിലാണ് അവനെ ദേവാലയത്തിൽ നാം പ്രധാനമായി കാണുക. ശിശുവായി ദേവാലയത്തിൽ പ്രതിഷ്ഠ ചെയ്യപ്പെട്ടവൻ, പന്ത്രണ്ടാം വയസ്സിൽ പ്രീശരെയും സദുക്കായരെയും പഠിപ്പിച്ചവൻ. ഇവിടെയിതാ ഓർശലേം നഗരത്തിലേക്ക് മഹത്വപൂർണനായി പ്രവേശിച്ച്, താൻ തന്നെയാണ് ഓർശലേം ദേവാലയമെന്ന് പ്രഘോഷിക്കുവാനായി ആഗതനാകുന്നു. ഇവിടെ ഈ ഈശോ മാമ്മോദീസ സ്വീകരിച്ച ഏതൊരു വ്യക്തിയുടെയും ആത്മീയ ജീവിതത്തിന്റെ റൂട്ട് മാപ്പ് വരയ്ക്കുകയാണ്. ദൈവാലയത്തിൽ പ്രതിഷ്ഠിക്കപ്പെടുന്ന മാമ്മോദീസ സ്വീകരിച്ച ഓരോ കുഞ്ഞും അവന്റെ പള്ളിയിലേക്ക് പ്രതിഷ്ഠിതനായി, അവന്റെ പള്ളിയിലൂടെ നടന്ന് വളർന്ന് അവന്റെ പള്ളിയായി തീരാനുള്ള വലിയ വിളി, ഇതാണ് ഈശോ ഇവിടെ

വരച്ചുകാട്ടുക. ഈശോ പറയുന്നു ; ഞാൻ തന്നെയാണ് ഓർശലേം ദൈവാലയമെന്ന്. ദൈവാലയമായി തീരേണ്ട നമ്മുടെ വിളി അത്ര ചെറുതല്ല. അഞ്ചാമത്തെ ഘടകമായ ഓർശലേം നഗരം നമ്മെ ഓർമ്മിപ്പിക്കുക ഈ വിളിയാണ്. ഓശാനത്തിരുന്നാളിനോടനുബന്ധിച്ച് ആഘോഷമായി വൈദികൻ ഓലകൾ കൊണ്ട് ദൈവാലയത്തിന്റെ വാതിൽ മുട്ടി തുറന്ന് അകത്തേക്ക് പ്രവേശിക്കുന്ന ഒരു കർമ്മം പല പരമ്പര്യങ്ങളിലും കാണാറുണ്ട്. ഇതിനെക്കുറിച്ചു മഹാദൈവശാസ്ത്രജ്ഞനായ ബെനഡിക്റ്റോസ് പതിനാറാമൻ മാർപാപ്പ നൽകുന്ന വ്യാഖ്യാനം ശ്രദ്ധേയമാണ്. ഇവിടെയിതാ മിശിഹാരാജൻ സ്വയം വാതിലായി മാറുന്നു. ദൈവമാകുന്ന വാതിൽ തുറന്ന് അവൻ സ്വർഗത്തിലേക്ക് നമ്മെ പ്രവേശിപ്പിക്കുന്നു. ഈ രാജാവിന്റെ ആയുധം അമ്പല്ല. മറിച്ച് അമ്പൊടിഞ്ഞ് സ്ലീവായായി മാറിയ വിശുദ്ധ ചിത്രമാണ് അവൻ വരച്ചു കാട്ടുക. അവന്റെ കരങ്ങളിൽ അവൻ വഹിക്കുന്ന മരച്ചില്ല യഥാർത്ഥത്തിൽ അവന്റെ സ്ലീവായാണ്. ഈ സ്ലീവാ സ്വർഗ്ഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന മഴവില്ല് പോലെ നിലകൊള്ളുന്നു. ഈ സ്ലീവാ

www.malankaralibrary.com

ഉപയോഗിച്ച് സ്വയം വാതിലായി തീർന്നവൻ സ്വർഗത്തിലേക്കുള്ള കവാടം മനുഷ്യന്റെ മുൻപിൽ തുറക്കുന്നു. അതോടൊപ്പം തന്നെ പരിശുദ്ധ പിതാവ് പറയുന്ന ഒരു സന്ദേശം ശ്രദ്ധേയമാണ്. ഓശാന ഓരോ കുർബാനയിലും ആവർത്തിക്കപ്പെടുകയാണ്. അന്ന് വിനീതനായി കഴുതക്കുട്ടിയുടെ പുറത്തു കയറി ഓർശലേം നഗരത്തിലേക്ക് പ്രവേശിച്ചവൻ ഇന്ന് വിനീതനായി അപ്പമായി, വീഞ്ഞായി നമ്മുടെയോരോരുത്തരുടേയും ഹൃദയമാകുന്ന ഓർശ്ലേത്തിലേക്ക് പ്രവേശിക്കുന്നു. നമ്മെ ഓർശലേം നഗരമാക്കാൻ, ഓർശലേം ദൈവാലയമാക്കാൻ, സഭയാക്കാൻ, ദൈവത്തിന്റെ കൂടാരമാക്കാൻ.. ഈ യാഥാർത്ഥ്യം മനസിലാക്കുമ്പോഴാണ് ഓശാനത്തിരുന്നാൾ അർത്ഥവത്താകുക.

www.malankaralibrary.com

നസ്രാണി പഠന പരമ്പര ക്ലാസ്സ്- 16(1)

മാർത്തോമാ നസ്രാണി സഭാചരിത്രം

ഫാദർ തോമസ് തെക്കേമുറി

വലിയതോവാള വികാരി

കാഞ്ഞിരപ്പള്ളി രൂപത

നസ്രാണി പഠന പരമ്പരയിൽ പങ്കാളികളായി ഇരിക്കുന്ന എല്ലാവർക്കും ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ നമ്മുടെ ഈ പഠന പരമ്പരയിൽ ബഹുമാനപ്പെട്ട സഭകളുടെ കൂട്ടായ്മ എന്ന വിഷയവും ബഹുമാനപ്പെട്ട കുറിച്ചും വളരെ നല്ല പാഠങ്ങൾ പങ്കുവെച്ചു. പ്രസ്തുത ക്ലാസുകളിലൂടെ ആഗോള കത്തോലിക്കാ സഭയിലെ സുറിയാനി ഭാഷാ പാരമ്പര്യത്തിലെ  പൗരസ്ത്യ സുറിയാനി കുടുംബത്തിൽ പെട്ട ഒരു വ്യക്തി സഭയാണ് നമ്മുടെ മാർത്തോമാ നസ്രാണി സഭ അഥവാ സീറോ മലബാർ സഭ എന്ന് എല്ലാവരും മനസ്സിലാക്കിയല്ലോ .അതിന്റെ തുടർച്ചയെന്നോണം നമ്മുടെ സ്വന്തം അമ്മയായ നസ്രാണി സഭയുടെ ചരിത്ര

www.malankaralibrary.com

പഠനത്തിലേക്ക് നമുക്ക്  പിച്ച വയ്ക്കാം. ഈ പഠനങ്ങൾക്ക് നമ്മൾ ആധികാരികമായി ആശ്രയിക്കുന്നത് ഏറ്റവും ബഹുമാനപ്പെട്ട ഡോക്ടർ സേവ്യർ കൂടപ്പുഴ അച്ചൻ ഭാരത സഭാ ചരിത്രം എന്ന ഗ്രന്ഥമാണ് സഭാചരിത്രപഠനം രംഗത്തും സഭാ വിജ്ഞാനീയം അതുല്യമായ സംഭാവനകൾ നൽകിയ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. എന്തിനാണ് നാം സഭാചരിത്രം പഠിക്കുന്നത് എന്ന ചോദ്യത്തിന് ഉത്തരം ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്ന കാരണം അതിനെ ചരിത്രം എനിക്കറിയാം എന്ന് ഭാഗ്യസ്മരണാർഹനായ കർദിനാൾ വാക്കുകൾ നമുക്ക് നൽകുന്നുണ്ട് ആണോ നമ്മുടെ സഭയെ വളരെയധികം സ്നേഹിക്കുകയും അവരുടെ പൈതൃകവും തനിമയും ആഴത്തിൽ പഠിക്കുകയും ചെയ്തിട്ടുള്ള ഒരു മഹത് വ്യക്തിയാണ് പൗരസ്ത്യ തിരുസംഘം ത്തിൻറെ അധ്യക്ഷൻ കൂടിയായിരുന്ന cardinal തെറ്റാണ്. ഇന്ത്യയിലെ പൗരസ്ത്യ സഭ എന്ന ഗ്രന്ഥവും അദ്ദേഹത്തിൻറെ സംഭാവനയാണ് അതെ നമ്മുടെ സഭാ ചരിത്ര പഠനത്തിൻറെ പ്രഥമലക്ഷ്യം സഭാ സ്നേഹത്തിൽ വളരുക എന്നതാണ് അതുപോലെ ഒരു മാർത്തോമാ നസ്രാണി ആയിരിക്കുക എന്നത് അഭിമാനിക്കാൻ

നമുക്ക് സാധിക്കണം മലയാളത്തിലെ മഹാകവി
ഇങ്ങനെ പാടി ഭാരതമെന്ന കേട്ടാൽ
അഭിമാനപൂരിതമാകണം അന്തരംഗം കേരളമെന്ന
കേട്ടാലോ തിളക്കണം ചോര ഞരമ്പുകളിൽ ഈ
കവിവാക്യം ഇപ്രകാരം നമുക്കൊന്ന് മൊഴിമാറ്റി
നമ്മുടെ ഹൃദയത്തിൽ സൂക്ഷിക്കാം
കേട്ടാലഭിമാനപൂരിതമാകണമന്തരംഗം മാർത്തോമാ
നസ്രാണി എന്ന് കേട്ടാലോ തിളക്കണം ചോര
ഞരമ്പുകളിൽ  അതായത് ആഗോള കത്തോലിക്കാ
സഭയിലെ ഒരു അംഗമെന്ന നിലയിൽ
അഭിമാനിക്കാനും ഒരു മാർത്തോമാ നസ്രാണി എന്ന
നിലയിൽ സഭാ സ്നേഹത്തിൽ ജനിക്കുവാനും നമുക്ക്
സാധിക്കണം . മാർത്തോമാ നസ്രാണി സഭ ചരിത്ര
പഠനത്തിലൂടെ അതിമഹത്തായ ഒരു ഓർമ്മയുടെ
കൈമാറൽ ആണ് സംഭവിക്കുന്നത് തനിമയാർന്ന
ഒരു ലൈക് പൈതൃകത്തിനും സഭാത്മക
അസ്തിത്വത്തിനു അവകാശമുള്ള ഒരു ജനതയുടെ
ചരിത്രമാണ് നസ്രാണി സഭ ചരിത്രം സ്ലീഹ മാരായ
പത്രോസും യാക്കോബും പൗലോസും മറ്റും
ജെറുസലേമിൽ അന്ത്യോഖ്യ ആയാലും റോമിലും
ഒക്കെ സുവിശേഷപ്രഘോഷണം നടത്തിയ അതേ
കാലഘട്ടത്തിൽ തന്നെ പ്രതിബന്ധങ്ങളെ

www.malankaralibrary.com

മറികടന്നുകൊണ്ട് ഈശോമിശിഹായുടെ ശിഷ്യനായ മാർ തോമാ ശ്ലീഹ നമ്മുടെ ഭാരതമണ്ണിൽ സുവിശേഷം അറിയിച്ചു . അങ്ങനെ വിശുദ്ധ തോമാശ്ലീഹ യിലൂടെ അദ്ദേഹത്തിൻറെ മിസ്സിസ് അനുഭവത്തിലൂടെ ആദിമ നൂറ്റാണ്ടിൽ തന്നെ സഭ ഇവിടെ ജന്മമെടുത്തു എന്നാൽ അതേസമയം ആർഷഭാരത സംസ്കാരത്തിലെ നന്മകളെ കൂടെ നിർത്തിക്കൊണ്ടാണ് സഭ ഇത് ഇവിടെ വളർന്ന് വികസിച്ചത് മാത്രമല്ല പൗരസ്ത്യ ആരാധനക്രമ ചൈതന്യവും ആദ്യം മുതലേ ഈ സഭയുടെ കൈമുതൽ ആയിരുന്നു ഇപ്രകാരം ലഭിച്ച ഈ അനുഭവത്തെ മാർഗ്ഗം എന്ന പേരിൽ വിശ്വസ്തതയോടെ അഭിമാനത്തോടുകൂടി ആരാണ് നമ്മുടെ പൂർവ പിതാക്കൾ. അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരുന്ന മാർത്തോമാ മാർഗ്ഗം തങ്ങൾക്ക് വിശുദ്ധ തോമാശ്ലീഹ യിൽ നിന്ന് കൈമാറി കിട്ടിയ ഈ സഭാ പൈതൃകത്തെ നീണ്ട പതിനാല് നൂറ്റാണ്ടുകൾ ഒരു നിധി പോലെ കാത്തു സൂക്ഷിച്ച വരാണ് മാർത്തോമാ നസ്രാണികൾ വിശ്വാസത്തിൽ ക്രൈസ്തവരും ആരാധന പാരമ്പര്യത്തിൽ പൗരസ്ത്യരും ആചാരാനുഷ്ഠാനങ്ങളിൽ ഭാരതീയനാണ് സീറോ

www.malankaralibrary.com

മലബാർ സഭയുടെ ആധുനിക സഭാപിതാവ് എന്ന്
വിശേഷിപ്പിക്കപ്പെടുന്ന പുണ്യശ്ലോകനായ മാർ
തോമാ നസ്രാണികൾ വിശേഷിപ്പിച്ചിരിക്കുന്നത്.
ചുരുക്കത്തിൽ ക്രൈസ്തവ വിശ്വാസത്തെയും പൗരസ്ത്യ
ആരാധനക്രമത്തിലെ യും ആർഷ ഭാരത
സംസ്കാരത്തെയും ഒരു സമഞ്ജസ സമ്മേളനമാണ്
മാർത്തോമാ സഭാ പാരമ്പര്യം എന്ന് നമുക്ക്
മനസ്സിലാക്കാം ഒരു തനിമയോടെ വളർന്നുവന്ന
മാർത്തോമാ നസ്രാണി സഭ പതിനാറാം നൂറ്റാണ്ട്
വരെ ഭാരത മണ്ണിൽ ആഴത്തിൽ വേരൂന്നി
വളർന്നുവന്നു. എന്നാൽ ആദ്യത്തെ ശക്തിയും
ആദ്യത്തെ പ്രണയം നിറഞ്ഞ പാശ്ചാത്യ
ശക്തികളുടെ മേൽക്കോയ്മ വലയത്തിൽ നമ്മുടെ
സഭയുടെ അകപ്പെട്ടുപോകുന്ന ഒരു ചരിത്രമാണ്
പതിനാറാം നൂറ്റാണ്ട് നമ്മോട് പറയുന്നത്
ഈജിപ്തിലെ അടിമത്വത്തിൽ നിന്നും
ബാബിലോണിൽ പ്രവാസത്തിൽ നിന്നും
മുക്തിനേടാൻ ആഗ്രഹിച്ച ഇസ്രായേൽക്കാരുടെ
പോലെ നമുക്ക് നഷ്ടമായ മാർത്തോമ്മാ
നസ്രാണികൾ അനുഭവിച്ച അനുഭവിച്ചറിയാൻ
അതിലേക്ക് പൂർണ്ണമായും തിരിച്ചു വരുവാൻ
ആഗ്രഹിക്കുന്ന അനേകർ പ്രത്യേകിച്ച് യുവജനങ്ങൾ

www.malankaralibrary.com

നമ്മുടെ ഇടയിലുണ്ട് ഇത് തീർച്ചയായും പ്രത്യാശയും പ്രതീക്ഷയും നൽകുന്നതാണ്. പഴയ നിയമ കാലം മുതൽ തന്നെ നമ്മുടെ നാട് വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് യൂദരുടെ ഇടയിൽ അറിയപ്പെട്ടിരുന്ന ഇവിടുത്തെ കുരുമുളകും കറുവപ്പട്ടയും ഇഞ്ചിയും ഏലവും ചന്ദനവും ആനക്കൊമ്പ് വിദേശരാജ്യങ്ങളിൽ കേൾവികേട്ട വസ്തുായിരുന്ന ഇവയെല്ലാം ഇവിടെ നിന്ന് ബാബിലോൺ തുടങ്ങിയ സ്ഥലങ്ങളിലേക്ക് കയറ്റി ഇട്ടിരുന്ന അയക്ക് പെട്ടിരുന്ന വാണിജ്യ വ്യാപാര രംഗത്ത് അതീവ തൽപരനായിരുന്ന യഹൂദർ ഇവിടെ വരികയും ഭാരതത്തിലെ പ്രധാന കേന്ദ്രങ്ങളിൽ വ്യാപാര സൗകര്യാർത്ഥം അവരുടെ കോളനികൾ സ്ഥാപിക്കുകയും ചെയ്തു. ബിസി 326 മാസിഡോണിയൻ ചക്രവർത്തി മഹാനായ അലക്സാണ്ടർ പേർഷ്യൻ സാമ്രാജ്യം കടന്ന് ഉത്തരേന്ത്യയിൽ പ്രവേശിച്ച ഇത് പാശ്ചാത്യ-പൗരസ്ത്യ സമ്പർക്കത്തിന് കൂടുതൽ വഴിതുറന്ന ഈ ചരിത്ര പശ്ചാത്തലത്തിലാണ് ഈ ഡി 49 നം ഇടയ്ക്ക് തോമാശ്ലീഹാ നടത്തിയ ആദ്യത്തെ പ്രേക്ഷിത യാത്രയെ കുറിച്ചുള്ള പഠനങ്ങൾ നടക്കുന്നത് തോമാശ്ലീഹാ സന്ദർശിച്ചതായി കരുതപ്പെടുന്ന രാജാവിൻറെ നാണയങ്ങളും ലഭ്യത കളും

www.malankaralibrary.com

തോമാശ്ലീഹായുടെ ഒന്നാം പ്രേക്ഷിത യാത്രയുടെ തെളിവുകളാണ്. പുരാതന ഇന്ത്യയുടെ വടക്ക പടിഞ്ഞാറൻ മേഖലയിലെ കേന്ദ്രമാക്കി വളർന്നുവന്ന സഭ മാർത്തോമ ക്രിസ്ത്യാനികളുമായി നിലനിർത്തിയിരുന്ന ബന്ധം ഓരോ ആരംഭിച്ച സഹോദരി സഭകൾ എന്ന തലത്തിലുള്ള ആയിരിക്കാം വിദേശീയ ആക്രമണങ്ങളും ആഭ്യന്തര യുദ്ധങ്ങൾ മൂലം ഈ പ്രദേശത്തുള്ളവർ ക്രൈസ്തവർ ഉൾപ്പെടെ മറ്റു സ്ഥലങ്ങളിലെ സുരക്ഷിതസ്ഥാനങ്ങളിലേക്ക് കുടിയേറി എന്നാൽ അനുകൂല സാഹചര്യങ്ങൾ ലഭിച്ചതിനാൽ ദക്ഷിണേന്ത്യയിലെ ആദ്യ ക്രൈസ്തവ സമൂഹങ്ങൾക്ക് തങ്ങളുടെ മാർത്തോമാ നസ്രാണി സംരക്ഷിച്ചു പരിപോഷിപ്പിക്കാനും അയൽ സഭകളുമായി സജീവ ബന്ധം പുലർത്തി വളർന്നു വരുവാൻ സാധിച്ചു അതിനെക്കുറിച്ച് നമുക്ക് അടുത്ത ക്ലാസ്സിൽ പഠിക്കാം

മാർത്തോമാ നസ്രാണി സഭാചരിത്രം

ഫാദർ തോമസ് തെക്കേമുറി

വലിയതോവാള വികാരി

കാഞ്ഞിരപ്പള്ളി രൂപത

www.malankaralibrary.com

An initiative of SMYM Kattappana Forane

മാർത്തോമ്മാ നസ്രാണി സഭയുടെ വളർച്ചയിൽ അയൽ സഭകളും ആയിട്ടുള്ള ബന്ധം നിർണായകസ്വാധീനം വരുത്തിയിട്ടുണ്ട്. എന്നാൽ ഈ ബന്ധം ഒരിക്കലും ഒരു മേൽക്കോയ്മയായി പരിണമിച്ചില്ല. അതേസമയം സ്വാഭാവികമായി രൂപംകൊണ്ടതും പരസ്പരം വളർത്തു ന്നതുമായ ഒരു ബന്ധമായിരുന്നു. മാർത്തോമ്മാ നസ്രാണി സഭയും കൽദായസഭയുമായുള്ള ബന്ധമാണ് ഇവയിൽ ഏറ്റവും ശ്രദ്ധേയം. ഈ ബന്ധത്തിന് പല കാരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാനാവും.

**ഒന്നാമതായി മാർത്തോമാ നസ്രാണി സഭയും കൽദായ സഭയും ഒരേ ശ്ളൈഹിക**

www.malankaralibrary.com

പാരമ്പര്യത്തിൽ – തോമ്മാസഭ കളിൽ

ഉൾപ്പെട്ടതാണ്. വിശുദ്ധ തോമാശ്ലീഹാ നേരിട്ടോ

അദ്ദേഹത്തിന്റെ ശിഷ്യന്മാരാലോ സ്ഥാപിക്കപ്പെട്ട

സഭകളെയാണ് തോമ്മാസഭകൾ എന്ന്

വിശേഷിപ്പിക്കുന്നത്. നസ്രാണി സഭയ്ക്ക് പുറമേ

ഏദ്ദേസ്യൻസഭ, പേർഷ്യൻ സഭ, കൽദായസഭ

എന്നിവയാണ് തോമ്മാസഭകളായി അറിയപ്പെടുന്നത്.

ഇവയിൽ നസ്രാണി സഭയും പേർഷ്യൻ സഭയും

തോമാശ്ലീഹാ നേരിട്ടും, ഏദ്ദേസ്യൻസഭ അദ്ദേഹത്തിന്റെ

ശിഷ്യനായ മാർ അദ്ദായിയും, കൽദായസഭ മാർ

മാറിയും സ്ഥാപിച്ചുവെന്നാണ് കരുതപ്പെടുന്നത്. ഈ

സഭകൾക്കെല്ലാം തോമ്മാശ്ലീഹായുടെ പൊതുവായ

ശ്ളൈഹിക പാരമ്പര്യമാണ് ഉള്ളത് എന്ന് നിസ്സംശയം

പറയാം.

www.malankaralibrary.com

രണ്ടാമതായി ഈ സഭകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ തമ്മിൽ വാണിജ്യ സാംസ്കാരിക ബന്ധങ്ങൾ നിലനിന്നിരുന്നുവെന്നതാണ്. കേരളം സുഗന്ധദ്രവ്യങ്ങൾക്ക് പേരുകേട്ട നാടായിരുന്നുവല്ലോ. ഇവയുടെ വാണിജ്യം ഇവിടെയുള്ളവരുടെ ഒരു പ്രധാന തൊഴിലും ആയിരുന്നു. സുഗന്ധദ്രവ്യങ്ങൾക്ക് വേണ്ടി കടൽമാർഗം കേരളവുമായി വിദേശ രാജ്യങ്ങൾ വളരെ പണ്ടുതന്നെ ബന്ധം സ്ഥാപിച്ചിരുന്നു. പേർഷ്യ, മെസേപ്പൊട്ടേമിയ, എദ്ദേസാ  എന്നീ സമീപ രാജ്യങ്ങൾ  ഇത്തരത്തിൽ കേരളവുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ഈ വാണിജ്യ ബന്ധം ഒരു സാംസ്കാരിക കൈമാറ്റത്തിന് ഇടയാക്കിയിരുന്നു.  മാത്രമല്ല വാണിജ്യ കാര്യങ്ങളിൽ തല്പരരായിരുന്ന ധാരാളം യഹൂദരും ഈ കാലത്ത് കേരളത്തിൽ വന്നിരുന്നു.

www.malankaralibrary.com

ഇപ്രകാരം ഇവിടെയുണ്ടായിരുന്ന യഹൂദസാന്നിദ്ധ്യം ആയിരിക്കാം തോമാശ്ലീഹായുടെ ഭാരത പ്രേക്ഷിതത്വത്തിന്റെ  ഒരു കാരണം.

മാർത്തോമാ നസ്രാണി സഭയും കൽദായ സഭയും തമ്മിലുള്ള ബന്ധത്തെ ദൃഢമാക്കിയ മൂന്നാമത്തെ കാരണം ഈ സഭകൾ തമ്മിലുള്ള ഭാഷാപരമായ ബന്ധമാണ്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അറമായ ദൈവിക വെളിപാടിന്റെ ഭാഷയാണ്; കാരണം ഇത് ഈശോയുടെ സംസാരഭാഷ ആയിരുന്നു. അറമായഭാഷയുടെ വികസിത രൂപമാണ് സുറിയാനി. അതിനാൽ തന്നെ സുറിയാനി ഭാഷയോട് ആദിമക്രൈസ്തവർക്ക് വലിയ താല്പര്യം ഉണ്ടായിരുന്നു . ഭാഷാപരമായ ഈ ഒരു താൽപര്യം തോമ്മാസ്സഭകളെ കൂടുതൽ അടുപ്പിക്കുന്നതിന് കാരണമായി .സുറിയാനി,

www.malankaralibrary.com

മാർത്തോമാ നസ്രാണികളുടെ

ആരാധനക്രമഭാഷയായും സ്വീകരിക്കപ്പെട്ടു .നമ്മുടെ

കർത്താവായ ഈശോമിശിഹാ സംസാരിച്ച പൗരസ്ത്യ

സുറിയാനി ഭാഷയിൽ തന്നെ ആരാധനക്രമം

അനുഷ്ഠിക്കുവാൻ ദൈവാനുഗ്രഹം ലഭിച്ചവരാണ്

മാർത്തോമാ നസ്രാണികൾ. ഇന്ന് പൗരസ്ത്യ സുറിയാനി

ഭാഷയും പൈതൃകവും സംരക്ഷിക്കുവാൻ ഏറ്റവും

അനുകൂലമായ  സാഹചര്യവും ഉത്തരവാദിത്വവും ഉള്ള

സഭയാണ് നമ്മുടേത് എന്ന് നമുക്ക് ഓർക്കാം

(ഇതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ സുറിയാനി

ഭാഷയെക്കുറിച്ചുള്ള ക്ലാസ്സിൽ മനസ്സിലാക്കുവാൻ നമുക്ക്

സാധിക്കും.)

മാർത്തോമാ നസ്രാണിസഭയും

കൽദായസഭയും തമ്മിലുള്ള ഏറ്റവും കാതലായ

കാര്യം ഇരുസഭകളും ഉപയോഗിക്കുന്നത് ഏറ്റവും

www.malankaralibrary.com

പുരാതനമായ പൗരസ്ത്യ സുറിയാനി ആരാധനക്രമം ആണ് എന്നുള്ളതാണ്. ഈ ആരാധനക്രമത്തെ വളരെയധികം സ്നേഹിക്കുകയും പരിപാവനമായി കരുതുകയും ചെയ്തവരാണ് മാർത്തോമാ നസ്രാണികൾ. പ്രസ്തുത ആരാധനക്രമത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ശ്രമിച്ചവരെ ശക്തമായി എതിർത്ത ഒരു പാരമ്പര്യവും നമ്മുടെ പൂർവികർക്കുണ്ട്.

ഭാരതത്തിലെ മാർ തോമാ നസ്രാണികളും കൽദായക്കാരും ഒരേ വർഗ്ഗത്തിൽ പെട്ടവരാണ് എന്ന് ആധുനിക കാലത്ത് ചില പരിവേഷണങ്ങൾ സൂചിപ്പിക്കുന്നുണ്ട്. സിന്ധു-ഗംഗാനദീതട സംസ്കാരത്തിൽ ജീവിച്ചിരുന്ന ഭാരതീയരും സുമേറിയൻ സംസ്കാരത്തിൽ ജീവിച്ചിരുന്ന കൽദായരും ഏതാണ്ട് ഒരേ വർഗ്ഗത്തിൽ പെട്ടവരാണ്.

www.malankaralibrary.com

*ഈ രണ്ടു സംസ്കാരങ്ങൾ തമ്മിൽ വളരെ അഭേദ്യമായ ഒരു ബന്ധം ഉണ്ടായിരുന്നു. വർഗ്ഗപരമായ ഈ അടുപ്പം മാർത്തോമ്മാ നസ്രാണി സഭയും കൽദായസഭയും തമ്മിലുള്ള ബന്ധത്തെ കൂടുതൽ ദൃഢമാക്കി. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം സുദൃഢമായ ഒരു ബന്ധം കൽദായ സഭയുമായി നിലനിർത്തിയിരുന്നു വെങ്കിലും മാർത്തോമ്മാ നസ്രാണികൾ അതിൻറെ ഭരണപരമായ രംഗത്ത് പുറമേ നിന്നുള്ള യാതൊരു അധീശ മനോഭാവത്തെയും അംഗീകരിച്ചിരുന്നില്ല. ചുരുക്കത്തിൽ നമ്മുടെ മാതൃസഭ കൽദായ സഭയുമായും ഇതര സഭകളുമായും നല്ലൊരു ബന്ധത്തിൽ നിലനിന്നു കൊണ്ട് തനതായ ഒരു വ്യക്തിത്വത്തിലൂടെ ഭാരത മണ്ണിൽ ആഴത്തിൽ വളർന്നു.*



www.malankaralibrary.com

**മാർത്തോമ്മാ നസ്രാണി സഭയുടെ ചരിത്രം**

**പരിശോധി**ക്കു മ്പോൾ നമുക്ക് കാണാൻ സാധിക്കുന്ന മറ്റൊരു സവിശേഷത മാർത്തോമ്മാ നസ്രാണി സഭയുടെ ആചാരാനുഷ്ഠാനങ്ങളിലും ആധ്യാത്മികതയിലും കണ്ടുവരുന്ന യഹൂദ സ്വാധീനമാണ്. ഇതും നമ്മുടെ മാതൃസഭയുടെ പൗരാണികതയിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

നമ്മുടെ നാട് കുടിയേറ്റക്കാരുടെ നാടാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്. സഹസ്രാബ്ദങ്ങൾക്ക് മുമ്പുതന്നെ ലോകത്തിന്റെ  വിവിധ സ്ഥലങ്ങളിലുള്ളവർ ,വിവിധ വർഗ്ഗത്തിലും വർണ്ണത്തിലും ഉള്ളവർ ഭാരതത്തിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. പ്രാചീനഭാരതം ജൈനമതം, ബുദ്ധമതം ,യഹൂദമതം തുടങ്ങിയ പല മതങ്ങളുടെയും രംഗഭൂമിയായിരുന്നു. വളരെ പുരാതനകാലം മുതൽ ഇവിടെ

www.malankaralibrary.com

യഹൂദമതത്തിന്റെ ശക്തമായ വേരോട്ടം ഉണ്ടായിരുന്നു.

മഹാനായ സോളമൻ രാജാവിന്റെ കാലത്ത്

ആനക്കൊമ്പ്, മയിൽ, കുരങ്ങ്, വെള്ളി എന്നിവ

ജറുസലേമിലേക്ക് കയറ്റി അയച്ചിരുന്നു എന്നതിന്

വ്യക്തമായ തെളിവുകൾ ഉണ്ട്. അതുകൂടാതെ കുരുമുളക്,

ഏലം, ചന്ദനം, കറുവാപ്പട്ട എന്നിവയും ഇവിടെ നിന്ന്

കയറ്റി അയയ്ക്കപ്പെട്ടിരുന്നു. ഇവയുടെയെല്ലാം

വ്യാപാരികൾ യഹൂദർ ആയിരുന്നു. ക്രമേണ ഈ

വ്യാപാരകേന്ദ്ര ങ്ങളോട് ചേർന്ന് യഹൂദ കോളനികളും

രൂപം പ്രാപിച്ചു.

യഹൂദരുടെ ഇവിടുത്തെ സാന്നിധ്യം തമിഴ്-

മലയാളം ഭാഷകളിലും സ്വാധീനം ചെലുത്തിയിരുന്നു.

ഇവിടെയുണ്ടായിരുന്ന ഈ യഹൂദ സാന്നിധ്യമാണ്

ഭാരതത്തിലേക്കുള്ള വിശുദ്ധ തോമാശ്ലീഹായുടെ

ആഗമനത്തിന് നിമിത്തമായത് എന്ന് നാം നേരത്തെ

www.malankaralibrary.com

കണ്ടുകഴിഞ്ഞു. യഹൂദ ജനതയുടെ വിശ്വാസ ദർശനത്തിന് ഒരു തനിമയുണ്ട്. പ്രപഞ്ച സൃഷ്ടി മുതൽ ആരംഭിക്കുന്നതാണ് ഇത്. പഴയ നിയമത്തിലൂടെ (Old Testament) ഇന്ന് നമുക്ക് അത് വ്യക്തമായി ലഭിക്കുന്നുണ്ട്. മാർത്തോമാ നസ്രാണികൾ ഈ വിശ്വാസ പാരമ്പര്യത്തിന് വെളിപാടിന്റെപ്രാധാന്യം നൽകിയിരുന്നു . വേദഗ്രന്ഥങ്ങളെ അവയുടെ ഉറവിട പരിശുദ്ധിയിലും പാരമ്പര്യത്തിലും അതിൻറെ മൂലഭാഷയിൽ തന്നെ മനസ്സിലാക്കി സംരക്ഷിക്കേണ്ടതാണ്. അതിനാൽ മാർത്തോമാ നസ്രാണികൾ ഈശോയുടെ സംസാരഭാഷയ്ക്കും പ്രാധാന്യം നൽകി. ആ ഭാഷയിൽ തന്നെ വിശുദ്ധ ഗ്രന്ഥത്തെ മനസ്സിലാക്കാൻ ശ്രമിച്ചു. ഇത് യഹൂദരുടെ സഹവാസത്തിലൂടെ നമുക്ക് ലഭ്യമായതാണ്. ദൈവിക വെളിപാടുകളുടെ ഉറവിടത്തോടുള്ള ആദരപൂർവ്വമായ

www.malankaralibrary.com

വിധേയത്വമനോ ഭാവവും വിശ്വാസപാരമ്പര്യത്തോടുള്ള വിശ്വസ്തതയും മാർത്തോമാ നസ്രാണികൾക്ക് കൈമുതൽ ആയിരുന്നുവെന്നതിന്റെ സൂചനയാണ് അവർക്ക് സുറിയാനി ഭാഷയോട് ഉണ്ടായിരുന്ന ഈ ആദരവ്.

മേൽപ്രസ്താവിച്ച യഹൂദ ബന്ധത്തിൽ നിന്ന് ഉരുത്തിരിഞ്ഞ തനിമയാർന്ന പൈതൃകമാണ് ആചാരാനുഷ്ഠാന ങ്ങളിലൂടെ മാർത്തോമാ നസ്രാണികൾ പിന്തുടരുന്നത്. നമ്മുടെ സഭയിൽ നിലവിലിരിക്കുന്ന പല ആചാരങ്ങളും യഹൂദ ബന്ധത്തിൽ നിന്ന് ലഭിച്ച വയും ആദിമസഭയുടെ ശ്ളൈഹിക പൈതൃകത്തിന്റെ അവിഭാജ്യ ഭാഗവുമാണ്. ഇതിൻറെ വ്യക്തമായ ഒരു ഉദാഹരണം നമ്മുടെ പെസഹാ തിരുനാൾ ആണ്. യഹൂദരുടെ ഏറ്റവും വലിയ തിരുനാൾ ആണല്ലോ

www.malankaralibrary.com

ഇന്നും പെസഹാ. കുടുംബനാഥന്റെ നേതൃത്വത്തിൽ ആണ് അവർ അത് ആചരിച്ചുവരുന്നത്. അന്നേ ദിവസം അവർ ഭവനങ്ങളിൽ പെസഹാ കുഞ്ഞാടിനെ ഭക്ഷിക്കുകയും വീഞ്ഞ് പാനം ചെയ്യുകയും ചെയ്യുന്നു. മാർത്തോമാ നസ്രാണികൾ ആയ നമുക്കും നമ്മുടെ ഭവനങ്ങളിൽ വർഷംതോറും മുടങ്ങാതെ നടക്കുന്ന ഏറ്റവും വലിയ ആഘോഷം ആണല്ലോ പെസഹാത്തിരുനാൾ. എന്നാൽ യഹൂദപെസഹായ്ക്കു പകരം ഈശോമിശിഹായിലൂടെ ആരംഭിച്ച പുതിയ ഇസ്രായേലിന്റെ- സഭയുടെ- ചരിത്രം ആണ് ഇവിടെ അനുസ്മരിക്കുന്നത്. കുഞ്ഞാടിന് പകരം 'കുരിശപ്പവും' വീഞ്ഞിന് പകരം 'മധുരപാനീയവും' ആണ് നസ്രാണി കുടുംബങ്ങളിൽ കുടുംബനാഥൻ പ്രാർത്ഥനാപൂർവ്വം ആചാരാനുഷ്ഠാന വിധികളോടെ കുടുംബാംഗങ്ങൾക്ക് നൽകുന്നത്.

www.malankaralibrary.com

പഴയനിയമ പെസഹായുടെയും പുതിയനിയമ പെസഹായുടെയും ഒരു കൂടിച്ചേരലാണ് മാർത്തോമാ നസ്രാണികളുടെ പെസഹാരണം. പൂർവികരുടെ പേരുകൾ മൂത്ത മക്കൾക്ക് നൽകുന്ന പാരമ്പര്യവും നാം യഹൂദരിൽ നിന്ന് സ്വീകരിച്ചിട്ടുള്ളതാണ്.

ഇതുപോലെ നമ്മുടെ പല ആചാരാനുഷ്ഠാനങ്ങളിലും യഹൂദരുടെയും ആദിമക്രൈസ്തവ സമൂഹത്തിന്റേയും തനിമ നില നിർത്തിയിരിക്കുന്നതായി നമുക്ക് മനസ്സിലാക്കാം. ചുരുക്കത്തിൽ നമ്മുടെ സിറോ മലബാർ സഭ, മാർ തോമാശ്ലീഹായിലൂടെയും യഹൂദ സമ്പർക്കത്തിലൂടെയും ആദിമക്രൈസ്തവ സമൂഹത്തിന്റെ പാരമ്പര്യ ങ്ങളോട് വളരെയധികം ചേർന്ന് പോകുന്നതാണ്.

www.malankaralibrary.com

## നസ്രാണി പഠന പരമ്പര ക്ലാസ്സ്- 17

### മാർ തിയഡോറിന്റെ കൂദാശാക്രമം

**ഡോ. ജോസഫ് കുറ്റിയാങ്കൽ**

**ഡയറക്ടർ ഫാമിലി അപ്പോസ്റ്റലേറ്റ്**

**പാലാ രൂപത**

ഈശോയിൽ പ്രിയമുള്ള സഹോദരി സഹോദരന്മാരെ... സീറോമലബാർസഭ, പൗരസ്ത്യ സുറിയാനി ക്രമം പിന്തുടരുന്ന സഭയാണ്. ഈ സഭയുടെ ആരാധനാശൈലി അനുസരിച്ച് മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പരിശുദ്ധ കുർബാനയ്ക്ക് മാർ തിയഡോറിന്റെ പേരിലുള്ള കൂദാശക്രമം ആണല്ലോ ഉപയോഗിക്കേണ്ടത്. മാർ തിയഡോറിന്റെ കൂദാശാക്രമത്തെ ഒന്ന് പരിചയപ്പെടുത്താം.

പരിശുദ്ധ കുർബാന എന്നത് നമ്മുടെ കർത്താവീശോമിശിഹായുടെ പെസഹാ രഹസ്യങ്ങളുടെ അനുസ്മരണവും,

www.malankaralibrary.com

ആഘോഷവും, അനുഷ്ഠാനവുമാണ്. പെസഹാ രഹസ്യങ്ങൾ എന്നത് കർത്താവീശോമിശിഹായുടെ പീഢാസഹനവും കുരിശുമരണവും ഉത്ഥാനവും അടങ്ങുന്ന മഹാരഹസ്യങ്ങളാണ്. കുർബാന സഭയുടെ ഏറ്റവും വലിയ ആരാധനയാണ്. ഈശോയുടെ പെസഹാരഹസ്യ ങ്ങളിലൂടെ രക്ഷിക്കപ്പെട്ടിരിക്കുന്ന സഭ, പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന ആരാധനയുടെ ഏറ്റവും ഉന്നതമായ ശൈലിയാണ്, ഏറ്റവും ഉന്നതമായ രീതിയാണ് പരിശുദ്ധ കുർബാന. കറവാദ് എന്ന സുറിയാനി ധാതുവിൽ നിന്നുമാണ് കുർബാന എന്ന പദമുണ്ടായത്. അർപ്പിക്കുക, സമർപ്പണം, ഉയർത്തൽ എന്നെല്ലാമാണ് ആ വാക്കിന്റെ അർത്ഥം. ദൈവമായ കർത്താവിന് അവിടുത്തെ മക്കളായ മനുഷ്യർ അർപ്പിക്കുന്ന ബലിയാണ് കുർബാന. ഈ കുർബാനയിൽ വ്യത്യസ്തമായ ഭാഗങ്ങളുണ്ട്. ഈശോയുടെ ജനനം മുതൽ കർത്താവിന്റെ രണ്ടാമത്തെ ആഗമനം വരെയുള്ള രഹസ്യങ്ങളെല്ലാം പരിശുദ്ധ കുർബാനയിൽ പ്രതീകാത്മകമായി അനുസ്മരിക്കപ്പെടുന്നു. അതോടൊപ്പം ഈശോയുടെ പീഢാനുഭവ മരണ-

www.malankaralibrary.com

ഉത്ഥാനങ്ങൾ പല പ്രാവശ്യം നമ്മൾ പരിശുദ്ധ കുർബാനയിൽ അനുസ്മരിച്ച് പ്രാർത്ഥിക്കുന്നു.

പരിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗം എന്ന് വിശേഷിപ്പിക്കാവുന്നത് കൂദാശാഭാഗത്തെയാണ്. നമ്മുടെ സിറോ മലബാർ സഭയുടെ പരിശുദ്ധ കുർബാനയിൽ കൂദാശാഭാഗം നടക്കുന്നത് മദ്ബഹക്കുള്ളിൽ വച്ചാണ്. " എന്റെ സഹോദരരേ ഈ കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ " എന്നുള്ള കാർമ്മികന്റെ പ്രാർത്ഥനാഭ്യർത്ഥനയെ തുടർന്നുള്ള ഭാഗമാണ് 'അനാഫൊറ' അല്ലെങ്കിൽ കൂദാശാക്രമം. ഇത് അവസാനിക്കുന്നത്

'അതിപൂജിതമാം നിൻ

തിരുനാമത്തിനിതാ '

എന്നുള്ള കീർത്തനത്തോടുകൂടെയാണ്, അതൊരു കാനോനയാണ്. ആ കാനോന അവസാനിക്കുന്നതോടുകൂടി അനാഫൊറ അവസാനിക്കുന്നു.

www.malankaralibrary.com

ക്രൈസ്തവസഭകളുടെ പൊതുവായ സ്വഭാവം അനുസരിച്ച് കുർബാനയുടെ കേന്ദ്രഭാഗത്തെ അനാഫൊറ എന്നാണ് വിളിക്കുന്നത്. അത് ഒരു ഗ്രീക്ക് പദമാണ് അനാഫൊറൈൻ എന്ന ഗ്രീക്ക് പദത്തിൽ നിന്നും രൂപപ്പെട്ടതാണ്. അതിന്റെ അർത്ഥവും ഉയർത്തൽ, അർപ്പണം, ബലി എന്നെല്ലാമാണ്. പൗരസ്ത്യ സഭാപിതാക്കന്മാർ, പ്രത്യേകിച്ച് പൗരസ്ത്യസുറിയാനി സഭാപിതാക്കന്മാർ വിശുദ്ധ കുർബാനയെ രഹസ്യങ്ങൾ എന്നാണ് വിളിച്ചിരുന്നത്. നർസൈ എന്ന സഭാപിതാവ് സഭയുടെ രഹസ്യം എന്ന് പരിശുദ്ധ കുർബാനയെ വിളിക്കുന്നുണ്ട്. എന്നാൽ തിമോത്തി പാത്രിയാർക്കീസ് ഈ പരിശുദ്ധ കുർബാനയെ രഹസ്യങ്ങൾ, അർപ്പണം, റാസ എന്നെല്ലാം വിളിക്കുന്നതായിട്ടും ഇവരുടെയൊക്കെ ആരാധനാക്രമവ്യാഖ്യാനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കുർബാനയുടെ കേന്ദ്രഭാഗത്തെ അനാഫൊറ, കൂദാശ എന്നാണ് നമ്മൾ വിളിക്കുന്നത്. കൂദാശ എന്ന വാക്ക് സുറിയാനി ഭാഷയിലെ കദശ് എന്ന വാക്കിൽ നിന്നും ആണ് എടുത്തിരിക്കുന്നത്. ഈ വാക്കിന്റെ അർത്ഥം

www.malankaralibrary.com

വിശുദ്ധീകരിക്കുക എന്നതാണ് വിശുദ്ധികരിക്കുന്നതാണ് ഇവിടെ സംഭവിക്കുന്നത്.

ഈ കൂദാശക്രമം നമ്മുടെ സഭയിൽ 3 വിധത്തിലാണ് ഉപയോഗിക്കുന്നത്. അല്ലെങ്കിൽ 3 തരത്തിലുള്ള കൂദാശാക്രമങ്ങളാണ് പൗരസ്ത്യ സുറിയാനി ആരാധനക്രമ പാരമ്പര്യത്തിലുള്ളത്. മറ്റ പൗരസ്ത്യ സഭകളുടെ പാരമ്പര്യത്തിലും അനേകം കൂദാശാക്രമങ്ങൾ ഉപയോഗി ക്കാറുണ്ട്; അല്ലെങ്കിൽ അനാഫൊറകളുണ്ട്. ലത്തീൻ സഭയിൽ 4 അനാഫൊറകളും , ബൈസന്റയിൻ പാരമ്പര്യത്തിൽ മൂന്നും , അന്ത്യോ ക്യൻ പാരമ്പര്യത്തിൽ പതിമൂന്നും, പൗരസത്യ സുറിയാനി പാരമ്പര്യത്തിൽ മൂന്നും കൂദാശാക്രമങ്ങളാണ് ഇപ്പോൾ ഉപയോഗത്തി ലിരിക്കുന്നത്. പൗരസ്ത്യ സുറിയാനി സഭയായ സീറോ മലബാർ സഭയിൽ അതിന്റെ പാരമ്പര്യമനുസരിച്ച് 3 കൂദാശാക്രമങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഒന്നാമത്തേത് ശ്ലീഹന്മാരുടെ കൂദാശക്രമം; അത് മാർ അദ്ദായി - മാർ മാറി എന്നീ അനുഗ്രഹീത ശിക്ഷ്യന്മാരുടെ പേരിലാണ് അറിയപ്പെടുന്നത്. രണ്ടാമത്തേത് മാർ തിയഡോറിന്റെ

www.malankaralibrary.com

കൂദാശക്രമം. മൂന്നാമത്തേത് മാർ നെസ്തോറിയസിന്റെ കൂദാശക്രമം. ഇതിൽ നാം ഇപ്പോൾ മനസിലാക്കുന്നത് മാർ തെയഡോറിന്റെ കൂദാശക്രമമാണ്.

മംഗളവാർത്തക്കാലത്തിലെ ഒന്നാമത്തെ ഞായറാഴ്ച മുതൽ ഓശാന ഞായറാഴ്ച വരെയാണ് തിയഡോറിന്റെ കൂദാശക്രമം സഭയിൽ പരമ്പരാഗതമായി ഉപയോഗിച്ചുകൊണ്ടിരുന്നത്. മാർ തിയഡോർ എന്ന പിതാവിന്റെ പേരിലാണ് ഈ കൂദാശക്രമം അറിയപ്പെട്ടിരുന്നതെങ്കിലും ഇതിന്റെ രചയിതാവ് മാർ തിയഡോറാണോ എന്നതിൽ ബലമായ സംശയം ആരാധനാമതപണ്ഡിതന്മാരിലുണ്ട്. അല്ല എന്നാണ് പൊതുവായ അഭിപ്രായം. തിയഡോറിന്റെ മതാധ്യാപന പ്രസംഗ ങ്ങളിലെ പല ചിന്തകളും ദൈവശാസ്ത്ര ചിന്തകളും ഈ കൂദാശാക്രമത്തിൽ ഉള്ളതുകൊണ്ടാണ് ഈ കൂദാശാക്രമത്തിന്റെ രചയിതാവ് മാർ തിയഡോറാണെന്ന് തെറ്റായി ചിന്തിക്കാനുള്ള കാരണം.

തിയഡോർ എന്ന സഭാപിതാവിനെ ഒരു പരിധിവരെയെങ്കിലും സഭ തെറ്റായി കാണുകയും അദ്ദേഹം തെറ്റ് പഠിപ്പിക്കുന്ന വ്യക്തിയാണെന്ന് കരുതുകയും ചെയ്തിരുന്ന ഒരു

www.malankaralibrary.com

കാലമുണ്ടായിരുന്നു. പക്ഷെ ആധുനിക കാലത്തിലെ ദൈവശാസ്ത്ര പണ്ഡിതന്മാരും സഭാവിജ്ഞാനികളും ആരാധനക്രമ അവബോധമുള്ളവരുമൊന്നും ഇദ്ദേഹം ഒരു തെറ്റിന്റെ പഠിപ്പിക്കലിന്റെ കാരനായിരുന്നുവെന്ന് അംഗീകരിക്കില്ല. കലർപ്പില്ലാത്ത ക്രൈസ്തവ പ്രബോധാനം സഭയ്ക്ക് നൽകിയ വ്യക്തിയെന്നാണ് തിയഡോറിനെപ്പറ്റി ആധുനിക കാലത്തുള്ള ദൈവശാസ്ത്രജ്ഞരുടെ അഭിപ്രായം. തിയഡോറിന്റെ ദൈവശാസ്ത്രവീക്ഷണങ്ങളുടെ ആധികാരികതയെ പറ്റി ഇന്ന് കത്തോലിക്കാ സഭയ്ക്ക് യാതൊരു സംശയവുമില്ല. ഈ കുദാശാക്രമത്തിന്റെ ഘടനയും അതിന്റെ സെമിറ്റിക് പാരമ്പര്യത്തോടുള്ള ബന്ധവും പൗരസത്യ സുറിയാനി ദൈവശാസ്ത്ര പ്രമേയങ്ങളുടെ സാന്നിധ്യവുമെല്ലാം നമ്മൾ പരിശോധിക്കുമ്പോൾ ഇതിന്റെ രചയിതാവ് തിയഡോറല്ലെന്നു നമ്മുക്ക് മനസിലാക്കാൻ സാധിക്കും. AD 540 - 552 കാലഘട്ടങ്ങളിൽ പൗരസത്യ സുറിയാനി സഭയുടെ പാത്രിയർക്കീസായിരുന്ന മാർ ആബാ ആയിരിക്കും ഈ കുദാശാക്രമത്തിന്റ രചയിതാവ് എന്നാണ് പൊതുവായിട്ടുള്ള അഭിപ്രായം.

ഈ കൂദാശക്രമം സിറോമലബാർ സഭയിൽ അല്ലെങ്കിൽ ഭാരതത്തിലെ

www.malankaralibrary.com

മാർത്തോമാനസ്രാണികളുടെ സഭയിൽ ഉദയംപേരൂർ
സൂനഹദോസ് വരെ ഉപയോഗിച്ചിരുന്നു. 1599 -ൽ
ഉദയംപേരൂരിൽ വച്ച് കൂടിയ ആ സമ്മേളനത്തിൽ
തിയഡോറിന്റെ പേരിലുള്ളതും നെസ്തോറിയസിന്റെ
പേരിലുള്ളതുമായ കൂദാശാക്രമങ്ങളുടെ ഉപയോഗം
മാർത്തോമാ ക്രിസ്ത്യാനികളുടെ സഭയിൽ
അവസാനിപ്പിച്ചു. എന്നാൽ സിറോ മലബാർ സഭയിൽ
ഈ 2 കൂദാശാക്രമങ്ങളും വീണ്ടും ഉപയോഗിക്കാൻ
1957 ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പ നിർദ്ദേശിച്ചു.
പൗരസത്യ സഭകൾക്കുവേണ്ടിയുള്ള റോമിലെ
തിരുസംഘം 1962 ലും 1969 ലും 1983 ലും
വ്യത്യസ്തമായ ലേഖനങ്ങളിലൂടെയും,
നിർദേശങ്ങളിലൂടെയും ഈ കൂദാശക്രമം
പുനരുദ്ധരിക്കേണ്ട ആവശ്യകതയെ പറ്റി നമ്മുടെ
ജനത്തെ ബോധവത്കരിച്ചിരുന്നു.1986 - ൽ സീറോ
മലബാർ സഭയുടെ റാസാ ക്രമം
പുനരുദ്ധരിച്ചതിനുശേഷം തിയഡോറിന്റെ കൂദാശ
ക്രമവും പുനരുദ്ധരിച്ചു. പൂർണ്ണമായും സുറിയാനി
ഭാഷയിൽ ഉണ്ടായിരുന്ന ഈ ക്രമത്തെ
മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്ത് 2012 ഓഗസ്റ്റ്

www.malankaralibrary.com

മാസത്തിൽ കൂടിയ സിറോ മലബാർ സഭയുടെ ഇരുപതാമത്തെ സിനഡിന്റെ മൂന്നാമത്തെ സെക്ഷനിൽ വച്ച് ഈ പുതിയ വിവർത്തനത്തിന് സഭ അംഗീകാരം നൽകുകയും പരിശുദ്ധ സിംഹാസനത്തിന് അംഗീകാരത്തിനായി റോമിലേക്ക് അയക്കുകയും ചെയ്തു. 2012 ഡിസംബർ പതിനഞ്ചാം തീയതി പൗരസ്ത്യ സഭകൾക്ക് വേണ്ടിയുള്ള കാര്യാലയം ഈ കൂദാശാക്രമം അംഗീകരിച്ച നൽകി. 2013 ജൂലൈ മാസം ഇരുപത്തിനാലാം തീയതി സിറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ ഡിക്രിയിലൂടെ ഈ കൂദാശക്രമം ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തി.

1599-ൽ ഉദയംപേരൂർ സൂനഹദോസിൽ നിർത്തലാക്കിയ കൂദാശക്രമം 2013 ജൂലൈ മാസം ഇരുപത്തിനാലാം തീയതി സഭയിൽ വീണ്ടും ഔദ്യോഗികമായി ആരംഭിച്ചു. തിയഡോറിന്റെ കൂദാശ ക്രമത്തിൽ ദൈവശാസ്ത്രപരമായും വിശ്വാസസംബന്ധമായും തെറ്റുകൾ ഒന്നുമില്ലെന്ന് ആധുനിക ദൈവശാസ്ത്രജ്ഞൻമാരുടെ പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

www.malankaralibrary.com

പാലാ രൂപതയിലെ തന്നെ വൈദികനായ  ബഹുമാനപ്പെട്ട ജേക്കബ് വടക്കേൽ അച്ചൻ ഈ കൂദാശക്രമത്തെ പറ്റി ആധികാരികമായി പഠിക്കുകയും സുറിയാനി ഭാഷയിലുള്ള ക്രിട്ടിക്കൽ എഡിഷൻ ഉണ്ടാക്കിയെടുക്കുകയും ചെയ്തു. അതിന്റെ പുസ്തകം അദ്ദേഹം സഭയുടെ ഉപയോഗത്തിനായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെയും അതുപോലെ സഭയിലുള്ള മറ്റ് പഠിതാക്കളുടെയും അഭിപ്രായമനുസരിച്ച് ഈ കൂദാശയിൽ മിശിഹാ വിജ്ഞാനീയപരവും  റൂഹാ  വിജ്ഞാനീയപരവും  സഭാ വിജ്ഞാനീയപരവുമായ എല്ലാ കാര്യങ്ങളും സത്യ വിശ്വാസത്തോട് ചേർന്ന് പോകുന്നതും വിശുദ്ധ വേദപുസ്തകത്തോട് ഏറ്റവും അടുത്ത് നിൽക്കുന്നതുമാണ്. മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആരംഭിച്ചതാണ്. എന്നാൽ ആറാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന മാർ തിയഡോറിന്റെ കൂദാശക്രമം അതിന്റെ കാലഘട്ടത്തിലെ വ്യത്യാസം കൊണ്ട് തന്നെ കൂടുതൽ വികാസം പ്രാപിച്ച ദൈവശാസ്ത്ര ചിന്തകൾ ഉൾക്കൊള്ളുന്നു എന്ന് നമുക്ക്

www.malankaralibrary.com

മനസ്സിലാക്കാൻ സാധിക്കും. അദ്ദായി - മാറിയുടെ കൂദാശക്രമത്തെക്കാൾ കൂടുതൽ വികസിതമായ ദൈവശാസ്ത്ര ചിന്തകൾ മാർ തിയഡോറിന്റെ കൂദാശക്രമത്തിൽ നമുക്ക് കാണുവാൻ സാധിക്കും. ഉദാഹരണമായി അദ്ദായി -മാറി യുടെ അനാഫൊറയിൽ നമ്മൾ കാണുന്ന ഒരു പ്രാർത്ഥനയുണ്ട്. ' അങ്ങ് ഞങ്ങളുടെ മേൽ വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു' ഒന്നാമത്തെ ഗ്ഹാന്ത(പ്രണാമജപം) യിൽ കാണുന്ന പ്രാർത്ഥനയാണ്. അത് വളരെ സംക്ഷിപ്തമായി പറഞ്ഞിരിക്കുന്ന ദൈവശാസ്ത്രപരമായ ആശയത്തെ രണ്ടാമത്തെ ഗ്ഹാന്തയിൽ വളരെ വിശദമായി പ്രതിപാദിച്ചിരിക്കുകയാണ്. അവിടെ ഇപ്രകാരമാണ് പറയുന്നത്, 'അങ്ങയുടെ ഏകജാതനായ കർത്താവീശോമിശിഹാ മനുഷ്യസ്വഭാവം വഴി പൂർത്തിയാക്കിയ അൽഭുതാവഹവും ഭയഭക്തിജനകവുമായ രക്ഷാപദ്ധതി വഴി പുതുജീവൻ നൽകി ഞങ്ങളെ നവീകരിക്കുകയും പരിശുദ്ധാത്മാവിനെ അച്ചാരം ആയി നൽകുകയും ചെയ്തു'.

www.malankaralibrary.com

അദ്ദായി - മാറിയുടെ

അനാഫൊറയിൽ ഉള്ളതുപോലെ തന്നെ 4 ഗ്ഹാന്ത സൈക്കിളുകൾ ആണ് തിയഡോറിന്റെ അനാഫൊറയിലും ഉള്ളത്. ഇതിൽ രണ്ടാമത്തെ ഗ്ഹാന്ത പ്രാർത്ഥന യിലേക്ക് വരുമ്പോൾ തിയഡോറിന്റെ അനാഫൊറയുടെ പ്രത്യേകത ,അതിൽ പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ആളുകളിലെ ഓരോ വ്യക്തിക ളെയും പ്രത്യേകമായി പരാമർശിക്കുന്ന ഒരു രീതി കണ്ടെത്തുവാനായിട്ട് സാധിക്കും. ഈ അനാഫൊറയുടെ ഭാഷണകാനോന അല്ലെങ്കിൽ ' മിശിഹാ കർത്താവിൻ കൃപയും ദൈവ പിതാവിൻ സ്നേഹമതും... ' അതും അതിനെ തുടർന്നുള്ള സംഭാഷണം പോലുള്ള പ്രാർത്ഥനകളും മാർ അദ്ദായി - മാറിയുടെ അനാഫൊറയെക്കാൾ കൂടുതൽ വികാസം പ്രാപിച്ചതാണ്. ' നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ' എന്നാണല്ലോ മാർ അദ്ദായി- മാറിയുടെ അനാഫൊറയിൽ പറയുന്നത്.

തിയഡോറിന്റെ അനാഫൊറയിൽ ഈ ഭാഗത്തു ഏശയ്യായുടെ ആറാം അധ്യായം മൂന്നാമത്തെ

www.malankaralibrary.com

തിരുവചനത്തിൽ കാണുന്ന ദൈവദർശ നത്തിന്റെ

പശ്ചാത്തലത്തിലാണ് അത് എഴുതിയിരിക്കുന്നത്.

ഇപ്രകാരമാണ് വ്യത്യാസം വരുത്തിയിരിക്കുന്നത്.

ഇപ്രകാരമാണ് വ്യത്യാസം വരുത്തിയിരിക്കുന്നത്

" നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേയ്ക്ക്

ഉയർത്തുവിൻ"

എന്നുള്ളതിന് പകരം മാർ തിയഡോറിന്റെ

കൂദാശാക്രമത്തിൽ

" ക്രോവേന്മാരും സ്രാപ്പേന്മാരും പരിശുദ്ധൻ,

പരിശുദ്ധൻ, പരിശുദ്ധൻ എന്ന് നിരന്തരം

പ്രകീർത്തിക്കുന്ന ഭയഭക്തിജനകവും മഹത്വപൂർണ്ണ

വുമായ ഉന്നതങ്ങളിലേയ്ക്ക് നിങ്ങളുടെ വിചാരങ്ങൾ

ഉയർത്തുവിൻ". ദീർഘമായിട്ട് ആ 'ഉന്നതങ്ങൾക്ക്'

വലിയ പ്രത്യേകതകളെല്ലാം വിശദീകരിച്ചുകൊണ്ട്

വിശദമായിട്ടു പ്രതിപാദിക്കുകയാണ്. പിന്നീട്

" സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർബാന

അർപ്പിക്കപ്പെടുന്നു",

അവിടെയും വ്യത്യാസമുണ്ട്

" മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹായുടെ

സജീവവും, മാനുഷികവും രക്തരഹിതവും

www.malankaralibrary.com

സ്വീകാര്യവുമായ  കുർബാന സർവ്വസൃഷ്ടികൾക്കും വേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തിന് എല്ലായിടത്തും അർപ്പിക്കപ്പെടുന്നു".

ഇവിടെയെല്ലാം വലിയ വികസിതമായ  ദൈവശാസ്ത്ര ചിന്തകൾ നമുക്ക് കണ്ടെത്തുവാൻ സാധിക്കും. രണ്ടാമത്തെ ഗ്ഹാന്തായിൽ പറയുന്നു:

"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ"- മാർ അദ്ദായി- മാറിയുടെ അനാഫൊറയിൽ. ഈ പൊതുവായ സംബോധനയ്ക്ക് പകരം പരിശുദ്ധ ത്രിത്വത്തിലെ ഓരോ വ്യക്തിയേയും എടുത്ത് അവരുടെ സവിശേഷതകൾ വ്യക്തമാക്കുകയാണ്. ഏറ്റവും അവസാനം പറയുകയാണ് "തുല്യരും അവിഭാജ്യരുമായ മൂന്നാളുകളായി ഏറ്റുപറയപ്പെടുന്ന ആരാധ്യമായ അങ്ങയുടെ പരമപരിശുദ്ധിയുടെ മുമ്പാകെ എല്ലാ സ്വർഗീയ ഗണങ്ങളും സദാ സ്തുതികൾ അർപ്പിക്കുന്നു". തുല്യരും അവിഭാജ്യരുമായ മൂന്നാളുകളായി ഏറ്റുപറയപ്പെടുന്ന - പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യങ്ങളെല്ലാം ഇതിൽ വ്യക്തമായിട്ട് പറയുകയാണ്.

www.malankaralibrary.com

മൂന്നാമത്തെ ഗ്ഹാന്തയും

ദൈവശാസ്ത്രചിന്തകളാൽ വളരെ സമ്പന്നമാണ്. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുടെ തുല്യത, മനുഷ്യാവതാരത്തിലെ ശൂന്യവത്ക്കരണം, മിശിഹായുടെ ബലി, പരിശുദ്ധാത്മാവ്, അനുരഞ്ജനത്തിന്റെ ബലി, കുർബാനയുടെ സ്ഥാപനവിവരണം, ഇതെല്ലാം മൂന്നാമത്തെ ഗ്ഹാന്തയിൽ ഉൾക്കൊള്ളുകയാണ്. പരിശുദ്ധാത്മാവിന്റെ പവിത്രീകരണ ധർമ്മമാണ് നാലാമത്തെ ഗ്ഹാന്തയിൽ ഉൾക്കൊള്ളുന്നത്. പവിത്രീകരണത്തിന്റെ ഫലമായി രൂപമെടുത്ത – പരിശുദ്ധ റൂഹായുടെ പ്രവർത്തനത്തിന്റെ ഫലമായി രൂപമെടുത്ത സഭയെ പ്പറ്റിയും സഭയിൽ ഉണ്ടാകുന്ന ദൈവികശുശ്രൂഷ യെപ്പറ്റിയും ഇതിൽ അനുസ്മരിക്കുന്നു. സഭാശുശ്രൂഷകരുടെ പേരും ഈ ശുശ്രൂഷയിൽ അനുസ്മരിച്ചുകൊണ്ടാണ് റൂഹാക്ഷണപ്രാർത്ഥനയിലേയ്ക്ക് ഇത് എത്തുന്നത്. നാലാമത്തെ ഗ്ഹാന്തയുടെ ഭാഗമായിട്ടാണല്ലോ റൂഹാക്ഷണപ്രാർത്ഥന. ഈ പ്രാർത്ഥനയിൽ വളരെ വ്യക്തമായിട്ടു പറയുകയാണ് – "പരിശുദ്ധാത്മാവിന്റെ കൃപ ഞങ്ങളുടെയും ഈ കുർബാനയുടെയുംമേൽ ഇറങ്ങിവരട്ടെ". ഇവിടെ

www.malankaralibrary.com

വിശുദ്ധീകരണം നടക്കുകയാണ്. അപ്പവും വീഞ്ഞും കർത്താവിന്റെ ശരീരവും രക്തവുമായി മാറുകയാണ്. രണ്ടാമത്തെ കാര്യം, ഇതിൽ പങ്കുകൊള്ളുന്ന ഞങ്ങളും പരിശുദ്ധ റൂഹായുടെ ആവാസത്താൽ വിശുദ്ധീകരിക്കപ്പെടട്ടെ എന്നു പ്രാർത്ഥിക്കുകയാണ്. രണ്ടു തലങ്ങളിലുള്ള വിശുദ്ധീകരണമാണ്- ദൈവജനത്തിന്റെ വിശുദ്ധീകരണം, അപ്പത്തിന്റെയും വീഞ്ഞിന്റെയും വിശുദ്ധീകരണം. പ്രാർത്ഥനകൾ വീണ്ടും ഇപ്രകാരമാണ്- "ഈ അപ്പത്തിലും ഈ കാസയിലും അവിടുന്ന് അധിവസിച്ച് ഇവയെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ ആശീർവദിക്കുകയും പവിത്രീകരിക്കുകയും മുദ്രിതമാക്കുകയും ചെയ്യട്ടെ. കർത്താവേ, അങ്ങയുടെ നാമത്തിന്റെ ശക്തിയാൽ ഈ അപ്പവും ഈ കാസയും മിശിഹായുടെ ശരീരവും രക്തവുമായി ഭവിക്കട്ടെ". അവിടെ വന്ന് അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ അധിവസിച്ച് അതിനെ വിശുദ്ധീകരിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു. വീണ്ടും ജനത്തിന് വേണ്ടി പ്രാർത്ഥിക്കുകയാണ്. "സത്യവിശ്വാസത്തോടെ ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുകയും കാസയിൽനിന്ന് പാനം ചെയ്യുകയും ചെയ്യുന്നവർക്ക് ഇവ കടങ്ങളുടെ പൊറുതി, പാപങ്ങളുടെ മോചനം, ഉയിർപ്പിലുള്ള വലിയ

പ്രത്യാശ, ആത്മശരീരങ്ങളുടെ രക്ഷ, നിത്യമഹത്വം ഇവയ്ക്ക് കാരണമാകട്ടെ. ദിവ്യകല്പനകൾക്കനുസൃതം വ്യാപരിച്ച് അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരോടുമൊപ്പം സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുവാൻ കർത്താവീശോമിശിഹായുടെ കൃപയാൽ ഞങ്ങൾ ഏവരും യോഗ്യരാകട്ടെ". ഇതിലൂടെ മനുഷ്യൻ വിശുദ്ധീകരിക്കപ്പെട്ട് മനുഷ്യന് ഉയിർപ്പുണ്ടാകണം, കടങ്ങളുടെ പൊറുതി ഉണ്ടാകണം, പാപങ്ങളുടെ മോചനമുണ്ടാകണം ,ആത്മശരീരങ്ങളുടെ രക്ഷ ഉണ്ടാകണം, നിത്യമഹത്വം ഉണ്ടാകണം. ഇതാണ് ഈ കുർബാനയുടെ ലക്ഷ്യം. കൂടുതൽ വികസിതമായ ഒരു ദൈവശാസ്ത്ര ശൈലി ഉൾക്കൊള്ളുന്ന ക്രമമാണ് മാർ തിയഡോറിന്റെ ക്രമം. റൂഹാക്ഷണപ്രാർത്ഥനയ്ക്ക് ശേഷം നാലാമത്തെ ഗ്ഹാന്തയുടെ കാനോനയോടുകൂടി അവസാനിക്കുകയാണ് തിയഡോറിന്റെ കൂദാശക്രമം. നമ്മുടെ സഭയിൽ ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നുവെങ്കിലും പലപ്പോഴും ഇത് ഉപയോഗിക്കാനായിട്ട് മടിച്ചു നിൽക്കുകയാണ്. കുർബാനക്രമത്തിന്റെ ഭംഗി ആസ്വദിക്കുന്നവർക്ക് , ദൈവാനുഭവത്തിൽ കൂടുതൽ വളരുന്നവർക്ക്, കൂടുതൽ ദൈവികചിന്തകളിലേക്ക് ഉയരുവാൻ തിയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗത്തിലൂടെ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

*എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു.*
*

നസ്രാണി പഠന പരമ്പര ക്ലാസ്സ്‌- 18

*പ്ശീത്താ ബൈബിൾ*



ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

പൗരസ്ത്യ വിദ്യാപീഠം ,

വടവാതൂർ

*ആമുഖം*

മാർത്തോമ ക്രിസ്ത്യാനികളായ നമ്മുടെ പൂർവികർ

www.malankaralibrary.com

ഉപയോഗിച്ചിരുന്നത് പ്ശീത്താ ബൈബിൾ ആണ്. നമ്മുടെ ആരാധനക്രമവും ദൈവശാസ്ത്രചിന്തകളും സുറിയാനിയിൽ ഉള്ള ഈ പ്ശീത്തായുമായി അഭേദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ട് പ്ശീത്തായുടെ ഉപയോഗം നമ്മൾ പുനസ്ഥാപിക്കണം എന്നൊക്കെ സാധാരണ പറഞ്ഞു കേൾക്കാറുള്ള പലരും എന്താണ് പ്ശീത്താ ബൈബിൾ, ഇത് എപ്രകാരമാണ് മറ്റു ബൈബിളുകളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നത്, പ്ശീത്തായുടെ സവിശേഷതകൾ എന്തൊക്കെയാണ് തുടങ്ങി നിരവധി ചോദ്യങ്ങൾ ചോദിക്കാറുണ്ട്. ബൈബിളിന്റെ രൂപീകരണ പശ്ചാത്തലം മനസ്സിലാക്കിയാൽ മാത്രമേ പ്ശീത്താ എന്തെന്നും അതിന്റെ പ്രത്യേകത എന്തെന്നും ഗ്രഹിക്കാനാവൂ.

***അക്ഷര രൂപമെടുക്കുന്ന വചനവും മനുഷ്യരൂപമെടുക്കുന്ന വചനവും***

ദൈവം മനുഷ്യരോട് സംസാരിക്കുന്നതിന്റെയും, അവരുടെ ജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിന്റെയും ചരിത്രം ലിഖിതരൂപത്തിലായതാണല്ലോ ബൈബിൾ. ദൈവം നമ്മോട് സംസാരിക്കുന്നത് തന്റെ വചനത്തിലൂടെയാണ്. മനുഷ്യഭാഷ എടുത്ത്

www.malankaralibrary.com

അക്ഷരങ്ങളായി അവതരിച്ച ദൈവവചനവും, മനുഷ്യശരീരം എടുത്ത് എമ്മാനുവേലായി അവതരിച്ച ദൈവവചനവും തമ്മിൽ വളരെയേറെ സാമ്യമുണ്ട്. പൂർവകാലം മുതൽക്കേ  വിശുദ്ധ ഗ്രന്ഥത്തിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവം തന്നെയാണല്ലോ ഈ അവസാന നാളുകളിൽ തന്റെ  ഏകജാതൻ വഴി നമ്മോട് സംസാരിക്കുന്നത് (ഹെബ്രാ 1: 1 – 2). ദൈവവചനം മനുഷ്യനായി അവതരിച്ചപ്പോൾ മനുഷ്യ പ്രകൃതിയും മനുഷ്യന്റെ  സവിശേഷതകളും സ്വീകരിച്ചതുപോലെ വിശുദ്ധഗ്രന്ഥമായി അവതരിച്ചപ്പോൾ മനുഷ്യഭാഷയുടെ പ്രത്യേകതകളും പരിമിതികളും സ്വീകരിച്ചു. മനുഷ്യാവതാരം യഹൂദമതപശ്ചാത്തലവുമായി എപ്രകാരമാണോ ബന്ധപ്പെട്ടിരിക്കുന്നത്, അപ്രകാരം തന്നെ ലിഖിത വചനം  സെമിറ്റിക് ഭാഷയും സംസ്കാരവുമായി അഭേദ്യമായി  ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ  പിള്ളത്തൊട്ടിലാണ് സെമിറ്റിക് ലോകം.  ഈ സെമിറ്റിക് പശ്ചാത്തലത്തിൽ തന്നെയാണ് ദൈവപുത്രനായ ഈശോമിശിഹാ മനുഷ്യനായവതരിച്ചതും ജീവിച്ചതും പ്രവർത്തിച്ചതും.

***ദൈവവചനത്തിന്റെ സെമിറ്റിക് പശ്ചാത്തലം***

എന്താണ് 'സെമിറ്റിക്' അഥവാ 'ശേമിക' ഭാഷ?

www.malankaralibrary.com

നോഹയുടെ മൂന്നു മക്കളിൽ ഒരുവനായിരുന്ന ശേമിന്റെ സന്തതിപരമ്പര യിൽപ്പെട്ടവർ ഉപയോഗിച്ചിരുന്ന ഭാഷകളാണ് പൊതുവേ 'ശേമിക' അഥവാ 'സെമിറ്റിക് ' എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ശേമിന്റെ പുത്രനായ ആറാമിന്റെ സന്തതികളുടെ ഭാഷയായ അറമായ, ഹെബ്രായക്കാരുടെ ഭാഷയായ ഹീബ്രു, അറബി, എത്യോപ്യൻ, ഫിനീഷ്യൻ തുടങ്ങിയവ ശേമിക ഭാഷയുടെ ശാഖകളാണ്. ബാബിലോൺ, അസ്സീറിയാ, മെസപ്പൊട്ടാമിയ, സിറിയ, പേർഷ്യ തുടങ്ങിയ പ്രദേശങ്ങളിൽ ഉപയോഗത്തിലിരുന്ന ശേമിക ഭാഷ 'അറമായ' ആയിരുന്നു. ഈ പ്രദേശങ്ങൾ കല്ദായ ദേശം എന്നും അറിയപ്പെട്ടിരുന്നതു കൊണ്ട് ഈ ഭാഷയ്ക്ക് 'കല്ദായഭാഷ ' എന്നും പേരുവന്നു . ഈ അറമായ / കല്ദായ ഭാഷയുടെ ഒരു dialect ആണ് സുറിയാനി.

കൽദായരുടെ ഊറിൽ നിന്നാണല്ലോ അബ്രഹത്തിന്റെ പിതാവായ തേരാഹ് തന്റെ മക്കളെയും കൂട്ടി കാനാൻദേശത്തേക്കു യാത്ര തിരിച്ചത് (ഉല്പ 11: 31). പലസ്തീന എന്നറിയപ്പെടുന്ന കാനാനിൽ താമസമുറപ്പിച്ച അബ്രാഹത്തിന്റെ മക്കൾ , യൂഫ്രട്ടീസ് നദിയുടെ അഥവാ മരുഭൂമിയുടെ

www.malankaralibrary.com

'മറുവശത്തുനിന്നുള്ളവർ' എന്നയർത്ഥത്തിൽ 'ഹെബ്രായർ' എന്ന പേരിൽ അറിയപ്പെട്ടു പോന്നു. അവിടെ അവർ ഉപയോഗിച്ചുവന്ന ഭാഷ 'എബ്രായഭാഷ ' എന്നും അറിയപ്പെട്ടു . അബ്രാഹത്തിന്റെ സന്തതിപരമ്പരയും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനവുമായ ഇസ്രായേലിന്റെ ജീവിതത്തിൽ ദൈവം രക്ഷാകരമായി ഇടപെട്ടതിന്റെ ചരിത്രമായ പഴയനിയമത്തിന്റെ ഭൂരിഭാഗവും ഹെബ്രായഭാഷയിൽ എഴുതപ്പെടാൻ ഇടയായത് ഇപ്രകാരമാണ്.

പലസ്തീനായിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തെ ബി.സി. 587 - ൽ ബാബേൽ അഥവാ ബാബിലോൺ ആക്രമിച്ചു കീഴടക്കി അവരുടെ നാട്ടിലേക്ക് അടിമകളായി കൊണ്ടുപോയി. ബാബിലോണിൽ വിപ്രവാസികളായി കഴിഞ്ഞ ഈ കാലഘട്ടത്തിൽ ഇസ്രായേൽക്കാർ അറമായ ഭാഷയുമായി കൂടുതൽ ബന്ധത്തിലായി. ബി. സി. 538 - ൽ വിപ്രവാസ ശേഷം പലസ്തീനായിൽ തിരിച്ചെത്തിയ, ഹീബ്രു പരിചയമില്ലാതിരുന്ന, തലമുറയ്ക്ക് വേണ്ടി അന്നുവരെ ഹീബ്രുഭാഷയിലുണ്ടായിരുന്ന പഴയനിയമഗ്രന്ഥങ്ങൾ അറമായ ഭാഷയിലേക്കു പരിഭാഷപ്പെടുത്തപ്പെട്ടു.

www.malankaralibrary.com

ഹീബ്രുവിലുള്ള മൂലഗ്രന്ഥത്തിന്റെ അറമായയിലുള്ള പദാനുപദ തർജ്ജമയാണ് 'പഴയനിയമ പ്ശീത്ത' എന്ന പേരിൽ അറിയപ്പെടുന്നത്. ഇതോടൊപ്പം, അറമായ ഭാഷയിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രബോധനാത്മകമായ വ്യാഖ്യാനംകൂടി നിലവിൽ വന്നു. 'താർഗും' എന്നാണ് ഇപ്രകാരമുള്ള വ്യാഖ്യാനങ്ങൾ അറിയപ്പെടുന്നത്. സാധാരണ മനുഷ്യന്റെ ഭാഷയിൽ അവർക്കു സുഗ്രഹമായ രീതിയിലാണ് പ്ശീത്താ ദൈവവചനം അവതരിപ്പിക്കുന്നത്. ലളിതവും വ്യക്തവുമായ ശൈലിയാണ് പ്ശീത്തായുടെ മുഖമുദ്ര. 'പ്ശീത്ത' എന്ന പദത്തിന്റെ അർത്ഥം തന്നെ 'സരളമായ' , 'ലളിതമായ' , 'വ്യക്തമായ' എന്നൊക്കെയാണ്.

അറമായ ഭാഷ യഹൂദർക്കിടയിൽ എത്രമാത്രം പ്രചരിച്ചിരുന്നു എന്നതിനു തെളിവാണ് ബി.സി. രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ദാനിയേലിന്റെ ഗ്രന്ഥം. ഇതിൽ 2: 4 – 7, 28 വരെയുള്ള ഭാഗങ്ങൾ അറമായ ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. എ . ഡി . മൂന്നാം നൂറ്റാണ്ടോടു കൂടിയാണ് പഴയനിയമ പ്ശീത്ത പൂർണരൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്. ആദിമസഭ ഈ പഴയനിയമ പ്ശീത്താ അവരുടെ വിശുദ്ധ ഗ്രന്ഥ മായി സ്വീകരിച്ചു

www.malankaralibrary.com

. തിരുസഭയിൽ ഉപയോഗത്തിലായി എന്ന കാരണത്താൽ ക്രമേണ യഹൂദർ പ്ശീത്താ തള്ളിക്കളയുകയും ഹീബ്രു ബൈബിൾ മാത്രം ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു . ഇന്നു ലഭ്യമായിരിക്കുന്ന പഴയനിയമത്തിന്റെ അതിപുരാതന കയ്യെഴുത്തു പ്രതികളിലധികവും സുറിയാനി ഭാഷയിലുള്ളവയാണ്.

ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തെല്ലായിലെ മെത്രാനായിരുന്ന പൗലോസ് (Paul of  Tella) നിലവിലുണ്ടായിരുന്ന സുറിയാനി വിവർത്തനത്തെ ഗ്രീക്ക് പരിഭാഷയോട് അനുരൂപപ്പെടുത്തി 'സീറോ - ഹെക്സപ്ലാ' എന്നറിയപ്പെടുന്ന ഒരു പുതിയ വിവർത്തനം തയ്യാറാക്കി. പിന്നീട്, എദ്ദേസായിലെ യാക്കോബും സുറിയാനി വിവർത്തനത്തിൽ ചില പരിഷ്ക്കാരങ്ങൾ വരുത്തുകയുണ്ടായി. എങ്കിലും ആദ്യമുണ്ടായ സുറിയാനി പ്ശീത്ത തന്നെയാണ് സുറിയാനി സഭകൾ തുടർന്നും ഉപയോഗിച്ചുപോരുന്നത്.

***പുതിയനിയമ പ്ശീത്ത***

ഈശോയുടെയും ശ്ലീഹന്മാരുടെയും ഭാഷ അറമായ / സുറിയാനി ആയിരുന്നതിനാൽ, അവർ ഉപയോഗിച്ചിരുന്ന വിശുദ്ധഗ്രന്ഥം

www.malankaralibrary.com

മേല്പ്പറഞ്ഞ പഴയനിയമ പ്ശീത്ത ആയിരുന്നിരിക്കണം. ഈശോ സംസാരിച്ചതും പഠിപ്പിച്ചതുമെല്ലാം അറമായ / സുറിയാനി ഭാഷയിലായിരുന്നു . സുവിശേഷകന്മാർ ഈശോ അരുളിച്ചെയ്തവ ഉദ്ധരിക്കുമ്പോൾ അറമായ / സുറിയാനി ഉപയോഗിക്കുന്നതു കാണാം. ഉദാഹരണത്തിന്, യോവാറാശിന്റെ മരിച്ച മകളോട്, 'ത് ലീസാ കുമി' എന്നു പറഞ്ഞാണ് അവിടുന്ന് ഉയിർപ്പിച്ചത് (മർക്കോ 5 : 41). 'ബാലികേ, എഴുന്നേല്ക്കുക' എന്നാണിതിന്റെ അർത്ഥം എന്നു സുവിശേഷകൻ വിശദീകരിക്കുന്നുണ്ട്. ഈശോയെ ക്രൂശിച്ച സ്ഥലത്തിന്റെ പേര്, 'തലയോട്ടിയുടെ സ്ഥലം' എന്നർത്ഥമുള്ള 'ഗാഗുൽത്താ' എന്നാണ് എന്നും സുവിശേഷകൻ വ്യക്തമാക്കുന്നുണ്ട് ( മർക്കോ 15 : 22 ). ഇതും അറമായ / സുറിയാനി പദമാണ്. കുരിശിൽ കിടന്നുകൊണ്ട് പ്രാർത്ഥിച്ചപ്പോൾ ഈശോ ഉദ്ധരിച്ചത് പ്ശീത്തായിലുള്ള സങ്കീർത്തനത്തിൽനിന്നാണ് (മർക്കോ 15 : 34) ; 'ഏലി , ഏലി , ല്മാ ശബക് ത്താനി (എന്റെ ദൈവമേ , എന്റെ ദൈവമേ , എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു ?).

www.malankaralibrary.com

ഈശോയുടെയും ശ്ലീഹന്മാരുടെയും സംസാരഭാഷ എന്ന നിലയിൽ സുറിയാനിയ്ക്കും ആ ഭാഷയിലുള്ള ബൈബിൾ പരിഭാഷയ്ക്കും ആദിമസഭയിൽ വലിയ സ്വീകാര്യത ലഭിച്ചു. പുതിയ നിയമഗ്രന്ഥ ങ്ങളെല്ലാം ഗ്രീക്കുഭാഷയിലാണ് ആദ്യം എഴുതപ്പെട്ടതെങ്കിലും ഗ്രന്ഥകർത്താക്കളിൽ മിക്കവരും സുറിയാനി ഭാഷ സംസാരിച്ചിരുന്ന വരായതു കൊണ്ട് അവയിൽ സുറിയാനിഭാഷാ ശൈലിയുടെയും സംസ്കാരത്തിന്റെയും പാരമ്പര്യങ്ങളുടെയും സ്വാധീനം ഏറെയാണ്. രണ്ടാം നൂറ്റാണ്ടിൽ തന്നെ സുറിയാനിഭാഷയിലേക്ക് പുതിയനിയമ ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യപ്പെട്ടുതുടങ്ങി. ഗ്രീക്ക് - ലത്തീൻ പരിഭാഷകളിൽ ഏറ്റവും സുന്ദരമായ പരിഭാഷ പ്ശീത്തയാണ് എന്ന അഭിപ്രായക്കാരാണ് വിശുദ്ധഗ്രന്ഥ വ്യാഖ്യാതാക്കളിൽ അധികവും. അതു കൊണ്ടുതന്നെ, നിരവധി ആധുനിക ഭാഷകളിലേക്ക് പ്ശീത്ത തർജ്ജ്മ ചെയ്യപ്പെടുന്നുണ്ട്.

***ദിയാതെസ്സറോൺ***

സുറിയാനി ഭാഷയിൽ ആദ്യം ഉണ്ടായ സുവിശേഷം, 'ദിയാതെസ്സറോൺ' (Diatessaron) ആണ്. രക്തസാക്ഷിയായ ജസ്റ്റിന്റെ

www.malankaralibrary.com

ശിഷ്യനായിരുന്ന താസ്യൻ രണ്ടാം നൂറ്റാണ്ടിന്റെ
ഉത്തരാർദ്ധത്തിൽ
(ca. എ . ഡി . 170 ) നാലു
ഗ്രീക്കുസുവിശേഷങ്ങളിൽനിന്നു തിരഞ്ഞെ ടുത്ത
ഭാഗങ്ങൾ, അവയിലെ അവ്യക്തതകളും
ആവർത്തനങ്ങളും വ്യത്യാസങ്ങളും ഒഴിവാക്കി,
അവയിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങളുടെ
കാലക്രമമനുസരിച്ച് ക്രോഡീകരിച്ച്, സുറിയാനിയി
ലേക്കു പരിഭാഷപ്പെടുത്തി ഒരു സമന്വിത സുവിശേഷം
(Gospel Harmony) തയ്യാറാക്കിയതാണ്
'ദിയാതെസ്സറോൺ'. 'നാലിൽ നിന്നും' എന്നാണ്
'ദിയാതെസ്സറോൺ' എന്ന ഗ്രീക്കു പദത്തിനർത്ഥം .
സുറിയാനിസഭകളിൽ നിർണായക സ്വാധീനം
ചെലുത്തിയ ദിയാതെസ്സറോൺ അഞ്ചാം നൂറ്റാണ്ടിന്റെ
ആരംഭം വരെ ഉപയോഗ ത്തിലിരുന്നു.
സുറിയാനിസഭകളുടെ മുഴുവൻ മല്പാനും
റൂഹാദ്ക്കുദിശായുടെ വീണയുമായ മാർ അപ്രേം
ഇതിനു തയ്യാറാക്കിയ ഭാഷ്യം ദൈവശാസ്ത്ര പരമായി
വലിയ പ്രാധാന്യം അർഹിക്കുന്നതാണ് . അഞ്ചാം
നൂറ്റാ ണ്ടിന്റെ ആരംഭത്തോടെ സൈറസ്സിലെ
മെത്രാനായിരുന്ന തിയോ ഡോറിന്റെയും
എദ്ദേസ്സായിലെ മെത്രാനായിരുന്ന റാബുളായുടെയും

www.malankaralibrary.com

നിർദ്ദേശപ്രകാരം സഭയിലെ ഉപയോഗത്തിൽനിന്നു ദിയാതെസ്സറോൺ നീക്കം ചെയ്യപ്പെട്ടു . ദിയാതെസ്സറോന്റെ  കയ്യെഴുത്തുപ്രതികളിൽ ഒന്നുപോലും കണ്ടെടുക്കപ്പെട്ടിട്ടില്ല . ഒരോ സുവിശേഷ വിവരണത്തിനും അതതിന്റേതായ ദൈവശാസ്ത്ര സവിശേഷതകളുണ്ടെന്നുള്ള തിരിച്ചറിവാണ് സമന്വിത സുവിശേഷം തിരസ്കരിക്കുന്നതിനു സഭയെ പ്രേരിപ്പിച്ചത്.

***പ്രാചീന സുറിയാനി സുവിശേഷങ്ങൾ***

രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ഗ്രീക്കിൽനിന്നു സുറിയാനിയിലേക്കു വിവർത്തനം ചെയ്യപ്പെട്ട നാലു സുവിശേഷങ്ങളാണ് പ്രാചീന സുറിയാനി സുവിശേഷങ്ങൾ ( Old Syriac Gospels ) എന്ന പേരിൽ അറിയപ്പെടുന്നത്. പദാനുപദ തർജ്ജമ എന്നതിനേക്കാളുപരി സുറിയാനി ഭാഷയുടെ തനതായ സാഹിത്യശൈലികളും പദപ്രയോഗങ്ങളും പ്രതിഫലിപ്പിക്കുന്ന വിവർത്തനമാണിത്. ഇതിൽ ദിയാതെസ്സറോന്റെയും പലസ്തീനായിലെ അറമായ ക്രൈസ്തവ പാരമ്പര്യങ്ങളുടെയും സ്വാധീനം വളരെ പ്രകടമാണ്. ഈ വിവർത്തനത്തിന്റെ അഞ്ചാം നൂറ്റാണ്ടിലെ രണ്ടു കയ്യെഴുത്തു പ്രതികൾ

www.malankaralibrary.com

പത്തൊമ്പതാം നൂറ്റാണ്ടിൽ കണ്ടെത്തുകയുണ്ടായി. ഈജിപ്തിലെ സുറിയാനി പാരമ്പര്യത്തിൽപ്പെട്ട ഒരാശ്രമത്തിൽനിന്നു ലഭിച്ച ഇവയിൽ ആദ്യത്തേത്, അതിന്റെ പ്രസാധകനായ വില്ല്യം ക്കുറെത്തോൻ ( William Cureton ) എന്ന വ്യക്തിയുടെ പേരുമായി ബന്ധപ്പെടുത്തി 'ക്കുറെത്തോനിയാനൂസ്' (Syrus Curetonianus ) എന്ന പേരിലാണ് അറിയപ്പെടുന്നത്. രണ്ടാമത്തതാകട്ടെ, അതു സൂക്ഷിക്കപ്പെട്ടിരുന്ന കാതറൈൻ ആശ്രമം സ്ഥിതിചെയ്യുന്ന സീനായ് മലയോടു ബന്ധപ്പെടുത്തി 'സീനായ്റ്റിക്കസ്' (Syrus Sinaiticus) എന്ന പേരിലും അറിയപ്പെടുന്നു.

മുമ്പ് സൂചിപ്പിച്ച എദ്ദേസ്സായിലെ മെത്രാനായിരുന്ന റാബുള , മേൽ വിവരിച്ച പ്രാചീന സുറിയാനി വിവർത്തനത്തെ ഗ്രീക്കു പുതിയ നിയമവുമായി അനുരൂപപ്പെടുത്തി ഒരു പരിഷ്കരിച്ച പതിപ്പ് അഞ്ചാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിച്ചു. ഈ വിവർത്തനവും പൂർണമായിരുന്നില്ല. പിന്നീട് മാബൂഗിലെ മെത്രാനായിരുന്ന ഫിലോക്സിനോസ്, എ . ഡി . 508 - ൽ ഗ്രീക്കു പുതിയനിയമത്തെ അടിസ്ഥാനമാക്കി, വിട്ടുപോയ ഭാഗങ്ങൾ കൂട്ടിച്ചേർത്ത്, പ്ശീത്ത വീണ്ടും

www.malankaralibrary.com

പരിഷ്ക്കരിക്കുകയുണ്ടായി. ഈ സമ്പൂർണ്ണ പ്ശീത്തയാണ് സുറിയാനിസഭകളിൽ ഉപയോഗിച്ചുവരുന്നത്.

ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തോമസ് ഹാർക്കെൽ ( Thomas Harqel ) എന്നയാൾ ഗ്രീക്കു പുതിയ നിയമത്തിന്റെ ഒരു പദാനുപദ തർജ്ജമ സുറിയാനിയിലുണ്ടാക്കി പലസ്തീനായിൽ വേറൊരു സുറിയാനി വിവർത്തനം നിലവിലിരുന്നു എന്ന് ചില പ്രഘോഷണ ഗ്രന്ഥങ്ങളിൽ (Syro Palestinian Lectionaries ) നിന്നു വ്യക്തമാണ് . പക്ഷേ ഈ പരിഭാഷകൾക്കൊന്നിനും സുറിയാനി സഭകളിൽ പ്ശീത്തയ്ക്കുണ്ടായിരുന്ന ആധികാരികത അവകാശപ്പെടുത്താനായില്ല . ഇന്നും സുറിയാനി സഭകളിൽ ഔദ്യോഗിക വിശുദ്ധഗ്രന്ഥമായി തുടരുന്നത് പ്ശീത്ത തന്നെയാണ്.

***തുല്യ പ്രാധാന്യമുള്ള മൂന്നു തിരുസഭാ പാരമ്പര്യങ്ങൾ***

ക്രൈസ്തവ പാരമ്പര്യത്തെ ഗ്രീക്ക് ( Greek East ), ലത്തീൻ ( Latin West ) എന്നീ രണ്ടു ശാഖകളിലായി ഒതുക്കി നിർത്തുന്ന ഒരു രീതിയാണ് അടുത്ത കാലം വരെ നിലനിന്നിരുന്നത്. ഇതു വളരെ നിർഭാഗ്യകരവും അപര്യാപ്തവുമായ നിലപാടാണെന്ന് പ്രശസ്ത സുറിയാനി പണ്ഡിതനായ സെബാസ്റ്റ്യൻ

www.malankaralibrary.com

ബ്രോക്ക് അഭിപ്രായപ്പെടുന്നു. ഇവ രണ്ടിൽ നിന്നു തികച്ചും വ്യത്യസ്തമായതും ഇവ രണ്ടിനോടും തുല്യമായതുമായ (ചില കാര്യങ്ങളിൽ അവയെക്കാൾ ശ്രേഷ്ഠമായ) മൂന്നാമതൊരു പാരമ്പര്യം കൂടി തിരുസഭയിലുണ്ട്. അതാണ് സുറിയാനി പാരമ്പര്യം (Syriac Orient) . വിശുദ്ധഗ്രന്ഥത്തിന്റെയും ആദിമസഭയുടെയും പിള്ളത്തൊട്ടിലായ സെമിറ്റിക് ലോകത്തിന്റെ പ്രതിനിധികളും അവ കാശികളുമെന്ന നിലയ്ക്ക് സുറിയാനിക്കാർക്ക് അതിപ്രധാനമായ സ്ഥാനമുണ്ട്.

മേല്പറഞ്ഞ മൂന്നു പാരമ്പര്യങ്ങൾക്കും തനതായ വിശുദ്ധഗ്രന്ഥങ്ങളുണ്ട്. ഈ മൂന്നു പരിഭാഷകളും അതാതു സഭാപാരമ്പര്യ ത്തിന്റെ ആരാധനക്രമങ്ങളും ആദ്ധ്യാത്മിക ദർശനങ്ങളും ദൈവശാസ്ത്ര ശൈലികളുമായി ഗാഢമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഹീബ്രുവിൽ എഴുതപ്പെട്ട പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയാണല്ലോ 'സപ്തതി' (Septuagint). പുതിയ നിയമഗ്രന്ഥങ്ങളെല്ലാം രചിക്കപ്പെട്ടതും ഗ്രീക്കുഭാഷയിലാണ്. ഇന്നു കേരളക്കരയിൽ കൂടുതൽ പ്രചാരത്തി ലിരിക്കുന്ന പി. ഒ. സി. ബൈബിൾ ഈ

www.malankaralibrary.com

ഗ്രീക്കു ടെക്സ്റ്റിനെ (The Nestle Greek Text) അടിസ്ഥാനമാക്കിയുള്ളതാണ് .

പാശ്ചാത്യസഭാ പിതാവായിരുന്ന വിശുദ്ധ ജെറോം അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭ ത്തിൽ പൂർത്തിയാക്കിയ ലത്തീൻ പരിഭാഷയായ 'വുൾഗാത്ത' (Vulgate) യാണ് ലത്തീൻ സഭയുടെ ഔദ്യാഗിക തിരുലിഖിതം. ലത്തീൻ സഭയുടെ ആരാധനക്രമത്തിലെ വായനകൾ വുൾഗാത്തയിൽനിന്നു മാത്രമാണ്.

സുറിയാനി പാരമ്പര്യത്തിൽപ്പെട്ട സഭകളുടെ ആധികാരിക തർജ്ജമയാണ് പ്ശീത്ത. സുറിയാനിക്കാർക്കിടയിൽ മാത്രമല്ല, കേരളത്തിലെ എല്ലാ കത്തോലിക്കർക്കുമിടയിൽ ഏറ്റവുമധികം പ്രചാരം സിദ്ധിച്ചത് സുറിയാനി പ്ശീത്തയിൽനിന്ന് മാണി കത്തനാർ വിവർത്തനം ചെയ്ത് 1935 – ൽ പ്രസിദ്ധീകരിച്ച പുതിയ നിയമമാണ്. പഞ്ചഗ്രന്ഥം അദ്ദേഹം നേരത്തെ വിവർത്തനം ചെയ്തിരുന്നു. 1987 – ൽ വടവാതൂർ സെമിനാരിയിലെ തോമസ് കയ്യാലപ്പറമ്പിലച്ചൻ പരിഭാഷപ്പെടുത്തിയ പുതിയനിയമ പ്ശീത്ത ഏറെ ശ്രദ്ധ പിടിച്ചുപറ്റി. മാത്യു ഉപ്പാണിയച്ചൻ 1997 – ൽ പ്ശീത്താ

www.malankaralibrary.com

ബൈബിൾ സമ്പൂർണ്ണമായി മലയാളത്തിലേക്കു വിവർത്തനം ചെയ്തു.

***പ്ശീത്തായുടെ മേന്മ***

സുവിശേഷകന്മാർ സുറിയാനി ഭാഷ സംസാരിച്ചിരുന്നവരും ഗ്രീക്കുഭാഷയിൽ വലിയ വ്യുല്പത്തിയില്ലാത്തവരും ആയിരുന്നു. ഈശോ അറമായ / സുറിയാനിയിൽ പറഞ്ഞ കാര്യങ്ങൾ അവർ ഗ്രീക്കിൽ എഴുതുകയായിരുന്നു. എഴുതപ്പെടുന്നതിനു മുമ്പ് അവ വാചികമായി സുറിയാനിയിൽ തന്നെയാണ് കൈമാറപ്പെട്ടുപോന്നത് . ഈ അറമായ /സുറിയാനി പാരമ്പര്യങ്ങളാണ് ഗ്രീക്കുഭാഷയിൽ ലിഖിതരൂപം പ്രാപിച്ചത് . സുറിയാനി ആശയങ്ങളെയും ശൈലികളെയും വിശുദ്ധ ഗ്രന്ഥകർത്താക്കൾ ഗ്രീക്കിലേക്കു പകർത്തുന്നതിൽ അതിന്റേതായ പരിമിതികൾ ഉണ്ടായിരുന്നു . സുവിശേഷങ്ങളിലെ ഗ്രീക്കുഭാഷ മനസ്സിലാക്കുവാൻ സുറിയാനി കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. എന്നാൽ, ബൈബിൾ ഗ്രീക്കിൽനിന്നു സുറിയാനിയിലേക്കു വിവർത്തനം ചെയ്യപ്പെട്ടപ്പോൾ മൂലഗ്രീക്കിലെ അവ്യക്തതകൾ അപ്രത്യക്ഷമായി. ഗ്രീക്കുബൈബിളിലെ സുറിയാനി പ്രയോഗങ്ങളും ശൈലികളും അവയ്ക്കു സ്വന്തമായ

www.malankaralibrary.com

സുറിയാനി ഭാഷയിലേക്കു തന്നെ പരിഭാഷപ്പെടുത്തിയ പ്പോൾ വിവർത്തനം മൂലത്തേക്കാൾ കൂടുതൽ ശോഭയുള്ളതുമായി. വിശുദ്ധഗ്രന്ഥത്തിൽ വിവരിക്കപ്പെടുന്ന സംഭവങ്ങളുടെയും വ്യക്തികളുടെയും സാംസ്കാരിക പശ്ചാത്തലം സെമിറ്റിക് ആണ്. സെമിറ്റിക് ഭാഷയിലുള്ള പരിഭാഷയ്ക്ക് കൂടുതൽ തന്മയത്വത്തോടും സ്വാഭാവികതയോടും കൂടെ കാര്യങ്ങൾ അവതരിപ്പിക്കാൻ സാധിക്കും.

ഈശോയും ശ്ലീഹന്മാരും ഉപയോഗിച്ച പഴയനിയമം പ്ശീത്തായാണ്. പഴയനിയമത്തിൽനിന്ന് അവർ ഉദ്ധരിക്കുന്നതായി രേഖപ്പെടുത്തുമ്പോൾ പുതിയനിയമ ഗ്രന്ഥകർത്താക്കൾ ഗ്രീക്കു പഴയ നിയമമായ സപ്തതിയാണ് ഉപയോഗിക്കുന്നത്. എന്നാൽ, പുതിയനിയ മത്തിന്റെ സുറിയാനി പരിഭാഷയിൽ പഴയനിയമ പ്ശീത്തായിൽനിന്നു തന്നെയുള്ള ഉദ്ധരണികളാണുള്ളത്.

ചില പ്രയോഗങ്ങൾ സുറിയാനിയിൽ മനസ്സിലാക്കുമ്പോൾ അർത്ഥം കൂടുതൽ എളുപ്പത്തിൽ വ്യക്തമാകും. ഉദാഹരണത്തിന്, മത്താ 19 : 25 – ൽ, 'ധനവാൻ സ്വർഗരാജ്യത്തിൽ

www.malankaralibrary.com

പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്' എന്ന് ഈശോ പറയുന്നതായി നമ്മൾ വായിക്കുന്നുണ്ടല്ലോ. ഇവിടെ ഒട്ടകം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന സുറിയാനി പദത്തിന്, കപ്പലുകൾ കെട്ടിയിടാൻ ഉപയോഗിക്കുന്ന 'വലിയ കയർ' എന്ന അർത്ഥം കൂടിയുണ്ട് . ഈശോ സംസാരിക്കുന്നത് മുക്കുവരോട് ആയതിനാൽ, 'കയർ ' എന്ന അർത്ഥത്തിലാകണം ഈ വാക്ക് ഉപയോഗിച്ചത്.

നമ്മുടെ ആരാധനക്രമത്തിലെ പ്രാർത്ഥനകളുടെയും പദങ്ങളുടെയും ശൈലികളുടെയും അർത്ഥം സുറിയാനി ബൈബിളിന്റെ പശ്ചാത്തലത്തിലേ വ്യക്തമാകൂ. വിശേഷണങ്ങൾ സമൃദ്ധമായി ഉപയോഗിക്കുന്നത് സുറിയാനി ശൈലിയുടെ ഭാഗമാണ്. ഉദാഹരണ ത്തിന്, ദൈവത്തെക്കുറിച്ച് പറയുമ്പോൾ പരിശുദ്ധൻ, നിർമ്മലൻ, സ്തുത്യർഹൻ, അധിനാഥൻ, ബലവാൻ തുടങ്ങിയ വിശേഷണങ്ങൾ ഒരേ വാചകത്തിൽ തന്നെ കാണാനാവും.

സുറിനായി സഭാപിതാക്കന്മാരായ അഫ്രാത്ത്, മാർ അപ്രേം, നർസായി തുടങ്ങിയവരുടെ കൃതികൾ മനസ്സിലാകണമെങ്കിൽ

www.malankaralibrary.com

പ്ശീത്താ ബൈബിൾ അറിഞ്ഞിരിക്കണം. കാരണം, അവർ പ്ശീത്താ ബൈബി ളിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുകയും എഴുതുകയും ചെയ്തുവരാണ്.

***പ്ശീത്തായുടെ ഉപയോഗം പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത***

മാർത്തോമാ നസ്രാണികൾ ഉൾപ്പെടെയുള്ള സുറിയാനി പാരമ്പര്യത്തിലുള്ള സഭകളിലെല്ലാം ആദ്യ നൂറ്റാണ്ടുമുതൽ വിശുദ്ധഗ്രന്ഥം സുറിയാനി ഭാഷയിലുള്ള പ്ശീത്തയായിരുന്നു. സുറിയാനി ഭാഷ സംസാരിച്ചിരുന്ന മാർതോമാ ശ്ലീഹായിൽനിന്നു നേരിട്ടു സുവിശേഷം ശ്രവിക്കുന്നതിനും, സുറിയാനിഭാഷയിൽ തന്നെ ആരാധന നടത്തുന്നതിനും ഭാഗ്യം സിദ്ധിച്ച ജനതയാണ് ഭാരതത്തിലെ മാർതോമാ നസ്രാണികൾ. അതുകൊണ്ടുതന്നെ ഈ നസ്രാണികളുടെ വിശ്വാസ ദർശനങ്ങളിലും ആദ്ധ്യാത്മക ശൈലികളിലും ആദിമകാലം മുതലേ പ്ശീത്തായുടെ സ്വാധീനമുണ്ട്. പതിനാറാം നൂറ്റാണ്ടിനുശേഷമുണ്ടായ പാശ്ചാത്യവത്ക്കരണത്തിന്റെ ഭാഗമായി സുറിയാനിഭാഷയുടെയും പ്ശീത്താ ബൈബിളിന്റെയും ഉപയോഗം ഇല്ലാതായി.

www.malankaralibrary.com

പൗരസ്ത്യസഭകൾ അവരുടെ പൂർവശോഭയിലേക്കു മടങ്ങണമെന്ന സഭാമാതാവിന്റെ അഭിലാഷം രണ്ടാം വത്തിക്കാൻ കൗൺസിലിൽ പ്രകടമായതാണല്ലോ.

മാർതോമാ ശ്ലീഹായുടെ പൈതൃകം പേറുന്ന കത്തോലിക്കരും അകത്തോലിക്കരുമായ എല്ലാ ക്രൈസ്തവസഭാ വിഭാഗങ്ങളെയും ഒന്നിപ്പിക്കുന്ന മുഖ്യകണ്ണിയാണ് പ്ശീത്ത. എക്യുമെനിക്കൽ സംരംഭങ്ങളിൽ പ്ശീത്തയ്ക്ക് വലിയ പ്രസക്തിയുണ്ട്. പ്ശീത്തയുടെ ഉപയോഗം പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി, പഞ്ചഗ്രന്ഥവും പുതിയ നിയമഗ്രന്ഥങ്ങളും പ്ശീത്തയിൽ നിന്നു മലയാളത്തിലേക്ക് ആദ്യം പരിഭാഷപ്പെടുത്തിയ ക. നി. മൂ. സ. മാണിക്കത്തനാർ, ഒരു നൂറ്റാണ്ടു മുമ്പ് എഴുതിയത് ഇന്നും വാസ്തവമാണ്. 'കേരളത്തിലുള്ള കത്തോലിക്കാ സുറിയാനിക്കാരിൽ ഭൂരിപക്ഷവും ലത്തീൻ ഭരണത്തിൽ കീഴിൽ വളരെക്കാലം കഴിച്ചു കൂട്ടേണ്ടി വന്നതിനാലും ലത്തീൻ രീതിയിൽ മാത്രം സംഗതികൾ ഗ്രഹിച്ചിരിക്കുന്നതിനാലും സുറിയാനിയുടെ മേന്മയോ ആവശ്യമോ മനസ്സിലാക്കാതെ പണ്ഡിത ദൃഷ്ടിയിൽ ആക്ഷേപാർഹന്മാരായി തീർന്നിരിക്കുന്നു എന്നു വ്യസനസമേതം പറയേണ്ടി വന്നിരിക്കുന്നു.

www.malankaralibrary.com

പൗരസ്ത്യരുടെ നടപടികൾ സംബന്ധിച്ച് മതിയായ ജ്ഞാനമില്ലാ ത്തതിനാൽ അവരിൽ പ്രമുഖന്മാർ പോലും ലത്തീനിലുള്ളവ മാത്രം കത്തോലിക്കങ്ങളാണെന്നു ധരിച്ചുവശായിട്ടുള്ള സംഗതിയും ലജ്ജാപൂർവ്വം സമ്മതിക്കേണ്ട ഒരു വാസ്തവമാണ്. ഈ നിലയിൽനിന്നു സുറിയാനി സമുദായത്തെ ഉണർത്തുന്നതിനുള്ള ശ്രമങ്ങൾ ചെയ്യേണ്ട സമയം അത്യാസന്നമായിരിക്കുന്നു. കേരളീയ സുറിയാനി സഭയുടെ ചരിത്രം, പുരാതന പ്രശസ്തി, റീത്ത് മുതലായവയെപ്പറ്റി യൂറോപ്പിലുള്ള പണ്ഡിതന്മാർ പഠിച്ച് ഈ സഭയുടെ ദുരവസ്ഥയെക്കുറിച്ചു ദുഃഖിക്കുകയും ആ അവസ്ഥയിൽ നിന്ന് ഉണരുവാൻ ഈ സഭാംഗങ്ങൾ പരിശ്രമി ക്കാതിരിക്കുന്നതിൽ വിസ്മയിക്കുകയും ചെയ്യുന്ന ഈ കാലത്ത് ഈ സഭയുടെ അഭിമാന സമ്പത്തായ പ്ശീത്ത വിവർത്തനത്തിന്റെ മലയാള തർജ്ജമ ഈ സഭാംഗങ്ങളെ ഉണർത്തുവാൻ ഉപയുക്തമായ മാർഗങ്ങളിൽ ഒന്നായി പരിഗണിക്കാവുന്നതാണ്.

**മാർത്തോമാ നസ്രാണി സഭ**

നസ്രാണി പഠന പരമ്പര ക്ലാസ് -9

സഭാപിതാക്കന്മാർ-3

ഡോക്ടർ സിസ്റ്റർ റോസ് ലിൻ അറവാക്കൽ

www.malankaralibrary.com

MTS( ബേസ് തോമ്മാ ദയ്റാ)

*പാലമറ്റം,*

*കുറുമ്പനാടം*

നെസ്റ്റമ്പക് മാറൻ ഈശോ മ്ശിഹാ

പ്രിയ നസ്രാണി പഠനഗ്രൂപ്പ് അംഗങ്ങളെ,

സഭാപിതാക്കന്മാരേക്കുറിച്ചുള്ള നമ്മുടെ

വിചിന്തനങ്ങൾ നമുക്ക് തുടരാം. *കഴിഞ്ഞപ്രാവശ്യം ഒരാൾ സഭാപിതാവ് എന്ന് വിളിക്കപ്പെടണമെങ്കിൽ അദ്ദേഹത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ 4 യോഗ്യതകളേക്കുറിച്ച് മനസിലാക്കാൻ നാം പരിശ്രമിച്ചിരുന്നു. ഒന്നാമത് -orthodoxy, രണ്ടാമത് - Holiness, മൂന്നാമത് -acceptence of the church, നാലാമത് - antiquity .ഇന്ന് സഭാപിതാവ് എന്ന സംജ്ഞയോട് ചേർന്ന് പോകുന്ന മറ്റ് രണ്ട് പ്രയോഗങ്ങളേക്കുറിച്ച് മനസിലാക്കാൻ നമുക്ക് ശ്രമിക്കാം. ഒന്നാമത്തത് scriptores eccclesiastici അല്ലെങ്കിൽ eclesiastical writers അല്ലെങ്കിൽ സഭയിലെ സാഹിത്യകാരന്മാർ രണ്ടാമത്തത് വേദപാരംഗതന്മാർ doctors of the church. ആരാണിവർ ? Scriptores eccclesiastici എന്ന പദം ആദ്യമായി ഉപയോഗിച്ചത് വിശുദ്ധ ജറോം തന്റെ De Viris illustribus എന്ന ഗ്രന്ഥത്തിലാണ്. ഈ ഗ്രന്ഥം*

www.malankaralibrary.com

മഹത് വ്യക്തികൾ എന്ന പേരിൽ മലയാളത്തിൽ തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ Scriptores eccclesiastici എന്ന് അദ്ദേഹം വിളിച്ചത് സഭാപിതാക്കന്മാരുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്നവരും എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ സഭാപിതാവ് എന്ന പദവി ലഭിക്കാതെ പോയവരും ആയ മഹാന്മാരായ ദൈവശാസ്ത്രജ്ഞന്മാരാണ്. എന്നാൽ വേദപാരംഗതന്മാർ Doctors of the church എന്ന പദവി ആകട്ടെ മറ്റൊരു ഗണത്തിന് അവകാശപ്പെട്ടതാണ്. ഇവർ സഭാപിതാക്കന്മാരുടെ കാലഘട്ടത്തിനു ശേഷം അതായത് പാശ്ചാത്യ സഭയിൽ ഏഴാം നൂറ്റാണ്ടിന് ശേഷവും പൗരസ്ത്യസഭയിൽ എട്ടാം നൂറ്റാണ്ടിന് ശേഷവും സഭയിൽ ജീവിച്ചിരുന്ന ,സഭാപിതാക്കന്മാരോട് കിടപിടിക്കാൻ തക്ക സംഭാവനകൾ സഭയ്ക്ക് നല്കിയ മഹാന്മാരായ ദൈവശാസ്ത്രജ്ഞന്മാരാണ്. ഉദാഹരണത്തിന് തോമസ് അക്വീനാസ്, ആവിലായിലെ അമ്മ ത്രേസ്യാ, കൊച്ചുത്രേസ്യാ എന്നിവരൊക്കെ അറിയപ്പെടുക Doctors of the church എന്നാണ്. ഈ സഭയിലെ സഭാപിതാക്കന്മാരുടെ ഗണത്തിൽ ചില പ്രത്യേക

www.malankaralibrary.com

പേരുകളിലറിയപ്പെടുന്നവരുണ്ട്. ഉദാഹരണത്തിന് പാശ്ചാത്യ സഭയിലും പൗരസ്ത്യസഭയിലും മഹാന്മാർ Great എന്ന പദവിക്ക് അർഹരായ ചില പിതാക്കന്മാരുണ്ട്. പാശ്ചാത്യ സഭയിൽ 4 പിതാക്കന്മാരും പൗരസ്ത്യസഭയിൽ 4 പിതാക്കന്മാരും ആണ് the Great Fathers മഹാന്മാരായ പിതാക്കന്മാർ എന്ന് അറിയപ്പെടുക. പാശ്ചാത്യ സഭയിൽ ഇപ്രകാരം അറിയപ്പെടുന്നവർ മിലാനിലെ മെത്രാനായിരുന്ന വിശുദ്ധ അംബ്രോസ്, വി. ജറോം, ഹിപ്പോയിലെ മെത്രാനായിരുന്ന വി. ആഗസ്തീനോസ്, മഹാനായ വി. ഗ്രിഗറി പാപ്പ എന്നിവരാണ്. പൗരസ്ത്യസഭയിലാകട്ടെ അലക്സാണ്ട്രിയായിലെ അത്തനാസിയൂസ്, മഹാനായ വി. ബേസിൽ ,വി. ഗ്രിഗറി നസിയാൻസൻ, വി.യോഹന്നാൻ ക്രിസോസ്തോം എന്നീ പിതാക്കന്മാരറിയപ്പെടുക മഹാന്മാരായ പിതാക്കന്മാർ great Fathers എന്നാണ്. ഗ്രീക്ക് സഭയിലെ 3 പിതാക്കന്മാരറിയപ്പെടുക സാർവത്രിക മല്പാന്മാർ -Eccumenical Teachers എന്നാണ്. ഇവരെ നാം നോമ്പുകാലത്തെ നമ്മുടെ സവിശേഷമായ രണ്ടാം ഗണം കാറോസൂസായിൽ അനുസ്മരിക്കുന്നുമുണ്ട്. നമ്മുടെ പരിശുദ്ധ

www.malankaralibrary.com

പിതാക്കന്മാരായ മാർ ഗ്രിഗോറിയോസ്, മാർ ബാസേലിയോസ്, മാർ യോവാനീസ് എന്നീ ശ്രേഷ്ഠാചാര്യന്മാരുടേയും സത്യപ്രബോധകരായ മാർ യാക്കോബ്, മാർ അപ്രേം എന്നിവരുടെയും മറ്റെല്ലാ വിശുദ്ധ പ്രബോധകരുടേയും പുരോഹിതരുടെയും അനുസ്മരണത്തിനായി എന്ന്. ഇവിടെ നാം അനുസ്മരിക്കുന്ന മാർ ബാസേലിയോസ്, മാർ യോവാനീസ്, മാർ ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാരാണ് Eccumenical Teachers – സാർവത്രിക മല്പാന്മാർ. പട്രോളജിയിലും പാട്രിസ്റ്റിക്ക്സിലും നാം ഈ പിതാക്കന്മാരുടെ ജീവിതം മാത്രമല്ല പഠിക്കുക, മറിച്ച് അവർ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ചരിത്രം, അവർ അഭിസംബോധന ചെയ്ത സമൂഹത്തിന്റെയോ വ്യക്തികളുടെയോ സവിശേഷതകൾ, അവരെ സ്വാധീനിച്ച ചിന്താധാരകൾ, സഭയെ അക്കാലത്ത് ഭരിച്ചിരുന്ന പാഷണ്ഡതകൾ ,അബദ്ധ പ്രബോധകർ ,ആ കാലത്തെ ദൈവശാസ്ത്ര തർക്കങ്ങൾ തുടങ്ങിയവയൊക്കെ നാം ഈ വിഷയത്തിൽ പഠിക്കാറുണ്ട്. എന്തുകൊണ്ടാണ് സഭാപിതാക്കന്മാരെ കുറിച്ചുള്ള പഠനം സഭയിൽ സുപ്രധാനമാണ് എന്ന് പറയുന്നത്? അല്ലെങ്കിൽ

www.malankaralibrary.com

സഭാപിതാക്കന്മാർക്ക് സഭയിൽ ഉള്ള പ്രസക്തി എന്താണ്? സഭാപിതാക്കന്മാരുടെ പ്രസക്തിയെക്കുറിച്ച്, അല്ലെങ്കിൽ സഭയിൽ ഉള്ള അവരുടെ സ്ഥാനത്തെക്കുറിച്ച് വിശുദ്ധനായ യോഹന്നാൻ പൗലോസ് രണ്ടാമൻ മാർപാപ്പ വ്യക്തമായ ഭാഷയിൽ തൻറെ അപ്പസ്തോലിക ലേഖനം ആയ പാത്രെസ് എക്ലേസിയ എന്ന രേഖയിൽ പ്രതിപാദിക്കുന്നുണ്ട്. "സഭാപിതാക്കന്മാർ സഭയുടെ ബലിഷ്ഠസ്തംഭങ്ങളാണ് .സർവകാലികസഭയ്ക്കുവേണ്ടി അവർ ശാശ്വതധർമ്മം നിർവഹിക്കുന്നു .അവരുടെ പ്രബോധനത്തോടും അദ്ധ്യാപനത്തോടും പൊരുത്തപ്പെട്ടു പോയെങ്കിലേ ഇന്നത്തെ സുവിശേഷപ്രഘോഷണവും ഔദ്യോഗിക പ്രബോധനവും അവികലമാകൂ. സഭാപിതാക്കന്മാരാകുന്ന സജീവ ഉറവയിൽ നിന്ന് നിർഗളിക്കേണ്ടവയാണ് എല്ലാ ആദ്ധ്യാത്മികസിദ്ധികളും സഭാശുശ്രൂഷകളും. അനുദിനം വളരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വിശുദ്ധ സഭാസൗധത്തോട് കൂട്ടിച്ചേർത്തുപണിയുന്ന ഓരോ പുതിയകല്ലും സഭാപിതാക്കന്മാർ നേരത്തെ പണിതിട്ടുള്ള തിനോട് അനുരൂപപ്പെട്ടതാവണം ".വളരെ ശ്രദ്ധേയമായ

www.malankaralibrary.com

പരാമർശമാണിത് .അതായത് മ്ശിഹാ മൂലക്കല്ലും ശ്ളീഹന്മാർ അടിസ്ഥാനവുമായി പണിയപ്പെട്ടിരിക്കുന്ന സഭാസൗധത്തിലെ ബലമേറിയതൂണുകളാണ് സഭാപിതാക്കൻമാർ. ഈ പിതാക്കന്മാർ ഉന്നതത്തിൽ നിന്നും ഉജ്വല പ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. നാം നേരത്തെ സൂചിപ്പിച്ചതുപോ ലെ അവരുടെ പ്രബോധനം സഭയുടെ പ്രബോധനവും സഭയുടെ പ്രബോധനം അവരുടെ പ്രബോധനവുമായിരുന്നു. ശ്ളീഹന്മാരുടെ പ്രബോധനങ്ങൾക്ക് രൂപവും ഭാവവും നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. സഭയുടെ ഉത്ഭവത്തിൽ ശ്ളീഹന്മാരുടെ സ്ഥാനമാണ് പിന്നീട് സഭയുടെ വളർച്ചയിൽ സഭാപിതാക്കന്മാർക്ക് ഉള്ളത്. സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത് യഥാർത്ഥത്തിൽ അവരുടെ വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിലാണ്. പുതിയ നിയമത്തിത്തിനും പഴയനിയമത്തിനും അമൂല്യമായ  വ്യാഖ്യാനം നൽകിയ ഒട്ടനവധിപേരുണ്ട്. അവരുടെ എല്ലാവരുടെയും പൊതുവായ സവിശേഷത അവർ പഴയ നിയമത്തിന്റെ വെളിച്ചത്തിലാണ്  പുതിയനിയമം വ്യാഖ്യാനിച്ചത്. നാം നേരത്തെ

www.malankaralibrary.com

സൂചിപ്പിച്ചിരുന്നതുപോലെ അവരുടെ കലാഘട്ടത്തിൽ സഭയിൽ പല അബദ്ധസിദ്ധാന്താങ്ങളും അല്ലങ്കിൽ വിശ്വാസത്തിന് എതിരായ പല പ്രത്യശാസ്ത്രങ്ങളും ഉരുത്തിരിഞ്ഞു . ഈ അവസരങ്ങളിലെല്ലാം സഭയുടെ സത്യവിശ്വാസത്തിന്റെ ദീപം അണയാതെ സൂക്ഷിച്ചത് ഈ മഹാൻമാരായ പിതാക്കൻമാരാണ്. ശരിക്കും പറഞ്ഞാൽ പ്രവാചകതീക്ഷ്ണതയുള്ള ,സ്വന്തംജീവൻ സഭക്കുവേണ്ടി ഹോമിച്ച മഹാരഥൻമാരായിരുന്നു അവർ. സഭയുടെ ആരാധനക്രമം, തിരുനാളുകൾ, കാനൻനിയമം, സന്യാസപ്രസ്ഥാനങ്ങൾ തുടങ്ങിയവ എല്ലാം തന്നെ വളരുന്നുവന്നത് സഭാപിതാക്കന്മാരുടെ ദർശനങ്ങളിലൂടെയാണ്. സഭാപിതാക്കൻമാർ പ്രാർത്ഥനയുടെ മനുഷ്യരായിരുന്നു. പ്രാർത്ഥനാനുഭവത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ദൈവശാസ്ത്രവീക്ഷണങ്ങളാണ് അവർ സഭക്കായി പങ്കുവച്ചത് .അവരുടെ പ്രാർത്ഥനാനുഭവം സഭയുടെ പ്രാർത്ഥനയുടെ നിയമമായി. ദൈവസ്തുതിക്കായി അഥവാ യാമശുശ്രൂഷകൾക്കായി നാം ഉപയോഗിക്കുന്ന പ്രാർത്ഥനകളിൽ ഒട്ടുമിക്കതും സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്ന് എടുത്തിട്ടുള്ളവയാണ്. സഭാപിതാക്കൻമാരായ

www.malankaralibrary.com

പലരും ഒരേ സമയം മഹാൻമാരായ ദൈവശാസ്ത്രജ്ഞൻമാരും നല്ല അജപാലകരുമായിരുന്നു. സുവിശേഷസന്ദേശം ചുറ്റുമുള്ള മനുഷ്യർക്ക് മനസിലാകത്തക്ക വിധം അവർ സുന്ദരമായി വ്യാഖ്യാനിച്ചു നൽകി. മനുഷ്യാവതാരം ചെയ്ത മ്ശിഹായെ വരച്ചുകാട്ടാൻ അവർ കിണഞ്ഞു പരിശ്രമിച്ചു. സമ്പൂർണമനുഷ്യനും സമ്പൂർണദൈവവുമായ മനുഷ്യനെ ദൈവികനാക്കാൻ മനുഷ്യനായി തീർന്നവചനത്തെപറ്റി സഭാപിതാക്കന്മാർ വ്യക്തമായ പ്രബോധനം നൽകി. അതുപോലെ തന്നെ സഭാപിതാക്കൻമാർ സഭയുടെ പൊതു സമ്പത്താണ്. സഭയുടെ ചരിത്രത്തിൽ സഭയിൽ പല വിഘടനങ്ങൾ ഉണ്ടായെങ്കിലും, പല സഭകളായി നിലകൊള്ളുന്നു എങ്കിലും സഭാപിതാക്കാൻമാർ എല്ലാ സഭയുടെയും പൊതുസ്വത്താണ്. അവർ ആദിമസഭയുടെ അംഗീകൃതവക്താക്കളാണ്. അതുകൊണ്ട് അവരുടെ പഠനങ്ങളുടെ ആധികാരികത എല്ലാസഭയും അമൂല്യമായി കരുതുന്നു.

www.malankaralibrary.com

വിശുദ്ധ കുർബാനയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണല്ലോ കൂദാശാഭാഗം അഥവാ അനാഫൊറ. കൂദാശ എന്ന സുറിയാനി പദത്തിന്റെ അർത്ഥം, വിശുദ്ധീകരിക്കുന്നത് എന്നാണ്. അനാഫൊറ എന്നത് ഗ്രീക്ക് പദം ആണ്. പൗരസ്ത്യ സുറിയാനി ആരാധനക്രമ പാരമ്പര്യമാണ് സിറോ മലബാർ സഭ പിന്തുടരുന്നത്. സഭയുടെ ആരംഭം മുതൽ നമുക്ക് കൈമുതലായി കിട്ടിയിരിക്കുന്ന ഈ സുറിയാനി പാരമ്പര്യത്തിൽ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൈവാരാധനയായ പരിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന മൂന്ന് കൂദാശാക്രമങ്ങൾ മാർ അദ്ദായി -മാറിയുടെ പേരിലുള്ള കൂദാശക്രമവും, മാർ തിയഡോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശാക്രമവും, മാർ നെസ്തോറിയസിന്റെ പേരിൽ ഉള്ള മൂന്നാമത്തെ കൂദാശാക്രമവും ആണ്.സാധാരണ നമ്മുടെ ദൈവാലയങ്ങളിൽ അർപ്പിക്കുന്നതും നമുക്ക് ഏറ്റവും പരിചിതവും ആയ കൂദാശാക്രമം അദ്ദായി - മാറിയുടെ പേരിലുള്ള - ശ്ളീഹന്മാരുടെ കൂദാശാക്രമം - ആണ്. കാർമ്മികൻ വിശ്വാസപ്രമാണം ആലപിച്ചതിനു ശേഷം മൂന്ന് പ്രാവിശ്യം കുമ്പിട്ടു വണങ്ങി മദ്ബഹയിൽ പ്രവേശിച്ചു ബലിപീഠത്തിൽ മൂന്ന് പ്രാവിശ്യം ചുംബിക്കും ;അതിനുശേഷം

www.malankaralibrary.com

കർത്താവിനോടു ആശീർവാദം ചോദിച്ചതിനു ശേഷം ദൈവജനത്തിനു നേരെ തിരിഞ്ഞുനിന്നുകൊണ്ട് ജനത്തിനോട് കുർബാന അർപ്പിക്കാനുള്ള യോഗ്യതയ്ക്കായി പ്രാർത്ഥിക്കുന്നു. ഈ ഭാഗം മുതൽ "അതിപൂജിതമാം നിൻ തിരുനാമത്തിനിതാ "എന്നുള്ള കീർത്തനം ഉൾപ്പെടെയുള്ള ഭാഗം ആണ് കൂദാശാഭാഗം അഥവാ  അനാഫൊറ.

നമ്മുടെ സഭയിൽ

ഉപയോഗത്തിലിരിക്കുന്ന മൂന്ന് കൂദാശാക്രമങ്ങളിൽ ഏറ്റവും ആഘോഷമായ ക്രമമാണ് മാർ നെസ്തോറിയസിന്റെ പേരിൽ ഉള്ള  കൂദാശാക്രമം . ഏറ്റവും ദൈർഘ്യം ഉള്ളതും ദൈവശാസ്ത്രപരമായി ഏറ്റവും സമ്പന്നവുമായ കൂദാശാക്രമവും മൂന്നാമത്തെ കൂദാശാക്രമമാണ്. ഒരു ആരാധനാ വർഷത്തിലെ 5 ദിവസങ്ങളിൽ ആണ്  നെസ്തോറിയസിന്റെ കൂദാശാക്രമം സഭയിൽ  ഉപയോഗിക്കുന്നത്.

ഒന്നാമത്തേത് - ദനഹാ തിരുനാൾ അതായതു ജനുവരി മാസം 6 -ആം തീയതി

രണ്ടാമത്തേത്  - മാർ യോഹന്നാൻ മാംദാനയെ അനുസ്മരിക്കുന്ന വെള്ളിയാഴ്ച

www.malankaralibrary.com

മൂന്നാമത്തേത് - ഗ്രീക്ക് മല്പാൻമാരുടെ ഓർമ്മ ആചരിക്കുന്ന വെള്ളി നാലാമത്തേത് - മൂന്ന് നോമ്പിന്റെ മൂന്നാം ദിവസം -അതായത്ു ബുധനാഴ്ച - ഈ നാല് ദിവസങ്ങളും ദനഹാ കാലത്താണ് വരുന്നത്.

അഞ്ചാമത്തേത് - പെസഹാ വ്യാഴാഴ്ചയുമാണ്.

ഈ അഞ്ചു ദിവസങ്ങളിൽ ആണ് സഭയുടെ പാരമ്പര്യത്തിൽ ഏറ്റവും ആഘോഷമായ നെസ്തോറിയസിന്റെ ക്രമം നമ്മൾ ഉപയോഗിച്ചു കൊണ്ടിരുന്നത്. ഉദയംപേരൂർ സൂനഹദോസ് 1599 - ൽ കൂടിയ ഒരു സമ്മേളനത്തിൽ വെച്ച് - ഉദയംപേരൂർ സൂനഹദോസ് എന്ന് അറിയപ്പെടുന്ന സമ്മേളനത്തിൽ വെച്ച് - നമ്മുടെ സഭയിൽ നിലവിൽ നിന്നിരുന്ന മൂന്ന് കൂദാശാക്രമങ്ങളിൽ രണ്ടെണ്ണം നിർത്തലാക്കുകയുണ്ടായി. അദ്ദായി - മാറിയുടെ കൂദാശ മാത്രമാണ് 1599-ന ശേഷം മാർത്തോമാ നസ്രാണികളുടെ സഭയിൽ ഉപയോഗിച്ചുകൊണ്ടിരുന്നത്. നെസ്തോറിയസിന്റെ കൂദാശ ക്രമം 2018 സെപ്തംബർ 8 -ആം തീയതി ആണ് വീണ്ടും പുനരുദ്ധരിച്ച് നമ്മുടെ സഭയിൽ വർഷങ്ങൾക്ക് ശേഷം ഉപയോഗത്തിൽ വന്നത്. 1599-ൽ നിർത്തലാക്കിയ ഈ കൂദശക്രമം വീണ്ടും

www.malankaralibrary.com

നമ്മുടെ സഭയിൽ ഉപയോഗിക്കണം എന്ന റോമാ മാർപ്പാപ്പയുടെയും റോമിലെ പൗരസ്ത്യ സഭകൾക്ക് വേണ്ടിയിട്ടുള്ള കാര്യാലയത്തിന്റെയും നിർദ്ദേശം നമുക്ക് ലഭിക്കുകയുണ്ടായി. പാശ്ചാത്യ ആധിപത്യത്തിന്റെ പ്രവർത്തനങ്ങൾ മൂലം നമ്മുടെ സഭയിൽനിന്നു നഷ്ടപ്പെട്ടുപോയ കൂദാശക്രമം പുനരുദ്ധരിക്കുവാൻവേണ്ടി പാശ്ചാത്യ സഭയുടെ നേതൃത്വം കൊടുക്കുന്ന മാർപാപ്പ തന്നെ മുന്നിട്ടുയിറങ്ങുകയായിരുന്നു. 1934-ൽ 11-ആം പിയൂസ് മാർപാപ്പ ആരാധനക്രമപരിഷ്കരണത്തിന് വേണ്ടി - പൗരസ്ത്യ സുറിയാനി ആരാധനാക്രമപരിഷ്കരണത്തിന് വേണ്ടി - ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. 1957-ൽ 12-ആം പിയൂസ് മാർപാപ്പ കുർബാനയുടെ രണ്ടു കൂദാശക്രമങ്ങളും പുനരുദ്ധാരണം ചെയ്യണമെന്ന് നിർദ്ദേശിച്ചു ; അതോടൊപ്പം അദ്ദായി -മാറി അതിന്റെ പൂർണ രൂപത്തിലേക്ക് തിരികെ കൊണ്ടുവരണം എന്നും പരിശുദ്ധ പിതാവിന്റെ നിർദേശം ഉണ്ടായി. അങ്ങനെ 1986-ൽ മാർ അദ്ദായി -മാറിയുടെ കൂദാശക്രമം പൂർണമായും പുനരുദ്ധരിച്ചു . 2013-ൽ തെയ്‌ഡോറിന്റെ ക്രമവും 2018-ൽ നെസ്തോറിയസിന്റെ ക്രമവും

www.malankaralibrary.com

പുനരുദ്ധരിക്കപ്പെട്ട് സഭയുടെ ഉപയോഗത്തിനായി നൽകുകയുണ്ടായി. അങ്ങനെ സിറോ മലബാർ സഭ അതിന്റെ യഥാർത്ഥ പാരമ്പര്യത്തിൽ പ്പെട്ട മൂന്ന് കൂദാശക്രമങ്ങളും പുനരുദ്ധരിച്ച് ഉപയോഗിക്കുന്നതിന് അനുമതിയുണ്ടായി.

കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് ആയിരുന്ന നെസ്തോറിയസിന്റെ പേരിലാണ് ഈ കൂദാശക്രമം അറിയപ്പെടുന്നത്; എങ്കിലും ഈ കൂദാശക്രമത്തിന്റെ യഥാർത്ഥ രചയിതാവ് മാർ നെസ്തോറിയസ് അല്ല. 540-ത് മുതൽ 552- വരെ പൗരസ്ത്യ സുറിയാനി സഭയുടെ പാത്രിയാർക്കീസ് ആയിരുന്ന മാർ ആബ്ബായാണ് ഇതിന്റെ രചയിതാവ് എന്നാണ് പൊതുവെ ഈ കൂദാശക്രമത്തെ പറ്റി പഠിച്ചിരിക്കുന്ന പണ്ഡിതന്മാരുടെ അഭിപ്രായം. അദ്ദേഹത്തിന്റെ ഭരണസമയത്ത് കോൺസ്റ്റാന്റിനോപ്പിളിലേക്കു അദ്ദേഹം ഒരു യാത്ര നടത്തുകയുണ്ടായി. ഗ്രീക്ക് സഭയിൽ ഉണ്ടായിരുന്ന ഒരു ആരാധനക്രമം അദ്ദേഹം സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു എന്നാണ് അനുമാനിക്കുന്നത്. ഗ്രീക്ക് അനാഫൊറകളായ യോഹന്നാൻ

www.malankaralibrary.com

ക്രിസോസ്റ്റോമിന്റെയും ബെസേലിയൂസ്സിന്റെയും അനാഫൊറകളുമായി ഇതിനു വളരെയേറെ സാമ്യവും ഉണ്ട്. അതുകൊണ്ടാണ് ഇതു ഗ്രീക്കിൽ നിന്നും സുറിയാനിയിലേക്കു വിവർത്തനം ചെയ്തു എടുത്തതാണ് എന്ന് കരുതുവാനായിട്ടു കാരണമായി തീരുന്നത്. ഗ്രീക്ക് അനാഫൊറയുമായി ഇതിനു സാമ്യമുണ്ടെങ്കിലും ആ അനാഫൊറകളോടുള്ള സാമ്യത്തെക്കാൾ കൂടുതൽ സാമ്യം മാർ നെസ്തോറിയസിന്റെ പേരിലുള്ള അനാഫൊറക്കുള്ളത് അദ്ദായി മാറിയുടെ പേരിലുള്ള അനാഫൊറയോടും മാർ തെയ്ഡോറിന്റെ പേരിലുള്ള അനാഫൊറയോടുമാണ്. അതിനാൽ തന്നെ ഈ കൂദശക്രമം പൗരസ്ത്യ-സുറിയാനി ആരാധനക്രമപാരമ്പര്യത്തിൽ വളർന്നുവന്നതാണെന്ന് നിസ്സംശയം നമുക്ക് പറയാൻ സാധിക്കും. മാർ ആബ്ബാ എന്ന് പറയുന്ന ആ പാത്രിയാർക്കീസ് സുറിയാനി പാരമ്പര്യത്തിലെ ഘടകങ്ങൾ എല്ലാം ഗ്രീക്ക് ലിറ്റർജിയോട് കൂട്ടിച്ചേർത്ത് പുതിയതായി രൂപികരിച്ച് എടുത്തതാവണം ഈ കൂദാശ ക്രമം എന്നുള്ളതാണ് പണ്ഡിതന്മാരുടെ അഭിപ്രായം. 6-ആം നൂറ്റാണ്ടിലാണ് ഇതു രൂപീകരിച്ചത്. 6-ആം നൂറ്റാണ്ടു

www.malankaralibrary.com

മുതൽ 16-ആം നൂറ്റാണ്ടു വരെ നമ്മുടെ പൂർവികർ ഉപയോഗിച്ച് പ്രാർത്ഥിച്ച ഈ കൂദശക്രമമാണ് വീണ്ടും നമ്മുടെ ഉപയോഗത്തിനായി സഭ നമുക്ക് നൽകിയിരിക്കുന്നത്. അതുകൊണ്ടു നമ്മടെ പൂർവികർ ഉപയോഗിച്ച ,വളരെ സുന്ദരമായ ദൈവശാസ്ത്രത്താൽ സമ്പുഷ്ടമായ ആ ആരാധനാക്രമം നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് അതിൽ നിന്ന് ശക്തി സ്വീകരിക്കുവാൻ നമുക്കു കഴിയുകയാണ് വേണ്ടത് .ഈ കൂദാശക്രമം വളരെ ദൈർഘ്യമേറിയതാണ് .ആശയയങ്ങളാൽ സമ്പുഷ്ടമാണ് .അതിനാൽത്തന്നെ ഇതിന്റെ ചില ഭാഗങ്ങൾ  സഭ ഐച്ഛികമാക്കി മാറ്റുകയുണ്ടായി.

സുറിയാനി ഭാഷയിൽ ഉള്ള അവ്യക്തത മലയാളത്തിലേക്ക് വരുമ്പോൾ ഉണ്ടാകാവുന്ന അവ്യക്തത  മാറ്റി കൂടുതൽ ലളിതമായ ഒരു ശീലിയിൽ ഇതു പുറത്തിറക്കുവാനും നമ്മുടെ സിനഡിന് സാധിച്ചു. ഈ കൂദാശക്രമം നമ്മുടെ ഉപയോഗത്തിലേക്കു വന്നപ്പോൾ അതിലെ ചില ഘടകങ്ങൾ   അദ്ദായി മാറിയുടെ അനാഫൊറയിലെ ചില ഘടകങ്ങൾ തന്നെയാക്കി  മാറ്റി നില നിർത്തുകയുണ്ടായി. പ്രാർത്ഥനാഭ്യർത്ഥനകൾ, മ്ശംശാനായുടെ ആഹ്വാനങ്ങൾ,  സമൂഹത്തിന്റെ

www.malankaralibrary.com

പ്രത്യുത്തരങ്ങൾ എന്നിവയെല്ലാം ഒന്നാമത്തെ കൂദാശക്രമത്തിന്റേതുപോലെതന്നെ ആക്കുകയുണ്ടായി .അതിനുള്ള കാരണം അത് ജനത്തിന്റെ ഉപയോഗത്തിന്റെ എളുപ്പത്തിനു വേണ്ടിയിട്ടാണ്. ദൈവശാസ്ത്ര ചിന്തകളാൽ സമ്പുഷ്ടവുമായ ഈ കൂദാശക്രമം ഉപയോഗിക്കുന്നതിലൂടെ കൂടുതൽ ദൈവികതയിലേക്കു വളരുവാൻ നമുക്ക് സാധിക്കും എന്നുള്ളതിൽസംശയമൊന്നുമില്ല.

മാർ നെസ്തോറിയസിന്റെ പേരിലുള്ള മൂന്നാമത്തെ കൂദാശക്രമത്തിൽ യുഗാന്ത്യോന്മുഖ ചിന്തകൾ ധാരാളം നമുക്ക് കണ്ടെത്തുവാൻ സാധിക്കും. മിശിഹാ വിജ്ഞാനീയം അല്ലെങ്കിൽ ക്രിസ്റ്റോളജി അതിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ളതാണ്. പരിശുദ്ധ റൂഹായെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം വളരെ വിപുലീകരിച്ച് നൽകിയിട്ടുണ്ട്. മാർ തെയദോറിന്റെയും, മാർ അദ്ദായി-മാറിയുടെയും പേരിലുള്ള കൂദാശാക്രമങ്ങളിൽ 4 പ്രണാമ ജപവൃത്തങ്ങളാണുള്ളത്. എന്നാൽ നെസ്തോറിയസിന്റെ പേരിലുള്ള കൂദാശാക്രമത്തിൽ 5 പ്രണാമ ജപവൃത്തങ്ങൾ നമുക്ക് കണ്ടെത്തുവാൻ സാധിക്കും. ഈ പ്രണാമ ജപവൃത്തങ്ങളിലേക്ക്

www.malankaralibrary.com

വരുന്നതിന് മുൻപ്, കുദാശക്രമം ആരംഭിക്കുമ്പോൾ, പരിശുദ്ധ കുർബാനയിൽ വിശ്വാസ പ്രമാണത്തിന്റെ ആലാപനത്തിനു ശേഷം, മ്ശംശാനയെ ആശീർവദിക്കുന്ന കാർമ്മികൻ 3 പ്രാവശ്യം കുമ്പിട്ടു വണങ്ങി ബലിപീഠത്തിലേക്ക് പ്രവേശിക്കുന്നു. ബലിപീഠത്തിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹം ചൊല്ലുന്ന ബലിപീഠപ്രവേശന പ്രാർത്ഥന അദ്ദായി - മാറിയുടെ ഒന്നാം പ്രണാമജപം തന്നെയാണ്. അതിനുശേഷം ബലിപീഠത്തെ സമീപിച്ചതിനു ശേഷം, ദൈവത്തോട് ആശീർവാദം ചോദിച്ച്, ജനത്തോട് പ്രാർത്ഥനാഭ്യർത്ഥന നടത്തുകയാണ്. അവിടെ തുടങ്ങുകയാണ് ഒന്നാമത്തെ പ്രണാമ ജപവൃത്തം. ഒന്നാമത്തെ പ്രണാമ ജപവൃത്തത്തിൽ പ്രാർത്ഥനാഭ്യർത്ഥനയും കുശാപ്പായും ഗ്ഹാന്തയും അല്ലെങ്കിൽ പ്രണാമജപവും കാനോനയുമുണ്ട്. ഒന്നാമത്തെ ഗ്ഹാന്താ അല്ലെങ്കിൽ പ്രണാമജപം തെയദോറിന്റെ അനാഫൊറയിലെ ബലിപീഠ പ്രവേശനത്തിന് ഉപയോഗിക്കുന്ന പ്രാർത്ഥന തന്നെയാണ്. അങ്ങനെ ഈ കൂദാശകളെല്ലാം മറ്റു 2 കൂദാശാക്രമങ്ങളുമായി ബന്ധപെട്ടു നിൽക്കുന്നതും, ആ കൂദാശാക്രമങ്ങളിൽ നിന്ന് പ്രാർത്ഥനകൾ സ്വീകരിച്ചിരിക്കുന്നതുമായ കുദാശക്രമമാണ് മാർ

www.malankaralibrary.com

നെസ്തോറിയസിന്റെ കൂദാശക്രമം. സമാധാനാശംസയ്ക്ക് ശേഷം ശുശ്രൂഷിയുടെ ആഹ്വാനവും ഡിപ്റ്റിക്സുമെല്ലാം മറ്റ കൂദാശാക്രമങ്ങളിൽ ഉള്ളത് പോലെ നമ്മുടെ ഉപയോഗത്തിൽ വരുന്നുണ്ട്. പിന്നീട് ഭാഷണ കാനോനയാണ്. ഭാഷണ കാനോന എന്നു പറയുമ്പോൾ, സാധാരണ ജനങ്ങൾക്ക് മനസിലാകുന്നതിന് വേണ്ടി, നമ്മൾ 'മിശിഹാ കർത്താവിൻ കൃപയും, ദൈവപിതാവിന് സ്നേഹമതും 'എന്ന കീർത്തനത്താൽ തുടങ്ങുന്ന ആ പ്രാർത്ഥന അല്ലെങ്കിൽ ആ കീർത്തനം ഗദ്യരൂപത്തിലും, ഉപയോഗിക്കാവുന്ന വിധത്തിലാണ് ഇവിടെ ക്രമീകരിച്ചിരിക്കുന്നത്. അദ്ദായി - മാറിയുടെ അനഫൊറയിൽ വളരെ ലളിതമായ രൂപമാണ് സ്വീകരിച്ചിരിക്കുന്നതെങ്കിൽ, ഇവിടെ വളരെ വിപുലീകരിച്ച രൂപമാണ് സ്വീകരിച്ചിരിക്കുന്നത്. നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ എന്നാണ് അദ്ദായി മാറിയുടെ അനഫൊറയിൽ പറയുന്നത്. പക്ഷെ ഇവിടെ വളരെ വിപുലീകൃതമായി ഇതിനെ പറ്റി പറയുകയാണ്. ഉന്നതങ്ങൾ എന്നുള്ളതിന് വളരെ വിശാലമായ വിശേഷണങ്ങൾ നൽകുകയാണ്. ക്രോവേന്മാരും സ്രാപ്പേന്മാരും, 'പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ 'എന്ന്

www.malankaralibrary.com

നിരന്തരം പ്രകീർത്തിക്കുന്ന, ഭയഭക്തിജനകവും, മഹത്വപൂർണവുമായ, ഉന്നതങ്ങളിലേക്ക് നിങ്ങളുടെ വിചാരങ്ങൾ ഉയർത്തുവിൻ. അപ്പോൾ സമൂഹം പറയുന്ന പ്രത്യുത്തരം 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ അങ്ങയുടെ സന്നിധിയിലേക്ക്' എന്നാണ്. വീണ്ടും 'സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർബാന അർപ്പിക്കപ്പെടുന്നു' എന്നുള്ള അദ്ദായി – മാറിയുടെ ടെക്സ്റ്റിൽ പകരമായി ഇവിടെ ദൈവത്തെ പറ്റി വളരെ വ്യാഖ്യാനം നൽകുകയാണ്. 'പ്രവാചകന്മാർ പ്രതീകങ്ങളിലൂടെ സൂചിപ്പിച്ചതും, ശ്ലീഹന്മാർ പരസ്യമായി പ്രസംഗിച്ചതും, രക്തസാക്ഷികൾ ജീവാർപ്പണം കൊണ്ട് സ്വന്തമാക്കിയതും, മല്പാന്മാർ ദേവാലയങ്ങളിൽ വ്യാഖ്യാനിച്ചതും, പുരോഹിതന്മാർ വിശുദ്ധ ബലിപീഠത്തിന്മേൽ സമർപ്പിച്ചതും, ശുശ്രൂഷികൾ തങ്ങളുടെ കരങ്ങളിൽ വഹിച്ചതും, ജനതകൾ പാപപരിഹാരത്തിനായ് സ്വീകരിച്ചതും, മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹാ അർപ്പിച്ചതുമായ കുർബാന, സർവ്വ സൃഷ്ടികൾക്കും വേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തിന് എല്ലായിടത്തും അർപ്പിക്കപ്പെടുന്നു.'

www.malankaralibrary.com

ഇവിടെ പരിശുദ്ധ കുർബാനയെ പറ്റി, നമ്മൾ അർപ്പിക്കുന്ന ഈ ബലിയർപ്പണത്തെ പറ്റി വളരെ വിശദമായ വ്യാഖ്യാനത്തിലൂടെയാണ് സഭ പ്രാർത്ഥിക്കുന്നത്. ഇതാണ് അവ തമ്മിലുള്ള വ്യത്യാസം. അതിനു ശേഷം ശുശ്രൂഷി നൽകുന്ന ആഹ്വാനം ഇങ്ങനെയാണ്. 'ശരീരത്താൽ നമ്മുടെ ദുഖത്തെ സന്തോഷമായി പകർത്തുകയും, തന്റെ ജീവരക്തം നമ്മുടെ ഹൃദയങ്ങളിൽ തളിക്കുകയും ചെയ്ത് നമ്മുടെ രക്ഷകനായ ഈശോമിശിഹാ നമ്മുക്ക് വേണ്ടി പൂർത്തീകരിച്ച അത്ഭുതാവഹമായ രക്ഷാപദ്ധതിയെ നിങ്ങൾ ഓർക്കുകയും നൈർമല്യത്തോടും ശ്രദ്ധയോടും കൂടെ പ്രാർത്ഥിക്കുകയും ചെയ്യുവിൻ. സമാധാനം നിങ്ങളോടു കൂടെ. കുർബാനയുടെ വിശദീകരണങ്ങൾ  വീണ്ടും വീണ്ടും നമുക്ക് നൽകുകയാണ്. അതിനു ശേഷം രണ്ടാമത്തെ ഗ്ഹാന്താ  ആരംഭിക്കുകയാണ്. രണ്ടാമത്തെ ഗ്ഹാന്തായിൽ കുശാപ്പായുണ്ട്. ഗ്ഹാന്താ പ്രോപ്പർ ആയിട്ടുള്ള ഭാഗമുണ്ട്. അതിനു ശേഷം അതിന്റെ കാനോന എന്ന വിധത്തിൽ 'ഒന്നായ് ഉച്ചസ്വരത്തിൽ 'എന്ന പ്രാർത്ഥനയും ഓശാനയും.  ശേഷം  മൂന്നാമത്തെ ഗ്ഹാന്ത പ്രാർത്ഥനക്കു  തൊട്ടു മുൻപുള്ള കുശാപ്പാ പ്രാർത്ഥന

www.malankaralibrary.com

മുട്ടുകുത്തി നിന്നാണ് കാർമ്മികൻ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനാഭ്യർത്ഥനയും മൂന്നാമത്തെ പ്രണാമജപവുമുണ്ട്. മൂന്നാമത്തെ പ്രണാമജപത്തിലാണ് സ്ഥാപനവിവരണങ്ങൾ നമുക്കുള്ളത്. തെയദോറിന്റെ അനഫൊറയിലും മൂന്നാമത്തെ പ്രണാമജപത്തിൽ തന്നെയാണ് സ്ഥാപനവിവരങ്ങളുള്ളത്. അതുകൊണ്ടാണ് നമ്മൾ അദ്ദായി - മാറിയുടെ അനഫൊറയിൽ മൂന്നാമത്തെ ഗ്ഹാന്തായോട് കൂടെ തന്നെ (institution narrative) സ്ഥാപനവിവരണങ്ങൾ ചേർത്തിരിക്കുന്നത്. നാലാമത്തെ പ്രണാമജപം പിതാക്കന്മാരെ അനുസ്മരിക്കുന്നതാണ്. നമ്മുടെ സഭയിലെ ദൈവത്തിന്റെ സൃഷ്ടിയെയും, ദൈവം നമുക്ക് നേടി തന്ന രക്ഷയെയും അനുസ്മരിക്കുന്നതോടൊപ്പം, അതിന്ന് കൈമാറ്റം ചെയ്യപ്പെടുന്നത് സഭയുടെ ഹയരാർക്കിയിലൂടെയാണ്. അവിടെ നമ്മുടെ പിതാക്കന്മാർ സത്യവിശ്വാസം പ്രസംഗിക്കുന്ന സഭയുടെ ഹയരാർക്കിയെ ഓർമിപ്പിക്കുകയാണ്. സാർവത്രിക സഭയുടെ തലവനായ റോമായിലെ പാപ്പായെയും, സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പിനെയും, അതിരൂപതാദ്ധ്യക്ഷനെയും, പ്രത്യേക പ്രാദേശിക

www.malankaralibrary.com

സഭയുടെ മെത്രാനെയുമെല്ലാം ഓർത്ത്
പ്രാർത്ഥിക്കുന്നു. പിതാക്കന്മാരിലൂടെ കൈമാറ്റം
ചെയ്യപ്പെട്ട, പുരോഹിതന്മാരിലൂടെ
മ്ശംശാനാമാരിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന
വിശ്വാസത്തിന്റെ ആ വലിയ നിധി. അതോർത്തു
കൊണ്ട് അവർക്കു വേണ്ടി നമ്മളിവിടെ
പ്രാർത്ഥിക്കുകയാണ്. പരിശുദ്ധ റൂഹായുടെ
വിശുദ്ധികരണവും റൂഹായെ പറ്റിയുള്ള ചിന്തകളും
നമുക്കിവിടെ കണ്ടെത്താനായിട്ട് സാധിക്കും.
അഞ്ചാമത്തെ ഗ്ഹാന്തായിൽ പരിശുദ്ധ റൂഹായുടെ
പ്രവർത്തനങ്ങൾ നമ്മൾ ആഴത്തിൽ കാണുകയാണ്.
ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട അനേകം
പ്രാർത്ഥനകൾ അവിടെ നമുക്ക് കണ്ടെത്തുവാനായിട്ട്
സാധിക്കുന്നുണ്ട്. ദൈവീക ശുശ്രൂഷ പരികർമ്മം
ചെയ്യപ്പെടുന്ന കാര്യങ്ങളോടൊപ്പം മനുഷ്യന്റെ
ദൈനംദിന ജീവിതവുമായി ബന്ധപ്പെടുന്ന
കാര്യങ്ങളും നാലാമത്തെ ഗ്ഹാന്തയിലും
അഞ്ചാമത്തെ ഗ്ഹാന്തയിലും നമ്മൾ
കാണുകയാണ്. ഏറ്റവും അവസാനം അഞ്ചാമത്തെ
ഗ്ഹാന്തയോട് ചേർന്ന് റൂഹാക്ഷണ പ്രാർത്ഥന
നമ്മൾ കണ്ടെത്തുന്നു. റൂഹാക്ഷണ പ്രാർത്ഥന വളരെ
പ്രധാനപെട്ടതാണല്ലോ. അപ്പവും വീഞ്ഞും

www.malankaralibrary.com

മ്ശിഹായുടെ തിരുശരീരരക്തങ്ങളക്കി
മാറ്റുന്നതാണത്.  റൂഹാക്ഷണപ്രാർത്ഥനയിൽ
ആദ്യമേ തന്നെ പരിശുദ്ധ റൂഹാ എഴുന്നള്ളി വന്ന് ഈ
കുർബാനയിൽ  ആവസിക്കുകയും കുടികൊള്ളുകയും
ചെയ്ത് ഈ അപ്പത്തെയും കാസയെയും വാഴ്ത്തി
വിശുദ്ധീകരിച്ച് കർത്താവീശോമിശിഹായുടെ
ശരീരവും രക്തവുമാക്കി പൂർത്തിയാക്കട്ടെ എന്ന്
പ്രാർത്ഥിക്കുന്നു. അപ്പത്തെയും വീഞ്ഞിനേയും
കർത്താവിന്റെ ശരീരവും രക്തവുമാക്കി
വിശുദ്ധികരിക്കുന്ന പ്രക്രിയ ഇവിടെ ഈ
കുർബാനയിൽ നടക്കണമേയെന്ന് പരിശുദ്ധ
റൂഹായോട് പ്രാർത്ഥിക്കുകയാണ്. വിശുദ്ധ
കുർബാനയിലൂടെ സംഭവിക്കുന്ന രണ്ടാമത്തെ
വിശുദ്ധീകരണം ദൈവജനത്തിന്റെ
വിശുദ്ധീകരണമാണ്. പാപങ്ങളിൽ നിന്നും
കടങ്ങളിൽ നിന്നും മോചിക്കപ്പെട്ട്
സ്വർഗ്ഗരാജ്യത്തിലേക്ക് ദൈവമക്കളെ
സ്വീകരിക്കുവാനുള്ള സാധ്യത നമുക്ക് നൽകുകയാണ്
പരിശുദ്ധ കുർബാനയിലൂടെ. വിശുദ്ധ കുർബാനയിൽ
പങ്കെടുക്കുന്നതിലൂടെ ദൈവമക്കളെല്ലാം
സ്വർഗ്ഗരാജ്യത്തിന് അവകാശികളായി തീരുന്ന ആ
ഒരു  സാധ്യത. അവിടെ  ഇങ്ങനെയാണ്

www.malankaralibrary.com

പ്രാർത്ഥിക്കുന്നത് 'ആരാധ്യവും പരിശുദ്ധവുമായ ഈ രഹസ്യങ്ങൾ, അവ സ്വീകരിക്കുന്നവർക്കെല്ലാം, ശരീരത്തിന്റെയും ആത്മാവിന്റെയും ശുദ്ധീകരണത്തിനും, ബുദ്ധിയുടെ പ്രകാശനത്തിനും, മരിച്ചവരിൽ നിന്നുള്ള ഉയിർപ്പിനും, നിത്യജീവനും, തിരുസന്നിധിയിലുള്ള സംപ്രീതിക്കും, ഞങ്ങളുടെ കർത്താവീശോമിശിഹാ വഴി പ്രദാനം ചെയ്തിരിക്കുന്ന രക്ഷയ്ക്കും കാരണമാകട്ടെ'. ഇതിലൂടെ നമ്മളെല്ലാം നിത്യരക്ഷയ്ക്ക് എത്തിച്ചേരട്ടെയെന്ന് നമ്മൾ പരിശുദ്ധ റൂഹായോട് പ്രാർത്ഥിക്കുകയാണ്. അങ്ങനെ എല്ലാവരെയും സ്നേഹത്തിൽ ബന്ധിപ്പിക്കണം. അതിന്റെ അവസാനം ഇങ്ങനെയാണ്. 'ഏക ശരീരവും ഏക ആത്മാവുമായി തീരാൻ തക്കവിധം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധത്താൽ ഞങ്ങളെ അന്യോന്യം യോജിപ്പിക്കണമേ. പരസ്പരം സ്നേഹത്തിലും സമാധാനത്തിലും ഐക്യത്തിലും ഞങ്ങളെ ഒന്നിപ്പിക്കണമേ. സ്നേഹത്തിൽ ബന്ധിപ്പിക്കണമേ'. പരിശുദ്ധ കുർബാനയുടെ ലക്ഷ്യവും അത് തന്നെയാണ്. ഞങ്ങളെ സ്നേഹത്തിൽ ബന്ധിപ്പിച്ച്, സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുക എന്നുള്ളതാണ്. അതിന് ഈ കുർബാനയിൽ

www.malankaralibrary.com

പങ്കെടുക്കുന്നതിലൂടെ നമ്മുക്ക് സാധിക്കട്ടെ. അങ്ങനെ ഈ കുർബാന അർപ്പിക്കുന്നതിലൂടെ, ഈ കൂദാശാക്രമത്തിലൂടെ, എല്ലാവരും ദൈവസന്നിധിയിലേക്ക് വളരുവാൻ ഇടയാക്കുകയും ചെയ്യട്ടെ.

*നസ്രാണി പഠന പരമ്പര ക്ളാസ് 12iii*

www.malankaralibrary.com

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ... ഞാൻ ചവറപ്പുഴ ജെയിംസ് അച്ചൻ, നസ്രാണി റിസർച്ച് സെൻറർ നല്ലതണ്ണി...

കുരുത്തോല ഞായർ അഥവാ ഓശാന ഞായർ ഓട്ടുകൂടി ആരംഭിക്കുന്ന ആഴ്ച, വിശുദ്ധ വാരം അഥവാ ഹോളി വീക്ക് എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. നാലാം നൂറ്റാണ്ടിൽ ജറുസലേമിൽ വലിയ ആഴ്ച്ച എന്നാണ് ഇത് അറിയപ്പെട്ടിരുന്നത് ,തുടർന്ന് ഇത് ലത്തീൻ സഭയിൽ പ്രചാരത്തിലായി.പൗരസ്ത്യ സുറിയാനി സഭയിൽ ഈ ആഴ്ച്ചക്ക് നോമ്പിലെ ഏഴാമത്തെ ആഴ്ച എന്ന പേരാണ് ഉണ്ടായിരുന്നത്.വലിയ ആഴ്ച എന്ന പേര് ലത്തീൻ പാരമ്പര്യത്തിൽ നിന്ന് വന്നതാണ്. പൗരസ്ത്യ സുറിയാനി ക്രമത്തിൽ അഥവാ മാർത്തോമാ നസ്രാണികളുടെ ഇടയിൽ വലിയ ആഴ്ച അഥവാ ആഴ്ചകളുടെ ആഴ്ച എന്നത് ഉയർപ്പ് തിരുന്നാൾ കഴിഞ്ഞുള്ള ആഴ്ചയുടെ പേരാണ്. ഇന്ന് പൊതുവേ വിശുദ്ധ വാരം എന്ന് ഈ ആഴ്ച അറിയപ്പെടുന്നു.ലത്തീൻ സഭയിലും വിശുദ്ധവാരം അഥവാ സെത്തിമാന സാന്താ എന്ന പേരിന് മുൻതൂക്കം വന്നിട്ടുണ്ട്. മലങ്കര യാക്കോബായ പാരമ്പര്യത്തിൽ ആശാ ആഴ്ച അഥവാ കഷ്ടാനുഭവ

www.malankaralibrary.com

ആഴ്ച എന്ന് പറയുന്നു. മിശിഹാ എന്ന നിലയ്ക്കുള്ള ഈശോയുടെ ജറുസലേം പ്രവേശനത്തോടെ ആണ് വിശുദ്ധവാരം ആരംഭിക്കുന്നത്. പീഡാനുഭവത്തിന് മുമ്പ് ഈശോ മഹത്വത്തോടെ ജറുസലേമിൽ പ്രവേശിച്ചതിനെ അനുസ്മരിക്കുന്ന ദിവസമാണിത്. നാല് സുവിശേഷങ്ങളും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.കർത്താവിനെ അനുഗമിച്ചിരുന്നവർ  ഒന്നടങ്കം ഓശാന എന്ന് ആർത്തു വിളിച്ചിരുന്നതായി, വി.ലൂക്ക ഒഴികെ മറ്റു മൂന്നു സുവിശേഷകന്മാർ പ്രസ്താവിച്ചിട്ടുണ്ട്. ഹീബ്രു ഭാഷയിൽ നിന്ന് മലയാളത്തിലേക്ക് വന്ന ഒരു പ്രയോഗമാണ് ഓശാന. ഞങ്ങളെ രക്ഷിക്കണമേ എന്നാണ് അതിൻറെ അർത്ഥം. പൗരസ്ത്യ സുറിയാനി ഭാഷയിൽ ഓശാന എന്നും പാശ്ചാത്യ സുറിയാനി ഭാഷയിൽ ഊശാല എന്നും കാണുന്നു. ലത്തീനിൽ ഹൊസാലാ എന്നാണ് കാണുന്നത്. ആധുനിക യൂറോപ്യൻ ഭാഷകളിൽ ഈ രൂപം തന്നെ നിലനിൽക്കുന്നു. പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഹീബ്രുഭാഷയിലെ ഹോസിയാക് നാ എന്ന വാക്യം ചുരുങ്ങി ഒറ്റപ്പദം തീർന്നതാണ് ഹൊസാനാ അല്ലെങ്കിൽ ഓശാന. ആഹ്ലാദ പ്രകടനത്തിനും ശുഭാശംസക്ക് ഉപയോഗിക്കുന്ന ഒരു പ്രത്യേക

www.malankaralibrary.com

പദമായി ഇത് തീർന്നു. പിന്നീട് സ്തുതിപ്പിന്റെ പ്രകടനമായും സഹായഅഭ്യർത്ഥനയുടെ സൂചനയുമായി ഇത് കരുതപ്പെട്ടു.യഹൂദർ പ്രധാന തിരുനാളുകളിൽ, ഉദാഹരണത്തിന് പെസഹാ, കൂടാരത്തിരുന്നാൾ തുടങ്ങിയ തിരുനാളുകളിൽ ഉപയോഗിക്കുന്ന ഹല്ലേൽ എന്ന സങ്കീർത്തനഗണത്തിലെ ഒരു സങ്കീർത്തനത്തിൽ ഈ പ്രയോഗം കാണാം. സങ്കീർത്തനം 117 ൽ ഇപ്രകാരം നാം വായിക്കുന്നുണ്ട്,മരച്ചില്ലകൾ വഹിച്ചുകൊണ്ട് പ്രദക്ഷിണമായി നീങ്ങുവിൻ, മദ്ബഹായിൽ പ്രവേശിക്കുവിൻ... ജറുസലേം ദേവാലയത്തിൽ പെസഹത്തിരുനാളിന് ഈശോ ചെന്നപ്പോൾ ജനങ്ങൾ ഓശാന ഗീതം ഉദ്ഘോഷിച്ചുകൊണ്ടു അവിടുത്തെ സ്വീകരിച്ചത് സുവിശേഷങ്ങളിൽ നാം കാണുന്നു. കാലക്രമേണ സഭയുടെ ആരാധനക്രമ ത്തിലും ഇത് സ്വീകരിക്കപ്പെട്ടു.ഓശാനയുടെ ബഹുവചനരൂപമായ ഓശാലെ എന്ന വാക്കിന് ഓലക്കാലുകൾ അഥവാ palm branches എന്നർത്ഥമുണ്ട്.മക്കബായരുടെ ഒന്നാം പുസ്തകം 13 ആം അധ്യായം 51 ആം തിരുവചനത്തിൽ ഇതിന്റെ സൂചനകളുണ്ട്.നമ്മുടെ  സഭയിൽ കുരുത്തോല ഞായർ എന്നും ഓശാന ഞായർ

www.malankaralibrary.com

അറിയപ്പെടുന്നുണ്ടല്ലോ... ലത്തീൻ സഭയിൽ palm sunday എന്ന പേരാണ് ഔദ്യോഗികമായി ഉപയോഗിക്കുക. Dominica in palmesia എന്ന് ലത്തീൻ  ഭാഷയിൽ പറയുന്നു.അതിൽ നിന്നാണ് palm sunday  എന്ന വാക്ക് ഉരിത്തിരിയുക. ഈശോയുടെ ജറുസലേം പ്രവേശനവേളയിൽ ജനങ്ങൾ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചിരുന്നു എന്ന് ആദ്യത്തെ മൂന്നു സുവിശേഷകരും പറഞ്ഞിട്ടുണ്ട്. അതോടൊപ്പം വൃക്ഷ കൊമ്പുകളും അവർ വഴിയിൽ വിതറിയിരുന്നതായി വിശുദ്ധ മത്തായിയും വി.മർക്കോസും പ്രസ്താവിക്കുന്നു. എന്നാൽ ഏതുതരം വൃക്ഷകൊമ്പുകൾ എന്ന് അവർ വ്യക്തമാക്കിയിട്ടില്ല, വി.ലൂക്ക ആകട്ടെ വൃക്ഷകൊമ്പുകളുടെ കാര്യമേ പറയുന്നില്ല. ജനം ഈന്തപ്പനകളുടെ കൈകൾ വഹിച്ചുകൊണ്ട് ഈശോയെ സ്വീകരിക്കുവാൻ ചെന്നതായിട്ടാണ് വിശുദ്ധ യോഹന്നാൻ വിവരിക്കുന്നത്. ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത് പൗരസ്ത്യ സുറിയാനി സഭയിലും പാശ്ചാത്യ സുറിയാനിസഭയിലും ഓശാനകളുടെ ഞായർ എന്ന് പറയുന്നത് ഈന്തപ്പന കൈകളുടെ അഥവാ കുരുത്തോലകളുടെ ഞായർ എന്ന അർത്ഥത്തിൽ ആണ്. പനം കൈകൾക്ക് പകരം നമ്മുടെ നാട്ടിൽ

www.malankaralibrary.com

എവിടെയും ലഭ്യമാകുന്ന നമ്മുടെ ഉത്തമ വൃക്ഷമായ തെങ്ങിന്റെ ഓലകൈകൾ നാം ഉപയോഗിക്കുന്നു എന്ന് മാത്രം...,പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിലെ  പ്രാർത്ഥനകൾ ധ്യാനിക്കുമ്പോൾ ഈ ദിവസം മുഴുവനും കർത്താവിന്റെ ജെറുസലേം പ്രവേശനത്തിന് അനുസ്മരണമായി പ്രതിഷ്ഠിതമായിരിക്കുന്നത് കാണാം.യുവാക്കളും കുട്ടികളും മരച്ചില്ലകളുമായി കർത്താവിനെ എതിരേൽക്കുവാൻ വന്നതിനെപ്പറ്റി നിരവധി പരാമർശങ്ങൾ ഈ ദിവസത്തെ യാമപ്രാർത്ഥനകളിൽ കാണാം. സ്രാപ്പെൻമാരിൽ നിന്ന് ഇടവിടാതെ സ്തുതിഗീതങ്ങൾ ലഭിക്കുന്ന ആളെ ജെറുസലെം നിവാസികൾ സ്വീകരിച്ചു,മുലകുടിക്കുന്ന കുഞ്ഞുങ്ങൾ ഉൾപ്പെടെ ഓശാന പാടി എതിരേറ്റ സംഭവം അസാധാരണമായിട്ട് പ്രാർത്ഥനകളിൽ ചിത്രീകരിച്ചിരിക്കുന്നു. കുട്ടികൾ എന്നതിന് വളരെ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത്, കുഞ്ഞുങ്ങൾ അഥവാ പൈതങ്ങൾ എന്നർത്ഥമുള്ള ശൗറെ എന്ന പദമാണ്. സഭാപിതാവായ മാർ അപ്രേം പറയുന്ന കാര്യം ഇവിടെ വളരെ ശ്രദ്ധേയമാണ്, അവൻറെ ജനനത്തിനും അവന്റെ മരണത്തിനും ശിശുക്കൾ ഭാഗവാക്കുകൾ ആയിരുന്നു.അവനെ എതിരേറ്റപ്പോൾ

www.malankaralibrary.com

യോഹന്നാൻ സന്തോഷംകൊണ്ട് കുതിച്ചു ചാടി,
അവന്റെ ജനനത്തിൽ ശിശുക്കൾ കൊല്ലപ്പെട്ടു,
അവന്റെ മരണം സമീപസ്ഥമായപ്പോൾ വീണ്ടും
കുഞ്ഞുങ്ങൾ അവന്റെ സ്തുതിപ്പുകൾ പ്രഘോഷിച്ചു.
സ്രാപ്പെ മാലാഖമാരെ പോലെ കുഞ്ഞുങ്ങൾ വീണ്ടും
വീണ്ടും ആർത്തു വിളിച്ച് അവനെ എതിരേറ്റു. മാർ
അപ്രേം വീണ്ടും പറയുകയാണ്, അവന്റെ ജനനത്തിൽ
ജെറുസലേം മുഴുവനും ഇളകി (മത്തായിയുടെ
സുവിശേഷം 2 ആം അദ്ധ്യായം 3 ആം തിരുവചനം),
അതുപോലെ അവൻ അതിൽ ആഘോഷമായി
പ്രവേശിച്ച ദിനം അത് വീണ്ടും ഇളകിവശയത് നാം
കാണുന്നു. താമസിയാതെ തനിക്കു വരാൻ പോകുന്ന
പീഡസഹനങ്ങൾക്ക് മുൻപ് താൻ ആരാണെന്ന്
ലോകത്തിന് കാണിച്ചു കൊടുക്കുകയായിരുന്നു
ജെറുസലേം പ്രവേശനത്തിന്റെ ലക്ഷ്യം. അവൻ
ഏറ്റെടുക്കുന്ന പീഡാസഹനം ബലഹീനത അല്ലെന്നും
സ്വയം ഏറ്റെടുത്തതാണെന്നും വ്യക്തമാകുന്നു,
കാരണം അവൻ മഹത്വത്തിന്റെ അധിപതി
ആണ്.തന്റെ ദൈവത്വം പരസ്യമായി അവിടുന്ന്
വെളിപ്പെടുത്തിയ ദിവസമാണിന്ന്, അതാണ് 'ഓശാന
ഞായറാഴ്ച'. കഴുതയെ കർത്താവിനു ആവശ്യമുണ്ട്
എന്ന വാക്യം വ്യക്തമായ ദൈവത്വ പ്രകാശനവും

www.malankaralibrary.com

ആണ്.  ഇതിനു മുമ്പ് ഈശോ ഒരിക്കൽ മാത്രമേ കഴുതപ്പുറത്തു കയറിയതായി നാം കാണുന്നുള്ളൂ,ബേത് ലഹേം  യാത്രയിൽ, അതായത് അവന്റെ ജനനത്തിന് മുമ്പ് അവനെ ഉദരത്തിൽ വഹിച്ചു കൊണ്ട് പരിശുദ്ധ അമ്മ കഴുതപ്പുറത്ത് യാത്ര ചെയ്യുന്നത് നാം കാണുന്നു, അവന്റെ അവസാനത്തെ യാത്രയും ഒരു കഴുതപ്പുറത്ത് ആയിരുന്നു.സഭപിതാവായ മാർ അപ്രേം വീണ്ടും പറയുകയാണ്,അവിടുന്ന് പുൽത്തൊഴുത്തു കൊണ്ട് ആരംഭിച്ചു,ഒരു കഴുതയെ കൊണ്ട് അവസാനിപ്പിച്ചു... ബേത് ലഹേമിൽ പുൽത്തൊഴുത്തു കൊണ്ട്..,ജറുസലേമിൽ കഴുതയെ കൊണ്ട്..., മനുഷ്യരായ നമ്മെ സംബന്ധിച്ചിടത്തോളം ഈ ലോകത്തിൻറെ കയ്യടിയും ആർഭാടവും പദവികളും ഒക്കെ വെറും താൽക്കാലികമാണെന്നും മനുഷ്യർ നൽകുന്ന പ്രശംസകൾക്കും ആദരവുകൾക്കും ഒക്കെ വലിയ കഴമ്പില്ലെന്നും തെളിയിക്കുന്ന സംഭവമാണിത്. ജെറുസലേമിന് നഷ്ടമായ ദൈവിക ചൈതന്യം തിരിച്ചു കിട്ടിയ ദിവസമാണ് ഓശാനയുടെ ദിവസം, ആദത്തിന് നഷ്ടമായ ദൈവിക ജീവൻ ആദത്തി നു തിരിച്ചു നൽകാനായി ആദത്തിന്റെ മനുഷ്യത്വം അവൻ എടുത്ത് ധരിച്ചതിനെ കുറിച്ച്

www.malankaralibrary.com

സഭപിതാവയ മാർ അപ്രേം പറയുന്നുണ്ട്, നമുക്കും നമ്മുടെ ദൈവിക ജീവൻ തിരികെ ലഭ്യമായത്, അല്ലെങ്കിൽ നമുക്ക് ദൈവികജീവൻ ലഭ്യമാകുന്നത്,നമ്മുടെ ഓരോരുത്തരുടെയും മാമ്മോദീസ വേളയിലാണ്... ഈ ദൈവിക ചൈതന്യത്തിൽ അടിയുറച്ച ജീവിക്കാനും കുഞ്ഞുങ്ങളെപ്പോലെ, പൈതങ്ങളെ പോലെ, എന്നും എന്നേക്കും അവന് ഓശാനയും സ്തുതിയും അർപ്പിക്കുവാനും സാധിക്കട്ടെ എന്നും പ്രാർത്ഥിക്കാം നമുക്ക്... ഈ ഓശാനയുടെ ദിവസം സ്രാപ്പെ മാലാഖമാരുടെ ഗീതങ്ങളോട് ചേർത്ത് നമ്മുടെ ഗീതങ്ങളും ദൈവസന്നിധിയിൽ സ്വീകര്യമാകട്ടെ എന്ന് പ്രാർത്ഥിക്കാം... ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ...

## *നസ്രാണി പഠന പരമ്പര ക്ലാസ്സ്- 19*

## *മാർ നെസ്തോറിയസിന്റെ കൂദാശാക്രമം*

*ഡോ. ജോസഫ് കുറ്റിയാങ്കൽ*

*ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്*

*പാലാ രൂപത*

*വിശുദ്ധ കുർബാനയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണല്ലോ കൂദാശാഭാഗം അഥവാ അനാഫൊറ. കൂദാശ എന്ന സുറിയാനി*

www.malankaralibrary.com

പദത്തിന്റെ അർത്ഥം, വിശുദ്ധീകരിക്കുന്നത് എന്നാണ്. അനാഫൊറ എന്നത് ഗ്രീക്ക് പദം ആണ്. പൗരസ്ത്യ സുറിയാനി ആരാ ധനക്രമപാരമ്പര്യമാണ് സിറോ മലബാർ സഭ പിന്തുടരുന്നത്. സഭയുടെ ആരംഭം മുതൽ നമുക്ക് കൈമുതലായി കിട്ടിയിരിക്കുന്ന ഈ സുറിയാനി പാരമ്പര്യത്തിൽ അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൈവാരാധനയായ പരിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന മൂന്ന് കൂദാശാക്രമങ്ങൾ മാർ അദ്ദായി -മാറിയുടെ പേരിലുള്ള കൂദാശക്രമവും, മാർ തിയഡോറിന്റെ പേരിലുള്ള രണ്ടാമത്തെ കൂദാശാക്രമവും, മാർ നെസ്തോറിയസിന്റെ പേരിൽ ഉള്ള മൂന്നാമത്തെ കൂദാശാക്രമവും ആണ്.സാധാരണ നമ്മുടെ ദൈവാലയങ്ങളിൽ അർപ്പിക്കുന്നതും നമുക്ക് ഏറ്റവും പരിചിതവും ആയ കൂദാശാക്രമം അദ്ദായി -മാറിയുടെ പേരിലുള്ള - ശ്ളീഹന്മാരുടെ കൂദാശാ ക്രമം - ആണ്. കാർമ്മികൻ വിശ്വാസപ്രമാണം ആലപിച്ചതിനു ശേഷം മൂന്ന് പ്രാവിശ്യം കുമ്പിട്ടു വണങ്ങി മദ്ബഹയിൽ പ്രവേശിച്ച ബലിപീഠ ത്തിൽ മൂന്ന് പ്രാവിശ്യം ചുംബിക്കും ;അതിനുശേഷം കർത്താവിനോടു ആശീർവാദം ചോദിച്ചതിനു ശേഷം ദൈവജനത്തിനു നേരെ തിരിഞ്ഞു നിന്നുകൊണ്ട്

www.malankaralibrary.com

ജനത്തിനോട് കുർബാന അർപ്പിക്കാനുള്ള യോഗ്യത യ്ക്കായി പ്രാർത്ഥിക്കുന്നു. ഈ ഭാഗം മുതൽ "അതിപൂജിതമാം നിൻ തിരുനാമത്തിനിതാ "എന്നുള്ള കീർത്തനം ഉൾപ്പെടെയുള്ള ഭാഗം ആണ് കൂദാശാഭാഗം അഥവാ അനാഫൊറ.

നമ്മുടെ സഭയിൽ ഉപയോഗത്തിലിരിക്കുന്ന മൂന്ന് കൂദാശാക്രമങ്ങളിൽ ഏറ്റവും ആഘോഷമായ ക്രമമാണ് മാർ നെസ്തോറിയസിന്റെ പേരിൽ ഉള്ള കൂദാശാക്രമം . ഏറ്റവും ദൈർഘ്യം ഉള്ളതും ദൈവശാസ്ത്രപരമായി ഏറ്റവും സമ്പന്നവുമായ കൂദാശാക്രമവും മൂന്നാമത്തെ കൂദാശാക്രമമാണ്. ഒരു ആരാധനാ വർഷത്തിലെ 5 ദിവസങ്ങളിൽ ആണ് നെസ്തോറിയസിന്റെ കൂദാശാക്രമം സഭയിൽ ഉപയോഗിക്കുന്നത്.

ഒന്നാമത്തേത് - ദനഹാ തിരുനാൾ അതായതു ജനുവരി മാസം 6 -ആം തീയതി ..........................

രണ്ടാമത്തേത് - മാർ യോഹന്നാൻ മാംദാനയെ അനുസ്മരിക്കുന്ന വെള്ളിയാഴ്ച ....................

മൂന്നാമത്തേത് - ഗ്രീക്ക് മല്പാൻമാരുടെ ഓർമ്മ ആചരിക്കുന്ന വെള്ളി........ നാലാമത്തേത് - മൂന്ന് നോമ്പിന്റെ മൂന്നാം ദിവസം -അതായതു ബുധനാഴ്ച - ............................

www.malankaralibrary.com

ഈ നാല് ദിവസങ്ങളും ദനഹാ കാലത്താണ് വരുന്നത്.
അഞ്ചാമത്തേത് - പെസഹാ വ്യാഴാഴ്ചയുമാണ്....................
ഈ അഞ്ചു ദിവസങ്ങളിൽ ആണ് സഭയുടെ പാരമ്പര്യത്തിൽ ഏറ്റവും ആഘോഷമായ നെസ്തോറിയസിന്റെ ക്രമം നമ്മൾ ഉപയോഗിച്ചു കൊണ്ടിരുന്നത്. ഉദയംപേരൂർ സൂനഹദോസ് 1599 - ൽ കൂടിയ ഒരു സമ്മേളനത്തിൽ വെച്ച് - ഉദയംപേരൂർ സൂനഹദോസ് എന്ന് അറിയപ്പെടുന്ന സമ്മേളനത്തിൽ വെച്ച് - നമ്മുടെ സഭയിൽ നിലവിൽ നിന്നിരുന്ന മൂന്ന് കൂദാശാക്രമങ്ങളിൽ രണ്ടെണ്ണം നിർത്തലാക്കുകയു ണ്ടായി. അദ്ദായി - മാറിയുടെ കൂദാശ മാത്രമാണ് 1599-ന ശേഷം മാർത്തോമാ നസ്രാണികളുടെ സഭയിൽ ഉപയോഗിച്ചുകൊണ്ടിരുന്നത്. നെസ്തോറിയസിന്റെ കൂദാശ ക്രമം 2018 സെപ്തംബർ 8 -ആം തീയതി ആണ് വീണ്ടും പുനരുദ്ധരിച്ച് നമ്മുടെ സഭയിൽ വർഷങ്ങൾക്ക് ശേഷം ഉപയോഗത്തിൽ വന്നത്. 1599-ൽ നിർത്തലാക്കിയ ഈ കൂദശക്രമം വീണ്ടും നമ്മുടെ സഭയിൽ ഉപയോഗിക്കണം എന്ന റോമാ മാർപ്പാപ്പ യുടെയും റോമിലെ പൗരസ്ത്യ സഭകൾക്ക്

www.malankaralibrary.com

വേണ്ടിയിട്ടുള്ള കാര്യാലയ ത്തിന്റെയും നിർദ്ദേശം നമുക്ക് ലഭിക്കുകയുണ്ടായി. പാശ്ചാത്യ ആധിപത്യത്തിന്റെ പ്രവർത്തനങ്ങൾ മൂലം നമ്മുടെ സഭയിൽനിന്നു നഷ്ടപ്പെട്ടുപോയ കൂദാശക്രമം പുനരുദ്ധരിക്കുവാൻവേണ്ടി പാശ്ചാത്യ സഭയുടെ നേതൃത്വം കൊടുക്കുന്ന മാർപാപ്പ തന്നെ മുന്നിട്ടുയിറങ്ങുക യായിരുന്നു. 1934-ൽ 11-ആം പിയൂസ് മാർപാപ്പ ആരാധനക്രമ പരിഷ്കരണത്തിന് വേണ്ടി - പൗരസ്ത്യ സുറിയാനി ആരാധനാക്രമ പരിഷ്കരണത്തിന് വേണ്ടി - ഒരു കമ്മീഷനെ നിയമിക്കുകയുണ്ടായി. 1957-ൽ 12-ആം പിയൂസ് മാർപാപ്പ കുർബാനയുടെ രണ്ടു കൂദാശ ക്രമങ്ങളും പുനരുദ്ധാരണം ചെയ്യണമെന്ന് നിർദ്ദേശിച്ചു ; അതോടൊപ്പം  അദ്ദായി -മാറി അതിന്റെ പൂർണ രൂപത്തിലേക്ക് തിരികെ കൊണ്ടുവ രണം എന്നും പരിശുദ്ധ പിതാവിന്റെ നിർദേശം ഉണ്ടായി. അങ്ങനെ 1986-ൽ മാർ  അദ്ദായി -മാറിയുടെ കൂദാശക്രമം പൂർണമായും പുനരുദ്ധ രിച്ചു . 2013-ൽ തെയ്ഡോറിന്റെ ക്രമവും 2018-ൽ നെസ്തോറിയസിന്റെ ക്രമവും പുനരുദ്ധരിക്കപ്പെട്ട് സഭയുടെ ഉപയോഗത്തിനായി നൽകുക യുണ്ടായി. അങ്ങനെ സിറോ മലബാർ സഭ അതിന്റെ യഥാർത്ഥ

www.malankaralibrary.com

പാരമ്പര്യത്തിൽ പ്പെട്ട മൂന്ന് കൂദാശക്രമങ്ങളും പുനരുദ്ധരിച്ച് ഉപയോഗി ക്കുന്നതിന് അനുമതിയുണ്ടായി.

കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് ആയിരുന്ന നെസ്തോറിയസിന്റെ പേരിലാണ് ഈ കൂദാശക്രമം അറിയപ്പെടുന്നത്; എങ്കിലും ഈ കൂദാശക്രമത്തിന്റെ യഥാർത്ഥ രചയിതാവ് മാർ നെസ്തോറിയസ് അല്ല. 540-ത് മുതൽ 552- വരെ പൗരസ്ത്യ സുറിയാനി സഭയുടെ പാത്രിയാർക്കീസ് ആയിരുന്ന മാർ ആബ്ബായാണ് ഇതിന്റെ രചയിതാവ് എന്നാണ് പൊതുവെ ഈ കൂദാശക്രമത്തെ പറ്റി പഠിച്ചിരി ക്കുന്ന പണ്ഡിതന്മാരുടെ അഭിപ്രായം. അദ്ദേഹത്തിന്റെ ഭരണസമയത്ത് കോൺസ്റ്റാന്റിനോപ്പിളിലേക്കു അദ്ദേഹം ഒരു യാത്ര നടത്തുകയുണ്ടായി. ഗ്രീക്ക് സഭയിൽ ഉണ്ടായിരുന്ന ഒരു ആരാധനക്രമം അദ്ദേഹം സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു എന്നാണ് അനുമാനിക്കുന്നത്. ഗ്രീക്ക് അനാഫൊറകളായ യോഹന്നാൻ ക്രിസോസ്തോമിന്റെയും ബെസേലിയൂസ്സിന്റെയും അനാഫൊറകളുമായി ഇതിനു വളരെയേറെ സാമ്യവും

www.malankaralibrary.com

ഉണ്ട്. അതുകൊണ്ടാണ് ഇതു ഗ്രീക്കിൽ നിന്നും സുറിയാനിയി ലേക്കു വിവർത്തനം ചെയ്തു എടുത്തതാണ് എന്ന് കരുതുവാനായിട്ടു കാരണമായി തീരുന്നത്. ഗ്രീക്ക് അനാഫൊറയുമായി ഇതിനു സാമ്യ മുണ്ടെങ്കിലും ആ അനാഫൊറകളോടുള്ള സാമ്യത്തെക്കാൾ കൂടുതൽ സാമ്യം മാർ നെസ്തോറിയസിന്റെ പേരിലുള്ള അനാഫൊറക്കുള്ളത് അദ്ദായി മാറിയുടെ പേരിലുള്ള അനാഫൊറയോടും മാർ തെയ്‌ഡോറിന്റെ പേരിലുള്ള അനാഫൊറയോടുമാണ് . അതിനാൽ തന്നെ ഈ കൂദശക്രമം പൗരസ്ത്യ-സുറിയാനി ആരാധനക്രമ പാരമ്പര്യത്തിൽ വളർന്നുവന്നതാണെന്ന് നിസ്സംശയം നമുക്ക് പറയാൻ സാധിക്കും. മാർ ആബ്ബാ എന്ന് പറയുന്ന ആ പാത്രിയാർക്കീസ് സുറിയാനി പാരമ്പര്യത്തിലെ ഘടകങ്ങൾ എല്ലാം ഗ്രീക്ക് ലിറ്റർജിയോട് കൂട്ടിച്ചേർത്ത് പുതിയതായി രൂപികരിച്ച് എടുത്തതാവണം ഈ കൂദാശ ക്രമം എന്നുള്ളതാണ് പണ്ഡിതന്മാരുടെ അഭിപ്രായം. 6-ആം നൂറ്റാണ്ടി ലാണ് ഇതു രൂപീകരിച്ചത്. 6-ആം നൂറ്റാണ്ടു മുതൽ 16-ആം നൂറ്റാണ്ടു വരെ നമ്മുടെ പൂർവികർ ഉപയോഗിച്ച് പ്രാർത്ഥിച്ച ഈ കൂദശക്രമമാണ് വീണ്ടും നമ്മുടെ ഉപയോഗത്തിനായി

www.malankaralibrary.com

സഭ നമുക്ക് നൽകിയിരിക്കുന്നത്. അതുകൊണ്ടു നമ്മടെ പൂർവികർ ഉപയോഗിച്ച ,വളരെ സുന്ദരമായ ദൈവശാസ്ത്രത്താൽ സമ്പുഷ്ടമായ ആ ആരാധനാക്രമം നമ്മുടെ ജീവിത ത്തിലേക്ക് കൊണ്ടുവന്ന് അതിൽ നിന്ന് ശക്തി സ്വീകരിക്കുവാൻ നമുക്കു കഴിയുകയാണ് വേണ്ടത് .ഈ കുദാശക്രമം വളരെ ദൈർഘ്യമേറിയതാ ണ് .ആശയയങ്ങളാൽ സമ്പുഷ്ടമാണ് .അതിനാൽത്തന്നെ ഇതിന്റെ ചില ഭാഗങ്ങൾ  സഭ ഐച്ഛികമാക്കി മാറ്റുകയുണ്ടായി.

സുറിയാനി ഭാഷയിൽ ഉള്ള അവ്യക്തത മലയാളത്തിലേക്ക് വരുമ്പോൾ ഉണ്ടാകാവുന്ന അവ്യക്തത  മാറ്റി കൂടുതൽ ലളിതമായ ഒരു ശീലിയിൽ ഇതു പുറത്തിറക്കുവാനും നമ്മുടെ സിനഡിന് സാധിച്ചു. ഈ കുദാശക്രമം നമ്മുടെ ഉപയോഗത്തിലേക്കു വന്നപ്പോൾ അതിലെ ചില ഘടകങ്ങൾ   അദ്ദായി മാറിയുടെ അനാഫൊറയിലെ ചില ഘടകങ്ങൾ തന്നെയാക്കി  മാറ്റി നില നിർത്തുകയുണ്ടായി. പ്രാർത്ഥനാഭ്യർത്ഥനകൾ, മ്ശംശാനായുടെ ആഹ്വാനങ്ങൾ,  സമൂഹത്തിന്റെ പ്രത്യുത്തരങ്ങൾ എന്നിവയെല്ലാം ഒന്നാമത്തെ കുദാശക്രമത്തിന്റേതുപോലെതന്നെ ആക്കുകയുണ്ടായി .അതിനുള്ള കാരണം അത് ജനത്തിന്റെ ഉപയോഗ

www.malankaralibrary.com

ത്തിന്റെ എളുപ്പത്തിനു വേണ്ടിയിട്ടാണ്. ദൈവശാസ്ത്ര ചിന്തകളാൽ സമ്പുഷ്ടവുമായ ഈ കൂദാശക്രമം ഉപയോഗിക്കുന്നതിലൂടെ കൂടുതൽ ദൈവികതയിലേക്കു വളരുവാൻ നമുക്ക് സാധിക്കും എന്നുള്ളതിൽ സംശയമൊന്നുമില്ല.

മാർ നെസ്തോറിയസിന്റെ പേരിലുള്ള മൂന്നാമത്തെ കൂദാശക്രമത്തിൽ യുഗാന്ത്യോന്മുഖ ചിന്തകൾ ധാരാളം നമുക്ക് കണ്ടെത്തുവാൻ സാധിക്കും. മിശിഹാ വിജ്ഞാനീയം അല്ലെങ്കിൽ ക്രിസ്റ്റോളജി അതിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ളതാണ്. പരിശുദ്ധ റൂഹായെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം വളരെ വിപുലീകരിച്ച് നൽകിയിട്ടുണ്ട്. മാർ തെയദോറിന്റെയും, മാർ അദ്ദായി-മാറിയുടെയും പേരിലുള്ള കൂദാശാക്രമങ്ങളിൽ 4 പ്രണാമ ജപവൃത്തങ്ങളാണുള്ളത്. എന്നാൽ നെസ്തോറിയസിന്റെ പേരിലുള്ള കൂദാശാക്രമത്തിൽ 5 പ്രണാമ ജപവൃത്തങ്ങൾ നമുക്ക് കണ്ടെത്തുവാൻ സാധിക്കും. ഈ പ്രണാമ ജപ വൃത്തങ്ങളിലേക്ക് വരുന്നതിന് മുൻപ്, കൂദാശക്രമം ആരംഭിക്കുമ്പോൾ, പരിശുദ്ധ കുർബാനയിൽ വിശ്വാസ പ്രമാണത്തിന്റെ ആലാപനത്തിനു ശേഷം, മ്ശംശാനയെ

www.malankaralibrary.com

ആശീർവദിക്കുന്ന കാർമ്മികൻ 3 പ്രാവശ്യം കുമ്പിട്ടു വണങ്ങി ബലിപീഠത്തിലേക്ക് പ്രവേശിക്കുന്നു. ബലിപീഠ ത്തിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹം ചൊല്ലുന്ന ബലിപീഠ പ്രവേശന പ്രാർത്ഥന അദ്ദായി - മാറിയുടെ ഒന്നാം പ്രണാമജപം തന്നെയാണ്. അതിനുശേഷം ബലിപീഠത്തെ സമീപിച്ചതിനു ശേഷം, ദൈവത്തോട് ആശീർവാദം ചോദിച്ച്, ജനത്തോട് പ്രാർത്ഥനാഭ്യർത്ഥന നടത്തു കയാണ്. അവിടെ തുടങ്ങുകയാണ് ഒന്നാമത്തെ പ്രണാമ ജപവൃത്തം. ഒന്നാമത്തെ പ്രണാമ ജപവൃത്തത്തിൽ പ്രാർത്ഥനാഭ്യർത്ഥനയും കുശാപ്പായും ഗ്ഹാന്തയും അല്ലെങ്കിൽ പ്രണാമജപവും കാനോനയുമുണ്ട്. ഒന്നാമത്തെ ഗ്ഹാന്താ  അല്ലെങ്കിൽ പ്രണാമജപം തെയദോറിന്റെ അനാഫൊറയിലെ ബലിപീഠ പ്രവേശനത്തിന് ഉപയോഗിക്കുന്ന പ്രാർത്ഥന തന്നെയാണ്. അങ്ങനെ ഈ കൂദാശകളെല്ലാം മറ്റു 2 കൂദാശാ ക്രമങ്ങളുമായി ബന്ധപെട്ടു നിൽക്കുന്നതും, ആ കൂദാശാക്രമങ്ങളിൽ നിന്ന് പ്രാർത്ഥനകൾ സ്വീകരിച്ചിരിക്കുന്നതുമായ  കൂദാശക്രമമാണ് മാർ നെസ്തോറിയസിന്റെ കൂദാശക്രമം. സമാധാനാശംസയ്ക്ക് ശേഷം ശുശ്രൂഷി യുടെ ആഹ്വാനവും ഡിപ്റ്റിക്സുമെല്ലാം മറ്റു കൂദാശാക്രമങ്ങളിൽ ഉള്ളത്

www.malankaralibrary.com

പോലെ നമ്മുടെ ഉപയോഗത്തിൽ വരുന്നുണ്ട്.
പിന്നീട് ഭാഷണ കാനോനയാണ്. ഭാഷണ കാനോന
എന്നു പറയുമ്പോൾ, സാധാരണ ജനങ്ങൾക്ക്
മനസിലാകുന്നതിന് വേണ്ടി, നമ്മൾ
' മിശിഹാ കർത്താവിൻ കൃപയും,
ദൈവപിതാവിന് സ്നേഹമതും '
എന്ന കീർത്തനത്താൽ തുടങ്ങുന്ന ആ പ്രാർത്ഥന
അല്ലെങ്കിൽ ആ കീർത്തനം ഗദ്യരൂപത്തിലും,
ഉപയോഗിക്കാവുന്ന വിധത്തിലാണ് ഇവിടെ
ക്രമീകരിച്ചിരിക്കുന്നത്. അദ്ദായി - മാറിയുടെ
അനഫൊറയിൽ വളരെ ലളിതമായ രൂപമാണ്
സ്വീകരിച്ചിരിക്കുന്നതെങ്കിൽ, ഇവിടെ വളരെ
വിപുലീകരിച്ച രൂപമാണ് സ്വീകരിച്ചിരിക്കുന്നത്.
നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയരട്ടെ
എന്നാണ് അദ്ദായി മാറിയുടെ അനഫൊറയിൽ
പറയുന്നത്. പക്ഷെ ഇവിടെ വളരെ വിപുലീകൃതമായി
ഇതിനെ പറ്റി പറയുകയാണ്. ഉന്നതങ്ങൾ
എന്നുള്ളതിന് വളരെ വിശാലമായ വിശേഷണങ്ങൾ
നൽകുകയാണ്. "ക്രോവേന്മാരും സ്രാപ്പേന്മാരും,
'പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ 'എന്ന്
നിരന്തരം പ്രകീർത്തിക്കുന്ന, ഭയഭക്തിജനകവും,
മഹത്വപൂർണവുമായ, ഉന്നതങ്ങളിലേക്ക് നിങ്ങളുടെ

www.malankaralibrary.com

*വിചാരങ്ങൾ ഉയർത്തുവിൻ". അപ്പോൾ സമൂഹം പറയുന്ന പ്രത്യുത്തരം 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ അങ്ങയുടെ സന്നിധിയിലേക്ക്' എന്നാണ്. വീണ്ടും 'സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർബാന അർപ്പിക്കപ്പെടുന്നു' എന്നുള്ള അദ്ദായി- മാറിയുടെ ടെക്സ്റ്റിൽ പകരമായി ഇവിടെ ദൈവത്തെ പറ്റി വളരെ വ്യാഖ്യാനം നൽകുകയാണ്.*

***'പ്രവാചകന്മാർ പ്രതീകങ്ങളിലൂടെ സൂചിപ്പിച്ചതും, ശ്ലീഹന്മാർ പരസ്യമായി പ്രസംഗിച്ചതും, രക്തസാക്ഷികൾ ജീവാർപ്പണം കൊണ്ട് സ്വന്തമാക്കിയതും, മല്പാന്മാർ ദേവാലയങ്ങളിൽ വ്യാഖ്യാനിച്ചതും, പുരോഹിതന്മാർ വിശുദ്ധ ബലിപീഠത്തിന്മേൽ സമർപ്പിച്ചതും, ശുശ്രൂഷികൾ തങ്ങളുടെ കരങ്ങളിൽ വഹിച്ചതും, ജനതകൾ പാപപരിഹാരത്തിനായ് സ്വീകരിച്ചതും, മനുഷ്യവംശത്തിന്റെ ആദ്യഫലമായ മിശിഹാ അർപ്പിച്ചതുമായ കുർബാന, സർവ്വ സൃഷ്ടികൾക്കും വേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തിന് എല്ലായിടത്തും അർപ്പിക്കപ്പെടുന്നു.'*** *ഇവിടെ പരിശുദ്ധ കുർബാനയെ പറ്റി, നമ്മൾ അർപ്പിക്കുന്ന ഈ*

www.malankaralibrary.com

ബലിയർപ്പണത്തെ പറ്റി വളരെ വിശദമായ വ്യാഖ്യാനത്തിലൂടെയാണ് സഭ പ്രാർത്ഥിക്കുന്നത്. ഇതാണ് അവ തമ്മിലുള്ള വ്യത്യാസം. അതിനു ശേഷം ശുശ്രൂഷി നൽകുന്ന ആഹ്വാനം ഇങ്ങനെയാണ്.

**'ശരീരത്താൽ നമ്മുടെ ദുഖത്തെ സന്തോഷമായി പകർത്തുകയും, തന്റെ ജീവരക്തം നമ്മുടെ ഹൃദയങ്ങളിൽ തളിക്കുകയും ചെയ്ത് നമ്മുടെ രക്ഷകനായ ഈശോമിശിഹാ നമ്മുക്ക് വേണ്ടി പൂർത്തീകരിച്ച അത്ഭുതാവഹമായ രക്ഷാപദ്ധതിയെ നിങ്ങൾ ഓർക്കുകയും നൈർമല്യത്തോടും ശ്രദ്ധയോടും കൂടെ പ്രാർത്ഥിക്കുകയും ചെയ്യുവിൻ. സമാധാനം നിങ്ങളോടു കൂടെ'.** കുർബാനയുടെ വിശദീകരണങ്ങൾ വീണ്ടും വീണ്ടും നമുക്ക് നൽകുകയാണ്. അതിനു ശേഷം രണ്ടാമത്തെ ഗ്ഹാന്താ ആരംഭിക്കുകയാണ്. രണ്ടാമത്തെ ഗ്ഹാന്തായിൽ കുശാപ്പായുണ്ട്. ഗ്ഹാന്താ പ്രോപ്പർ ആയിട്ടുള്ള ഭാഗമുണ്ട്. അതിനു ശേഷം അതിന്റെ കാനോന എന്ന വിധത്തിൽ 'ഒന്നായ് ഉച്ചസ്വരത്തിൽ 'എന്ന പ്രാർത്ഥനയും ഓശാനയും. ശേഷം മൂന്നാമത്തെ ഗ്ഹാന്ത പ്രാർത്ഥനക്കു തൊട്ടു മുൻപുള്ള കുശാപ്പാ പ്രാർത്ഥന മുട്ടുകുത്തി നിന്നാണ് കാർമ്മികൻ പ്രാർത്ഥിക്കുന്നത്.

www.malankaralibrary.com

പ്രാർത്ഥനാഭ്യർത്ഥനയും മൂന്നാമത്തെ പ്രണാമജപവുമുണ്ട്. മൂന്നാമത്തെ പ്രണാമജപത്തിലാണ് സ്ഥാപന വിവരണങ്ങൾ നമുക്കുള്ളത്. തെയദോറിന്റെ അനഫൊറയിലും മൂന്നാമത്തെ പ്രണാമജപത്തിൽ തന്നെയാണ് സ്ഥാപനവിവരങ്ങളുള്ളത്. അതുകൊണ്ടാണ് നമ്മൾ അദ്ദായി - മാറിയുടെ അനഫൊറയിൽ മൂന്നാമത്തെ ഗ്ഹാന്താായോട് കൂടെ തന്നെ (institution narrative) സ്ഥാപനവിവരണങ്ങൾ ചേർത്തിരിക്കുന്നത്. നാലാമത്തെ പ്രണാമജപം പിതാക്കന്മാരെ അനുസ്മരിക്കുന്നതാണ്. നമ്മുടെ സഭയിലെ ദൈവത്തിന്റെ സൃഷ്ടിയെയും, ദൈവം നമുക്ക് നേടി തന്ന രക്ഷയെയും അനുസ്മരിക്കുന്നതോടൊപ്പം, അതിന്ന് കൈമാറ്റം ചെയ്യപ്പെടുന്നത് സഭയുടെ ഹയരാർക്കിയിലൂടെയാണ്. അവിടെ നമ്മുടെ പിതാക്കന്മാർ സത്യവിശ്വാസം പ്രസംഗിക്കുന്ന സഭയുടെ ഹയരാർക്കിയെ ഓർമിപ്പിക്കുകയാണ്. സാർവത്രിക സഭയുടെ തലവനായ റോമായിലെ പാപ്പായെയും, സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പിനെയും, അതിരൂപതാദ്ധ്യക്ഷനെയും, പ്രത്യേക പ്രാദേശിക സഭയുടെ മെത്രാനെയുമെല്ലാം ഓർത്ത്

www.malankaralibrary.com

പ്രാർത്ഥിക്കുന്നു. പിതാക്കന്മാരിലൂടെ കൈമാറ്റം ചെയ്യപ്പെട്ട, പുരോഹിതന്മാരിലൂടെ മ്ശംശാനാമാരിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന വിശ്വാസത്തിന്റെ ആ വലിയ നിധി. അതോർത്തു കൊണ്ട് അവർക്കു വേണ്ടി നമ്മളിവിടെ പ്രാർത്ഥിക്കുകയാണ്. പരിശുദ്ധ റൂഹായുടെ വിശുദ്ധികരണവും റൂഹായെ പറ്റിയുള്ള ചിന്തകളും നമുക്കിവിടെ കണ്ടെത്താനായിട്ട് സാധിക്കും. അഞ്ചാമത്തെ ഗ്ഹാന്തായിൽ പരിശുദ്ധ റൂഹായുടെ പ്രവർത്തനങ്ങൾ നമ്മൾ ആഴത്തിൽ കാണുകയാണ്. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട അനേകം പ്രാർത്ഥനകൾ അവിടെ നമുക്ക് കണ്ടെത്തു വാനായിട്ട് സാധിക്കുന്നുണ്ട്. ദൈവിക ശുശ്രൂഷ പരികർമ്മം ചെയ്യപ്പെടുന്ന കാര്യങ്ങളോടൊപ്പം മനുഷ്യന്റെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുന്ന കാര്യങ്ങളും നാലാമത്തെ ഗ്ഹാന്തയിലും അഞ്ചാമത്തെ ഗ്ഹാന്തയിലും നമ്മൾ കാണുകയാണ്. ഏറ്റവും അവസാനം അഞ്ചാമത്തെ ഗ്ഹാന്തയോട് ചേർന്ന് റൂഹാക്ഷണ പ്രാർത്ഥന നമ്മൾ കണ്ടെത്തുന്നു. റൂഹാക്ഷണ പ്രാർത്ഥന വളരെ പ്രധാനപെട്ടതാണല്ലോ. അപ്പവും വീഞ്ഞും മ്ശിഹായുടെ തിരുശരീരരക്തങ്ങളക്കി

www.malankaralibrary.com

മാറ്റുന്നതാണത്. റൂഹാക്ഷണപ്രാർത്ഥനയിൽ ആദ്യമേ തന്നെ പരിശുദ്ധ റൂഹാ എഴുന്നള്ളി വന്ന് ഈ കുർബാനയിൽ ആവസിക്കുകയും കുടികൊള്ളുകയും ചെയ്ത് ഈ അപ്പത്തെയും കാസയെയും വാഴ്ത്തി വിശുദ്ധീകരിച്ച് കർത്താവീശോമിശിഹായുടെ ശരീരവും രക്തവുമാക്കി പൂർത്തിയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അപ്പത്തെയും വീഞ്ഞിനേയും കർത്താവിന്റെ ശരീരവും രക്തവുമാക്കി വിശുദ്ധികരിക്കുന്ന പ്രക്രിയ ഇവിടെ ഈ കുർബാനയിൽ നടക്കണമേയെന്ന് പരിശുദ്ധ റൂഹായോട് പ്രാർത്ഥിക്കുകയാണ്. വിശുദ്ധ കുർബാനയിലൂടെ സംഭവിക്കുന്ന രണ്ടാമത്തെ വിശുദ്ധീകരണം ദൈവജനത്തിന്റെ വിശുദ്ധീകരണമാണ്. പാപങ്ങളിൽ നിന്നും കടങ്ങളിൽ നിന്നും മോചിക്കപ്പെട്ട് സ്വർഗ്ഗരാജ്യ ത്തിലേക്ക് ദൈവമക്കളെ സ്വീകരിക്കുവാനുള്ള സാധ്യത നമുക്ക് നൽകുകയാണ് പരിശുദ്ധ കുർബാനയിലൂടെ. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ ദൈവമക്കളെല്ലാം സ്വർഗ്ഗരാജ്യത്തിന് അവകാശികളായി തീരുന്ന ആ ഒരു സാധ്യത. അവിടെ ഇങ്ങനെയാണ് പ്രാർത്ഥിക്കുന്നത്

www.malankaralibrary.com

**'ആരാധ്യവും പരിശുദ്ധവുമായ ഈ രഹസ്യങ്ങൾ, അവ സ്വീകരിക്കുന്നവർക്കെല്ലാം, ശരീരത്തിന്റെയും ആത്മാവിന്റെയും ശുദ്ധീകരണത്തിനും, ബുദ്ധിയുടെ പ്രകാശനത്തിനും, മരിച്ചവരിൽ നിന്നുള്ള ഉയിർപ്പിനും, നിത്യജീവനും, തിരുസന്നിധിയിലുള്ള സംപ്രീതിക്കും, ഞങ്ങളുടെ കർത്താവീശോമിശിഹാ വഴി പ്രദാനം ചെയ്തിരിക്കുന്ന രക്ഷയ്ക്കും കാരണമാകട്ടെ'.** ഇതിലൂടെ നമ്മളെല്ലാം നിത്യരക്ഷയ്ക്ക് എത്തിച്ചേരട്ടെയെന്ന് നമ്മൾ പരിശുദ്ധ റൂഹായോട് പ്രാർത്ഥിക്കുകയാണ്. അങ്ങനെ എല്ലാവരെയും സ്നേഹത്തിൽ ബന്ധിപ്പിക്കണം. അതിന്റെ അവസാനം ഇങ്ങനെയാണ്. **'ഏക ശരീരവും ഏക ആത്മാവുമായി തീരാൻ തക്കവിധം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധത്താൽ ഞങ്ങളെ അന്യോന്യം യോജിപ്പിക്കണമേ. പരസ്പരം സ്നേഹത്തിലും സമാധാനത്തിലും ഐക്യത്തിലും ഞങ്ങളെ ഒന്നിപ്പിക്കണമേ. സ്നേഹത്തിൽ ബന്ധിപ്പിക്കണമേ'.** പരിശുദ്ധ കുർബാനയുടെ ലക്ഷ്യവും അത് തന്നെയാണ്. ഞങ്ങളെ സ്നേഹത്തിൽ ബന്ധിപ്പിച്ച്, സ്വർഗ്ഗരാജ്യത്തിന് അവകാശികളാക്കുക എന്നുള്ളതാണ്. അതിന് ഈ കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ നമ്മുക്ക്

www.malankaralibrary.com

സാധിക്കട്ടെ. അങ്ങനെ ഈ കുർബാന അർപ്പിക്കുന്നതിലൂടെ, ഈ കൂദാശാക്രമത്തിലൂടെ, എല്ലാവരും ദൈവസന്നിധിയിലേക്ക് വളരുവാൻ ഇടയാക്കുകയും ചെയ്യട്ടെ.

www.malankaralibrary.com

## നസ്രാണി പഠന പരമ്പര ക്ളാസ് -19

### " പുതുജീവനും നവീകരണവും നമ്മോടുകൂടെ"

റവ. ഡോ. പോളി മണിയാട്ട്

എല്ലാവർക്കും നമ്മുടെ കർത്താവായ ഈശോ മ്ശിഹായുടെ  തിരുവുത്ഥാനത്തിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവ്വം ആശംസിക്കുന്നു. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനശിലയാണ് ഈശോയുടെ ഉത്ഥാനം . കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം പതിനഞ്ചാം അദ്ധ്യായം പതിനാലാം വാക്യത്തിൽ പൗലോസ് ശ്ലീഹ ഇങ്ങനെ പഠിപ്പിക്കുന്നു . "മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ് നിങ്ങളുടെ വിശ്വാസവും വ്യർത്ഥം". പിതാവിൽനിന്നും സ്ഥലകാല പ്രപഞ്ചത്തിൻറെ ഭാഗമായി കടന്നുവന്ന ദൈവപുത്രനായ മിശിഹാ പിതാവിങ്കലേക്ക് തിരികെ

എത്തുന്നതാണ് മിശിഹായുടെ ഉയിർപ്പ്. പക്ഷേ സ്ഥലകാല പ്രപഞ്ചത്തെ ഒന്നാകെ വെടിഞ്ഞ് പിതാവിങ്കൽ എത്തി എന്ന് ഇതിന് അർത്ഥമില്ല. ഉത്ഥിതനായ മിശിഹാ സ്ഥലകാല പ്രപഞ്ചത്തെ മുഴുവനായും ആശ്ലേഷിക്കുന്ന ദൈവമാണ്.

ചരിത്രത്തിലെ ഈശോ പാലസ്തീനാ എന്ന സ്ഥലത്തു മാത്രം ചരിത്രത്തിലെ ഒരു ചെറിയ കാലഘട്ടത്തിൽ മാത്രം ഒതുങ്ങി നിന്നവനായിരുന്നെങ്കിൽ ഉത്ഥിതനായ ഈശോ സർവ്വ പ്രപഞ്ചത്തിലും സ്ഥലകാലം മുഴുവനിലും സന്നിഹിതനാണ്. മിശിഹായെപ്പോലെതന്നെ സ്ഥലകാല പ്രപഞ്ചത്തിന്റെ പരിധികൾക്ക് അതീതരായി നമ്മളും ദൈവ പിതാവിങ്കൽ എത്തിച്ചേരേണ്ടതാണ് എന്ന സത്യം ഈശോയുടെ ഉത്ഥാനം നമ്മളെ ബോധ്യപ്പെടുത്തുന്നു. നമ്മുടെ

www.malankaralibrary.com

ഉയർപ്പിന്റെ അച്ചാരവും ഉറപ്പുമാണ് ഈശോയുടെ ഉത്ഥാനം.

മിശിഹാ തൻറെ ഉത്ഥാനത്തിലൂടെ ദൈവ പിതാവിങ്കൽ നമുക്ക് സ്ഥലം ഒരുക്കിയിരിക്കുകയാണ്. യോഹന്നാന്റെ സുവിശേഷം പതിനാലാം അധ്യായം രണ്ടും മൂന്നും വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു; "എൻറെ പിതാവിൻറെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട് ; ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ ഞാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ ? ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കി കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്നു നിങ്ങളെ അവിടേക്ക് കൂട്ടിക്കൊണ്ടുപോകും". ഈശോയുടെ ഉയിർപ്പ്

www.malankaralibrary.com

നമ്മുടെയെല്ലാം ഉയിർപ്പിന്റേയും സ്വർഗ്ഗരാജ്യ പ്രവേശത്തിന്റേയും അച്ചാരമാണ് .

സ്ഥലകാലങ്ങൾക്ക് അതീതനായി കർത്താവായ ഈശോ നമ്മോടു ചേർന്നു വസിക്കുന്നു എന്നതാണ് ഉത്ഥാനത്തിൽ ഉള്ള വിശ്വാസം നമുക്ക് നൽകുന്ന ഏറ്റവും വലിയ ആനന്ദം .

'ഈശോ സത്യമായും ഉയിർത്തെഴുന്നേറ്റു ഹല്ലേലൂയ്യ' എന്ന് പ്രഘോഷിക്കുന്നതിലെ സന്തോഷം ഇതു തന്നെയാണ്. ഉത്ഥിതനായ കർത്താവിനോടു ചേർന്ന് അവനിൽ ജീവിക്കുവാനുള്ള ആഹ്വാനമാണ് ഉയിർപ്പ് തിരുനാൾ നമുക്ക് നൽകുന്നത്.

കർത്താവിൽ ഉള്ള ജീവിതത്തിൻറെ ദൃശ്യമായ അടയാളമാണ് സമാധാനം . മിശിഹാ ആകുന്ന സമാധാനത്തിന്റെ നിറവുള്ള ഒരു ജീവിതം അതാണ് ഉത്ഥിതനായ കർത്താവിൽ വിശ്വസിച്ച

www.malankaralibrary.com

ജീവിക്കുന്നവരുടെ  ജീവിതം. ഉയിർപ്പ് തിരുനാളിന്റെ ആരാധനാ ശുശ്രൂഷയിലെ സുപ്രധാന ഘടകമായ സമാധാന ശുശ്രൂഷ ഈ സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

ഈശോമിശിഹായുടെ പെസഹാ

രഹസ്യത്തെ- അതായത് പീഡാനുഭവ മരണ ഉത്ഥാന രഹസ്യത്തെ- വലിയ ആഴ്ചയിൽ വ്യത്യസ്ത ദിനങ്ങളിൽ ആണ് നമ്മൾ ആചരിക്കുന്നതെങ്കിലും അവിടുത്തെ മരണവും ഉത്ഥാനവും അവിഭാജ്യമായ ഒരു യാഥാർത്ഥ്യമാണ്.  പുരാതനകാലത്ത് സഭയിൽ ഈസ്റ്റർ തിരുനാൾ മാത്രമാണ് ഉണ്ടായിരുന്നത് .അതിൽ കർത്താവിൻറെ പീഡാസഹനവും മരണവും ഉത്ഥാനവും അനുസ്മരിച്ചിരുന്നു . പിൽക്കാലത്ത് പെസഹാ രഹസ്യത്തിന്റെ സൂക്ഷ്മാംശങ്ങൾ

www.malankaralibrary.com

ധ്യാനവിഷയമാക്കേണ്ടതിനായി മരണവും, കബറടക്കവും, ഉത്ഥാനവും  വ്യത്യസ്ത ദിനങ്ങളിൽ ആചരിച്ച് തുടങ്ങിയതാണ്.

കർത്താവിൻറെ മരണത്തിൽ പങ്കുചേരുന്നതിലൂടെ മാത്രമേ അവൻറെ ഉത്ഥാനത്തിൽ നമുക്ക് പങ്കുചേരാൻ ആവൂ .വിശുദ്ധ കുർബാനയിൽ ഈശോയുടെ മരണ-ഉത്ഥാനരഹസ്യത്തിലാണ് നാം പങ്കുചേരുന്നത്. മരണത്തിൻറെ സ്മരണ കൊണ്ടാടുമ്പോൾ അതിനോടു ചേർന്നു തന്നെ ഉത്ഥാനത്തിന്റെ സ്മരണയും കൊണ്ടാടുന്നു .

സിറോ മലബാർ കുർബാനയിൽ വളരെ സ്പഷ്ടമായി അഞ്ചു പ്രാവശ്യമെങ്കിലും ഈശോയുടെ മരണോത്ഥാനരഹസ്യത്തിൽ  പങ്കുചേരാൻ സഹായിക്കും വിധം അതിനെ നമ്മൾ

www.malankaralibrary.com

അനുസ്മരിക്കുന്നുണ്ട് . ഈശോയുടെ മരണത്തിൽ

പങ്കുചേരുന്നവർക്ക് മാത്രമേ അവിടുത്തെ

ഉത്ഥാനത്തിലും പങ്കുചേരാൻ ആവൂ. റോമാക്കാർക്ക്

ഉള്ള ലേഖനം ആറാം അധ്യായം അഞ്ചാം

വാക്യത്തിൽ പൗലോസ് ശ്ലീഹ ഇങ്ങനെ

പഠിപ്പിക്കുന്നു "അവൻറെ മരണത്തിനു സദൃശ്യമായ

ഒരു മരണത്തിൽ നാം അവനോട്

ഐക്യപ്പെട്ടവരായെങ്കിൽ അവൻറെ

പുനരുത്ഥാനത്തിന് സദൃശ്യമായ ഒരു

പുനരുത്ഥാനത്തിലും നാം അവനോട് ഐക്യപ്പെട്ടവർ

ആയിരിക്കും". ഉത്ഥിതനായ കർത്താവ് നമ്മിൽ

വസിക്കണമെങ്കിൽ അവിടുത്തെ മരണത്തിൽ നാം

പങ്കുചേരണം എന്ന് പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു.

ഗലാത്തിയാക്കാർക്ക് എഴുതിയ ലേഖനം

രണ്ടാം അധ്യായം ഇരുപതാം വാക്യത്തിൽ

www.malankaralibrary.com

പൗലോസ് ശ്ലീഹ ഇങ്ങനെ പ്രഘോഷിക്കുന്നുണ്ട് ;

"ഞാൻ  മിശിഹായോടുകൂടെ ക്രൂശിതൻ

ആയിരിക്കുന്നു. ഇനിമേൽ ഞാൻ അല്ല ജീവിക്കുന്നത്

മിശിഹായാണ് എന്നിൽ ജീവിക്കുന്നത് ".

കോറിന്തോസുകാർക്ക് എഴുതിയ രണ്ടാം ലേഖനം

നാലാം അധ്യായം പത്താം വാക്യത്തിലും ഇതേ

ആശയം തന്നെ പൗലോസ് ശ്ലീഹ ഏറ്റുപറയുന്നു

"ഈശോയുടെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ

പ്രത്യക്ഷമാകേണ്ടതിന് അവിടുത്തെ മരണം ഞങ്ങൾ

എല്ലായ്പ്പോഴും ശരീരത്തിൽ  സംവഹിക്കുന്നു".

ഉത്ഥിതനായ മിശിഹായിൽ ജീവിക്കുന്നതിനുള്ള

പരിശീലനമാണ് വിശുദ്ധ കുർബാനയിൽ നമുക്ക്

ലഭിക്കുന്നത് .

എഴുന്നേറ്റു നിൽക്കുക എന്ന് അർത്ഥം

വരുന്ന ഖാം എന്ന സുറിയാനി ക്രിയാപദത്തിൽ

www.malankaralibrary.com

നിന്നാണ് ഉയിർപ്പ് എന്നർത്ഥം വരുന്ന ഖ്യംതാ എന്ന സുറിയാനിപദം ഉൽഭവിക്കുന്നത്. സ്ഥലകാല യാഥാർത്ഥ്യത്തിന്റെ തിരശ്ചീനമാനത്തിൽ നിന്ന് ദൈവികമായ നിത്യതയുടെ ലംബമാനത്തിലേക്കുള്ള എഴുന്നേറ്റു നിൽപ്പാണ് ഉയിർപ്പ്. വിശുദ്ധ കുർബാനയിൽ ഉടനീളമുള്ള എഴുന്നേറ്റുനിൽപ്പിന്റെ മുഖ്യ പ്രതീകാത്മകത ഉയിർപ്പിന്റെ അനുഭവത്തെ സൂചിപ്പിക്കുക എന്നുള്ളതാണ്. കർത്താവിൻറെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യത്തെ തിരുശരീരരക്തങ്ങളുടെ ശുശ്രൂഷയിലൂടെ അനുസ്മരിച്ചുകൊണ്ട് ഉത്ഥാനത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കാനുള്ള ക്ഷണമാണ് ഓരോ വിശുദ്ധ കുർബാനയിലുമുള്ളത്. പക്ഷേ ഉത്ഥിതനായ കർത്താവിൽ ഉള്ള ഒരു ജീവിതത്തിനു

www.malankaralibrary.com

മാത്രമേ ഈ ഉത്ഥാനാനുഭവം പ്രദാനം ചെയ്യാൻ കഴിയൂ.

ഉത്ഥിതനായ കർത്താവിൽ ജീവിക്കാൻ കഴിയണമെങ്കിൽ അവൻറെ പീഡാസഹനത്തിലും മരണത്തിലും പങ്കുചേരാൻ കഴിയണം. കുർബാനയുടെയും മറ്റു കൂദാശകളുടെയും അനുഷ്ഠാനപരമായ തലങ്ങൾക്കതീതമായി ഈശോയുടെ സഹനവും മരണവും നമ്മുടെ ജീവിതങ്ങളുടെ സാധാരണ തലങ്ങളിൽ സത്യമായി തീരുമ്പോൾ മാത്രമാണ് അവൻറെ ഉത്ഥാനവും നമ്മുടെ ജീവിതസത്യം ആയി മാറുന്നത്. അപ്പോൾ നമുക്ക് പൗലോസ് ശ്ലീഹായെപ്പോലെ അഭിമാനത്തോടെ പറയാൻ കഴിയും " ഞാനല്ല ജീവിക്കുന്നത് മിശിഹായാണ് എന്നിൽ ജീവിക്കുന്നത്".

www.malankaralibrary.com

ലോകം മുഴുവനും അപാരമായ

ദുഃഖത്തിന്റേയും  ഭീതിയുടെയും നടുവിൽ കഴിയുമ്പോൾ ഈശോയുടെ ഉയിർപ്പ് തിരുനാളിന് സവിശേഷമായ പ്രസക്തിയുണ്ട് . സഹനത്തിൻറെയും മരണത്തിൻറെയും കാർമേഘങ്ങൾക്കിടയിൽ പ്രത്യാശയുടെ സൂര്യനായി ഉദിച്ചുയരുന്ന ഈശോ ലോകത്തിന് ശാന്തിയും സമാധാനവും നൽകും. ഉത്ഥിതനായ മിശിഹായിൽ ജീവിക്കാനുള്ള കൃപ കർത്താവ് നമുക്ക് എല്ലാവർക്കും നൽകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ സ്നേഹനിർഭരമായ ആശംസകൾ.

www.malankaralibrary.com